بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ    وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

ലക്കം 34-35

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ആഗസ്റ്റ് 23-30/ഹി:ശം:1397 ളുഹൂർ 23-30/ഹി:ഖ:1439 ദുൽഹജ്ജ് 11-18


## അല്ലാഹുവിന്റെ വചനം

قَوۡلٌ مَّعۡرُوۡفٌ وَّمَغۡفِرَۃٌ خَیۡرٌ مِّنۡ صَدَقَۃٍ یَّتۡبَعُہَاۤ اَذًی ؕ وَاللّٰہُ غَنِیٌّ حَلِیۡمٌ ○

നല്ല വാക്കു പറയുന്നതും തെറ്റുകുറ്റങ്ങൾ മാപ്പുചെയ്തു കൊടുക്കുന്നതും ഉപദ്രവാക്കുകൾ പിന്തുടരുന്ന ദാനധർമത്തെക്കാൾ ഉത്തമമാകുന്നു. അല്ലാഹു സ്വയം പര്യാപ്തനും സഹിഷ്ണുതയുള്ളവനുമാണ്(2:264)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**രണ്ടുതരം നിയമമാണുള്ളത്. ഒന്ന് മലക്കുകളെ സംബന്ധിച്ച്; അവർ അനുസരണത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടവരാണ്. അവരുടെ അനുസരണം കേവലം പ്രകൃതിവെളിച്ചത്തിന്റെ ഒരു ഭാഗമാകുന്നു. അവർക്കൊരിക്കലും പാപം ചെയ്യുവാൻ സാധിക്കുന്നതല്ല; നന്മകളിൽ പുരോഗതി പ്രാപിക്കുവാനും സാധ്യമല്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

എന്നാൽ, അല്ലാഹുവിനോട് പൊറുക്കലിനെ ത്തേടാത്ത കുറ്റവാളികൾ അതായത്, അല്ലാഹുവിൽനിന്ന് ശക്തിതേടാത്തവർ തങ്ങളുടെ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കും. നോക്കുക, ഈ കാലത്ത് പ്ലേഗും ഒരു ദൈവശിക്ഷയെന്നോണം ഭൂമിയിൽ ഇറങ്ങിയിരിക്കുകയാണ്. അല്ലാഹുവിനോട് ധിക്കാരം കാണിക്കുന്നവർ ഈ രോഗത്താൽ നാശമടഞ്ഞുകൊണ്ടിരിക്കുന്നു. പിന്നെങ്ങനെയാണ് ഭൂമിയിൽ ദൈവത്തിന്റെ രാജ്യവാഴ്ച ഇല്ലെന്ന് പറയാൻ കഴിയുക? ഭൂമിയിൽ ദൈവത്തിന്റെ രാജ്യവാഴ്ച യുണ്ടെങ്കിൽ പിന്നെന്തുകൊണ്ട് ജനങ്ങളിൽനിന്ന് പാപകർമങ്ങൾ വെളിപ്പെടുന്നുവെന്ന് നിങ്ങൾ ചിന്തിക്കരുത്. കാരണം കുറ്റകൃത്യങ്ങളും ദൈവത്തിന്റെ വിധിനിയമങ്ങൾക്കധീനമാണ്. അവർ ശരീഅത്തിന്റെ നിയമങ്ങളിൽനിന്ന് പുറത്തുപോകുന്നവരാണെങ്കിലും ദൈവത്തിന്റെ പ്രകൃതി നിയമങ്ങളിൽനിന്ന് പുറത്തുപോകാൻ അവർക്ക് സാധ്യമല്ല. അതുകൊണ്ട് കുറ്റവാളികൾ ദൈവരാജ്യത്തിന്റെ നുകം തങ്ങളുടെ പിരടിയിൽവെക്കുന്നില്ലെന്ന് എങ്ങനെ പറയുവാൻ കഴിയും?

നോക്കുക, ഈ ബ്രിട്ടീഷിന്ത്യാ രാജ്യത്ത് കളവുകളും നടക്കുന്നു. കൊലപാതകങ്ങളും ഉണ്ടാകുന്നു. വ്യഭിചാരം, വിശ്വാസവഞ്ചന, കൈക്കൂലി തുടങ്ങി എല്ലാത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവരേയും കാണാം. എന്നാൽ, ഈ രാജ്യത്ത് ബ്രിട്ടീഷ് സർക്കാരിന്റെ ഭരണമില്ലെന്നു പറയുവാൻ സാധ്യമല്ല. കാരണം ഭരണമുണ്ട്. പക്ഷേ, ഗവൺമെന്റ് മനഃപൂർവ്വം ജനജീവിതം പ്രയാസകരമാക്കത്തക്കരീതിയിൽ കഠിനമായ നിയമങ്ങൾ നടപ്പിൽവരുത്തുന്നത് ഉചിതമാണെന്നു കരുതുന്നില്ല. എന്നാൽ, ഗവൺമെന്റ് എല്ലാ കുറ്റവാളികളേയും കഠിനമായ തടവറയിൽ അടച്ച്കൊണ്ട് അവരെ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിൽനിന്ന് തടുത്തു നിറുത്തുകയാണെങ്കിൽ അവർക്ക് എളുപ്പത്തിൽ അതിൽനിന്ന് വിരമിക്കുവാൻ സാധിക്കുമായിരുന്നു. അല്ലെങ്കിൽ നിയമാവലിയിൽ കഠിനമായ ശിക്ഷകൾ നിർദ്ദേശിച്ചിരുന്നുവെങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾ തടുത്തുനിറുത്തുവാൻ സാധിക്കുമായിരുന്നു. ഈ രാജ്യത്ത് നടക്കുന്ന മദ്യപാനവും അഭിസാരികകളുടെ ആധിക്യവും കളവ്, കൊള്ള, കൊലപാതകം എന്നിവയും ഇവിടെ ഇംഗ്ലീഷുകാരുടെ ഭരണകൂടമില്ലാത്തതുകൊണ്ടല്ല നടക്കുന്നതെന്ന കാര്യം നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. എന്നാൽ, ഗവൺമെന്റിന്റെ നിയമത്തിൽ കാണപ്പെടുന്ന മൃദുലനയമാണ് കുറ്റകൃത്യങ്ങളിൽ വർധനവുണ്ടാക്കുന്നത്. എന്നല്ലാതെ ഇവിടെനിന്ന് ആംഗ്ലേയ ഭരണം തിരോധാനം ചെയ്യപ്പെട്ടു എന്നല്ല ഇതിന്നർഥം. എന്നാൽ, നിയമം കഠിനതരമാക്കി കർശനമായ ശിക്ഷകൾ കൊടുത്തുകൊണ്ട് കുറ്റകൃത്യങ്ങളെ തടയാൻ സർക്കാരിന് അധികാരമുണ്ടുതാനും.

ദൈവിക ഭരണത്തിന്നെതിരിൽ തീരെ അപ്രസക്തമായ, മനുഷ്യ നിർമിതമായ ഒരു ഭരണത്തിന്റെ സ്ഥിതി ഇതാണെങ്കിൽ ദൈവികമായ ഭരണത്തിന് ശക്തിയും അധികാരവും എത്രകണ്ടധികമാണെന്നൂഹിച്ചു നോക്കുക. ഓരോ വ്യഭിചാരിയുടേയുംമേൽ ഇടിത്തീ വീഴുകയും ഓരോ മോഷ്ടാവിന്റേയും കൈ ചീഞ്ഞളിഞ്ഞ് അറ്റുപോകുന്ന രോഗം വരികയും ദൈവനിഷേധിയും ധിക്കാരിയും ദൈവമതത്തെ നിരാകരിക്കുന്നവനും പ്ലേഗ് ബാധിച്ച് മരണപ്പെടുകയും ചെയ്യത്തക്കവണ്ണം ദൈവികനിയമം കാഠിന്യമേറിയതാവുകയാണെങ്കിൽ ഒരാഴ്ചക്കകം സാത്വികരും സദ്വൃത്തരുമായ ജനങ്ങളെക്കൊണ്ട് ലോകം മുഴുവനും നിറയുമായിരുന്നു. അതിനാൽ ഭൂമിയിൽ ദൈവരാജ്യമുണ്ട്. എന്നാൽ, ദൈവിക നിയമങ്ങൾ അവർക്ക് സ്വാതന്ത്ര്യം നല്കിയിരിക്കുന്നു. എത്രത്തോളമെന്നാൽ, കുറ്റവാളികൾ പെട്ടെന്ന് പിടിക്കപെടുന്നില്ല. എന്നാൽ, അവർക്ക് ശിക്ഷകൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ഭൂകമ്പങ്ങൾ വരുന്നു. ഇടിമിന്നലുകൾ വീഴുന്നു. അഗ്നിപർവ്വതങ്ങൾ പൊട്ടിത്തെറിച്ച് ആയിരക്കണക്കിനാളുകൾ നാശമടയുന്നു. കപ്പലുകൾ മുങ്ങിപ്പോകുന്നു. തീവണ്ടിയപകടങ്ങളിൽ നൂറുക്കണക്കിനാളുകൾ മരണപ്പെടുന്നു. കൊടുങ്കാറ്റുണ്ടായി ധാരാളം വീടുകൾ മറിഞ്ഞുവീഴുന്നു. പാമ്പുകൾ കൊത്തുന്നു. കാട്ടുമൃഗങ്ങൾ കടിച്ചുകീറുന്നു. പകർച്ചവ്യാധികൾ പടരുന്നു. അങ്ങനെ കുറ്റവാളികളായ ജനങ്ങളുടെ നാശത്തിനായി ഒന്നല്ല ആയിരക്കണക്കിന് കവാടങ്ങൾ ദൈവത്തിന്റെ പ്രകൃതിനിയമം നിർണയിച്ചിട്ടുണ്ട്. അപ്പോൾ ഭൂമിയിൽ ദൈവരാജ്യമില്ല എന്നെങ്ങനെ പറയാൻ സാധിക്കും? ദൈവരാജ്യമുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്. ഓരോ കുറ്റവാളിയുടേയും കൈകളിൽ കയ്യാമം വീണുകിടക്കുന്നു. അവരുടെ കാലുകളിൽ ചങ്ങലകളുമുണ്ട്. എന്നാൽ, ദൈവിക തത്ത്വമനുസരിച്ച് നിയമം എത്രമാത്രം ഇളവ് ചെയ്യപ്പെട്ടിരിക്കുന്നുവെന്നാൽ ആ കയ്യാമങ്ങളും ചങ്ങലകളും പെട്ടെന്ന് അവയുടെ പ്രഭാവങ്ങൾ പ്രകടിപ്പിക്കുന്നില്ല. മനുഷ്യൻ വിരമിക്കുന്നില്ലെങ്കിൽ അവ സ്ഥായിയായ നരകത്തിൽ അവസാനം അവനെ കൊണ്ടുചെന്നെത്തിക്കുന്നു. ഒരു കുറ്റവാളി അവൻ ജീവിക്കുകയോ മരിക്കുകയോ ചെയ്യാത്ത അവസ്ഥയിൽ ദൈവശിക്ഷയിൽ ആപതിക്കുന്നു.

രണ്ടുതരം നിയമമാണുള്ളത്. ഒന്ന് മലക്കുകളെ സംബന്ധിച്ച്; അവർ അനുസരണത്തിനുവേണ്ടി മാത്രം സൃഷ്ടിക്കപ്പെട്ടവരാണ്. അവരുടെ അനുസരണം കേവലം പ്രകൃതിവെളിച്ചത്തിന്റെ ഒരു ഭാഗമാകുന്നു. അവർക്കൊരിക്കലും പാപം ചെയ്യുവാൻ സാധിക്കുന്നതല്ല; നന്മകളിൽ പുരോഗതി പ്രാപിക്കുവാനും സാധ്യമല്ല.

രണ്ടാമത്തെ നിയമം മനുഷ്യരെ സംബന്ധിക്കുന്നതാണ്: മനുഷ്യന്റെ പ്രകൃതിയിൽ പാപം ചെയ്യുവാനോ അതേപ്രകാരം നന്മകളിൽ പുരോഗതി പ്രാപിക്കുവാനോ ഉള്ള കഴിവ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ഈ രണ്ട് പ്രകൃതിനിയമങ്ങളും പരിവർത്തനവിധേയമല്ല. ഒരു മലക്കിനും മനുഷ്യനാകാൻ സാധിക്കാത്തതുപോലെ ഒരു മനുഷ്യനും മലക്കാകുവാനും സാധിക്കുന്നതല്ല. ഈ രണ്ട് നിയമവും മാറ്റപ്പെടുകയില്ല; ശാശ്വതവും സുസ്ഥിരവുമാണ്. അതുകൊണ്ട് ഉപരിലോകത്തെ നിയമത്തിന് ഭൂമിയിൽ വരാൻ സാധിക്കുകയില്ല. അതേപ്രകാരം ഭൂമിയിലെ നിയമം മലക്കുകളെ സംബന്ധിച്ചും നടക്കുകയില്ല. മനുഷ്യന്റെ തെറ്റുകൾ പശ്ചാത്താപത്തോടുകൂടി അവസാനിക്കുകയാണെങ്കിൽ അത് മനുഷ്യനെ മലക്കിനേക്കാൾ ശ്രേഷ്ഠനാക്കിത്തീർക്കുന്നു. കാരണം മലക്കുകളിൽ (ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

# അഹ്മദിയ്യാ ഫിഖ്ഹ്–7

## നമസ്കാരവും ദുആയും

നമസ്കാരത്തിലൂടെ ഇസ്‌ലാം ദുആയുടെ വഴി തുറന്നിരിക്കുകയാണ്. ദുആ നമസ്കാരത്തിന്റെ സുപ്രധാന ഘടകമാണ്. കാരണം ദുആ മുഖേനയാണ് ദുൻയാവിലെ എല്ലാ യുക്തിജ്ഞാനങ്ങളും പ്രകടമാകുന്നത്. എല്ലാ ഓരോ അറിവാലയത്തിന്റേയും താക്കോൽ ദുആയാണ്. അതുകൂടാതെ ഒരു അറിവിന്റേയും ജ്ഞാനത്തിന്റേയും അണുപോലും വെളിച്ചത്തുവന്നിട്ടില്ല. ദുആ എന്താണ്? നമ്മൾ ചിന്തയുടേയും ആലോചനയുടേയും നേരത്ത് രഹസ്യമായൊരു കാര്യത്തിന്റെ അന്വേഷണത്തിൽ അങ്ങേയറ്റം ആഴമുള്ള നദിയിലിറങ്ങി കൈകാലിട്ടടിക്കുമ്പോൾ ഒന്നും മറഞ്ഞിരിക്കുന്നതായിട്ടില്ലാത്ത ആ ഉന്നതമായ ശക്തിയിൽനിന്ന് ആ സന്ദർഭത്തിൽ കൃപാദാനം തേടുന്നതാണ് ദുആ. ഈ കൃപാദാനതേടലിന്റെ രണ്ടണ്ടാമത്തെ പേരാണ് ദുആ.

നമ്മുടെ ആത്മാവ് ഒരു കാര്യം ചോദിച്ചുകൊണ്ട് വലിയ ഗൗരവത്തോടും വേദനയോടും അലിവോടുംകൂടി ഉദാരതയുടെ ഉത്ഭവസ്ഥാനത്തിനു നേരെ കൈനീട്ടുന്നു. സ്വയം അശക്തനെന്ന് കണ്ട് ചിന്തയിലൂടെ മറ്റൊരു സ്ഥലത്ത് വെളിച്ചം അന്വേഷിക്കുമ്പോൾ അവൻ ദുആ കൊണ്ട് ജോലി എടുപ്പിക്കുകയാണ് ചെയ്യുന്നത്. ദുആ ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണ്? അദൃശ്യജ്ഞാനിയും അതിസൂക്ഷ്മമായ ഉപായങ്ങൾപോലും അറിയുന്നവനുമായ അല്ലാഹു എന്തെങ്കിലും നല്ല ഉപായം മനസ്സിൽ ഇടുക. അല്ലെങ്കിൽ സർവ സ്രഷ്ടാവായതുകൊണ്ട് സ്വയമേവ സൃഷ്ടിക്കുക. അതിനാൽ ദുആ യഥാർഥത്തിൽ ഉപായങ്ങൾ അന്വേഷിക്കുന്നതിന്റെ പേരാണെന്ന് സ്ഥാപിതമായി.

ദുആയും ഉപായവും മാനുഷികമായ സ്വഭാവത്തിന്റെ രണ്ട് സ്വാഭാവികമായ തേട്ടമാണ്. അത് പുരാതനകാലം മുതലെ–മനുഷ്യൻ ഉണ്ടായതുമുതലെ സ്വന്തം രണ്ട് സഹോദരന്മാരെപോലെ മാനുഷികമായ പ്രകൃതിയുടെ സേവകരായി നടന്നുവരുന്നു. മനുഷ്യപ്രകൃതി ഏതെങ്കിലും വിപത്തിന്റെ നേരത്ത് ഉപായങ്ങളിലേക്കും ചികിത്സകളിലേക്കും തിരിയുന്നതുപോലെ തന്നെ സ്വാഭാവികമായ ആവേശത്താൽ ദുആയിലേക്കും ദാനധർമത്തിലേക്കും കുനിയുന്നു. ദുൻയാവിലെ മുഴുവൻ ജനതകളിലേക്കും ദൃഷ്ടിപായിച്ചാൽ, ഇന്നേവരെ ഏതെങ്കിലും ഒരു ജനതയുടെ മനഃസാക്ഷി ഈ ഐകകണ്ഠ്യേനയുള്ള പ്രശ്നത്തിന്നെതിരിൽ പ്രകടമായിട്ടില്ലെന്ന് മനസ്സിലാകുന്നു. അതിനാൽ മനുഷ്യന്റെ ആഭ്യന്തരമായ ശരീഅത്ത് പുരാതനകാലംമുതലേ ജനങ്ങൾക്ക് നല്കിയിട്ടുള്ള മതവിധി ദുആയെ കാര്യഹേതുക്കളിൽനിന്നും ഉപായങ്ങളിൽനിന്നും വേർപെടുത്തരുതെന്നാണ്. ഇതൊരു ആത്മീയമായ തെളിവാണ്. കാരണം ദുആ, ഉപായത്തിനുവേണ്ടിയുള്ള പ്രേരകവും ആകർഷണവും എന്ന നിലയ്ക്കുള്ളതാണ്. ഉപായം ദുആയ്ക്കുവേണ്ടിയുള്ള ഒരു അനിവാര്യമായ ഫലമെന്ന നിലയ്ക്കുള്ളതാണ്. അതിനാൽ ദുആകൊണ്ടുള്ള യഥാർഥ ഉദ്ദേശ്യം ഉപായം പ്രാപിക്കുക എന്നതാണ്. ശാന്തിയും സംതൃപ്തിയും യഥാർഥ സന്തോഷവും കരസ്ഥമാക്കലാണ്. ആരാണോ ആത്മാവിന്റെ സത്യസന്ധതയോടുകൂടി ദുആ ചെയ്യുന്നത് അവൻ നിർഭാഗ്യനായിരിക്കുക എന്നത് സംഭാവ്യമല്ല. വാസ്തവത്തിൽ ഒരു ദുആ ചെയ്യുന്ന വ്യക്തിയുടെ യഥാർഥ സന്തോഷം ഏതു കാര്യത്തിലാണെന്ന് അല്ലാഹുവിന്നറിയാം. ഇക്കാര്യം അല്ലാഹുവിന്റെ കൈയിലാണ്. ഏതുവിധത്തിലും അവന് അത് നല്കാം. നമ്മൾ തന്റെ മാതാവിനോടു പാമ്പിനേയോ തീക്കനലോ ചോദിച്ച് തെറ്റുചെയ്യുന്ന കുട്ടിയെപോലെ നമ്മുടെ ദുആയിലും തേട്ടത്തിലും തെറ്റുചെയ്യുകയാണെങ്കിൽ അല്ലാഹു നമുക്ക് നല്ലതായിട്ടുള്ളതായിരിക്കും പ്രദാനം ചെയ്യുക. നമ്മൾ നമ്മുടെ ഉദ്ദേശ്യം ചോദിക്കുന്നതിൽ തെറ്റില്ലെങ്കിൽ അതേ ഉദ്ദേശ്യംതന്നെ അവൻ പൂർത്തിയാക്കിത്തരുന്നു. ഇക്കാരണത്താൽ രണ്ടുരീതിയിലും നമ്മുടെ ഈമാനിനെ അവൻ അഭിവൃദ്ധിപ്പെടുത്തുന്നു. കാരണം ദുആയും സ്വീകാര്യതയും തമ്മിൽ ഒരു ബന്ധമുണ്ട്. അതായത് ലോകാരംഭം മുതൽ– മനുഷ്യനുണ്ടായ കാലംമുതൽ അത് സമദൂരം നടന്നുവരുന്നു. എന്തെങ്കിലും ചെയ്യാൻ അല്ലാഹു ഉദ്ദേശിക്കുമ്പോൾ അല്ലാഹുവിന്റെ നടപടിക്രമം എന്ന് പറയുന്നത് അവന്റെ ഏതെങ്കിലും ആത്മാർഥദാസൻ ഗതിമുട്ടിയും സങ്കടത്തോടും വിഷമത്തോടുകൂടിയും ദുആയിൽ മുഴുകുന്നുവെന്നതാണ്. തന്റെ മുഴുവൻ ശ്രദ്ധയും അക്കാര്യം ഉണ്ടാകുന്നതിനുവേണ്ടി ചെലുത്തുന്നു. അപ്പോൾ ആ ഈശ്വരഭക്തന്റെ ദുആകൾ ആകാശത്തുനിന്ന് ദൈവകൃപ വലിച്ചുകൊണ്ടുവരുന്നു. അങ്ങനെ ആ കാര്യം നടപ്പിലാകുന്നതിനുള്ള കാര്യഹേതുക്കൾ അല്ലാഹു ഉണ്ടാക്കുന്നു. അത്തരം ദുആ ചെയ്യുന്നവർക്കുവേണ്ടി ആകാശം ഭൂമിയുടെ അടുത്തേക്കുവരുന്നു. ദുആ സ്വീകരിക്കപ്പെട്ട് പ്രയാസം അകലുന്നതിനുവേണ്ടി പുതിയ കാര്യഹേതുക്കൾ സൃഷ്ടിക്കപ്പെടുന്നു. അതിനെ കുറിച്ചുള്ള വിവരം കാലേക്കൂട്ടി അറിയിക്കപ്പെടുന്നു. കുറഞ്ഞപക്ഷം ദുആ സ്വീകരിക്കപ്പെട്ടു എന്ന ദൃഢവിശ്വാസം ഇരുമ്പാണിപോലെ അദൃശ്യത്തിൽനിന്ന് മനസ്സിൽ തറയ്ക്കുന്നു. സത്യമെന്താണെന്നാൽ, ദുആ ഇല്ലെങ്കിൽ ഒരു മനുഷ്യനും ദൈവത്തെ തിരിച്ചറിയുന്നതിനെ സംബന്ധിച്ച് അനുഭവജ്ഞാനംവരെ എത്താൻ കഴിയുകയില്ല. യാഥാർഥ്യമിതാണ്. ഒരു മനുഷ്യനും ദുആയ്ക്കുശേഷം പ്രകടമാകുന്ന ഈശ്വരീയമായ അടയാളങ്ങൾ വെളിപ്പെടാതെ സത്യവാനും പ്രതാപവാനുമായ അല്ലാഹുവിനെ പ്രാപിക്കാൻ സാധിക്കുകയില്ല. ദൃഢവിശ്വാസം ലഭിക്കുന്നതിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന എല്ലാ ഓരോരുത്തരും ഓർക്കുക, ഈ ജീവിതത്തിൽ ആത്മീയവെളിച്ചം തേടുന്നവന് ദുആ ഒന്നുമാത്രമാണ് അല്ലാഹുവിന്റെ അസ്തിത്വത്തിൽ ദൃഢവിശ്വാസം പ്രദാനം ചെയ്യുകയും എല്ലാ സന്ദേഹങ്ങളും സംശയങ്ങളും അകറ്റുകയും ചെയ്യുന്നത്. എല്ലാ ഓരോ ദുആയും– അത് നമ്മുടെ ഭൗതികമായ ബുദ്ധിമുട്ടുകൾ അകറ്റുന്നതിനുവേണ്ടിയാണെങ്കിലും നമ്മുടെ ഈമാനികാവസ്ഥയിലൂടെയും ജ്ഞാനപരമായ പരിരക്ഷണത്തിലൂടെയും കടന്നാണ് വരുന്നത്. അതായത് ഒന്നാമതായി നമുക്ക് സത്യവിശ്വാസത്തിലും ഈശ്വരീയജ്ഞാനത്തിലും അഭിവൃദ്ധി നല്കുന്നു. ഒരു പരിശുദ്ധസമാധാനവും മനഃസംതൃപ്തിയും ശാന്തിയും പ്രദാനം ചെയ്യപ്പെടുന്നു. പിന്നീട് നമ്മുടെ ഭൗതികമായ വെറുക്കപ്പെട്ട പ്രവൃത്തികളുടെമേൽ അതിന്റെ സ്വാധീനം ചെലുത്തുകയും ഉചിതമായ വശത്തൂടെ നമ്മുടെ വിഷമത്തെ ദൂരീകരിക്കുകയും ചെയ്യുന്നു. ആകർഷണശക്തി ഉണ്ടാകുന്ന അവസ്ഥയിലുള്ള ദുആയാണ് യഥാർഥത്തിൽ ദുആ എന്ന്പറയപ്പെടുന്നത്. യഥാർഥമായ നിലയിൽ ദുആ ചെയ്തതിനുശേഷം ആകാശത്തുനിന്ന് ഒരു പ്രകാശം ഇറങ്ങണം. അത് നമ്മുടെ പരിഭ്രമത്തെ അകറ്റണം. നമുക്ക് മനഃസംതൃപ്തി നല്കണം. സമാധാനവും ശാന്തിയും പ്രദാനം ചെയ്യണം. സത്യസന്ധമായ ദുആയ്ക്കുശേഷം യുക്തിജ്ഞനായ അല്ലാഹു രണ്ടുരീതിയിൽ വിജയവും സഹായവും ഇറക്കുന്നു. ഒന്ന് ആ വിപത്തിനെ അകറ്റുന്നുവെന്നതാണ്. അതിന്റെ താഴെ അമർന്ന് നമ്മൾ മരിക്കാൻ തയ്യാറാകുന്നു. രണ്ടാമത്തേത് വിപത്തിനെ സഹിക്കുന്നതിനുവേണ്ടി നമുക്ക് അമാനുഷികമായ ശക്തി നല്കപ്പെടുന്നുവെന്ന് മാത്രമല്ല അതിൽ സഹായവും മനഃസംതൃപ്തിയും പ്രദാനവും ചെയ്യുന്നു. (ബറക്കാത്തുദ്ദുആ)

നമസ്കാരത്തിൽ താൽപര്യമുണ്ടാകാത്തതിനുള്ള ചികിത്സയും ദുആയാണ്. അതിൽനിന്ന് അവസാനം താൽപര്യമുണ്ടാകുന്നതായിരിക്കും. ദുആകൾ രണ്ടുവിധത്തിലുണ്ട്. 'മുഖർറ ' 'മുറഖ്ഖസ്വഃ'.

'മുഖർറ ' അഥവാ നിശ്ചിതമായ ദുആകൾ കൊണ്ടുള്ള ഉദ്ദേശ്യം ഉന്നതപദവിയിലുള്ള സുപ്രധാന ദുആകളാണ്. നമ്മൾ ദുആ ചെയ്യുമ്പോൾ അത് വിട്ടുകളയാനിടയുണ്ട്. അല്ലെങ്കിൽ അത് നമ്മുടെ ഓർമയിൽ വരികയില്ല. അത് അല്ലാഹുവും അവന്റെ റസൂലും ഖുർആനിലും ഹദീഥിലും സ്വയം നിശ്ചയിച്ചിരിക്കുന്നതാണ്. ഉദാഹരണത്തിന് 'അൽഹംദുലില്ലാഹ്' മുതൽ 'ളാല്ലീൻ' വരെയുള്ള ദുആ നമ്മുടെ മനസ്സിൽ വരാനിടയില്ലായിരുന്നു; അല്ലെങ്കിൽ സമിഅല്ലാഹു ലിമൻ ഹമിദ റബ്ബനാ ലക്കൽ ഹംദ് തുടങ്ങിയ വാക്യങ്ങൾ. ഇതൊന്നും നമ്മുടെ ഊഹത്തിലും സങ്കല്പത്തിലും പോലും വരാനിടയില്ലാത്തതായിരുന്നു. അതുകൊണ്ട് അവയെ അല്ലാഹുവും അവന്റെ റസൂലും സ്വയം നിശ്ചയിച്ചു. 'മുറഖ്ഖസ്വഃ' ദുആകൾ നമ്മൾ നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി നമ്മുടെ ഭാഷയിൽ ചെയ്യുന്നതാണ്. ഉദാഹരണത്തിന് നമുക്ക് സാമ്പത്തികനഷ്ടമുണ്ടായാൽ, തൊഴിലിനെ ദോഷം ബാധിച്ചാൽ, കച്ചവടത്തിൽ ഉയർച്ച ഉണ്ടാകുന്നില്ലെങ്കിൽ അല്ലെങ്കിൽ എന്തെങ്കിലും മറ്റാവശ്യം വന്നാൽ അതിനുവേണ്ടി സ്വന്തം ഭാഷയിലും നമ്മുടെ ആവശ്യങ്ങളനുസരിച്ച് ദുആകൾ ചെയ്യാൻ അനുവാദമുണ്ട്.

നമസ്കാരത്തിൽ ദിക്റും ദുആയും ചെയ്യാൻ നിർദ്ദേശിച്ചുകൊണ്ട് അല്ലാഹു അവന്റെ സിഫത്തുകളിൽ ചിന്തിക്കാനുള്ള വഴി തുറന്നുതന്നിരിക്കുന്നു. മുസ്‌ലിം തന്റെ നമസ്കാരത്തിൽ നിത്യവും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നു. റക്കൂഇലും സുജൂദിലും ദുആകൾ ചെയ്യുന്നു. സൂറഃഫാതിഹായിലെ പരിശുദ്ധ വാക്യങ്ങളായ റബ്ബുൽആലമീൻ, അർറഹ്മാനിർറഹീം, മാലിക്കിയൗമിദ്ദീൻ, ഇയ്യാക്കനഅ്ബുദുഇയ്യാക്ക നസ്തഈൻ അവന്റെ മുമ്പിൽ വന്നുകൊണ്ടിരിക്കുകയും അവൻ അവയിൽ ചിന്തിക്കുകയും ചെയ്യുന്നു.

ചുരുക്കത്തിൽ ഇസ്‌ലാം എല്ലാ മുസ്‌ലിംകളോടും അവർ ഈ ദുആകൾ സ്വയം ചെയ്യാനും ചിന്തിച്ചും ആലോചിച്ചും ചൊല്ലാനും കല്പിച്ചിരിക്കുന്നു. ഇപ്രകാരം അവൻ എല്ലാ ഓരോരുത്തർക്കും അല്ലാഹുവിന്റെ സിഫത്തുകളിൽ ചിന്തിക്കാനും ആലോചിക്കാനുമുള്ള വഴി തുറന്നുതന്നിരിക്കുന്നു.

## ദുആ സ്വീകാര്യതയുടെ മഹത്ത്വത്തിന് ഒരു കർമപരമായ സാക്ഷ്യം

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ലക്ഷക്കണക്കിനുള്ള മൃതന്മാർ ഏതാനും ദിനങ്ങൾകൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറ തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുതപ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടന്മാർ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു. മുമ്പേ ഒരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ വിപ്ലവമായിരുന്നു സംഭവിച്ചത്. ഇതെന്തായിരുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇതെല്ലാം ഇരുൾമുറ്റിയ രാത്രികളിൽ, അല്ലാഹുവിൽ പൂർണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർഥനകളുടെ ഫലമായിരുന്നു. അത് ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ ആ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കൈയിൽ തികച്ചും അസാധ്യമായി തോന്നിയ ഈ മഹാത്ഭുതം വെളിപ്പെടുമാറായി. ഓ അല്ലാഹുവേ! മുസ്‌ലിം സമുദായത്തിനുവേണ്ടി അവിടന്ന് പ്രകടിപ്പിച്ച ഉത്കണ്ഠയ്ക്കും അനുഭവിച്ച കഷ്ടപ്പാടുകൾക്കും അനുസരിച്ചവിധം അദ്ദേഹത്തിൽ നീ അനുഗ്രഹങ്ങളും സലാമും ഇറക്കുകയും അദ്ദേഹത്തിന്റെമേൽ നിന്റെ കാരുണ്യത്തിന്റെ ദീപ്തി പ്രകർഷം എന്നുമെന്നും ചൊരിയുകയും ചെയ്യേണമേ!' (ബറക്കാത്തുദ്ദുആ, പേ:10,11). (തുടരും)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

## ഖുത്ബ ജുമുഅ

**ബദ്ർയുദ്ധത്തിൽ പങ്കെടുത്ത സ്വഹാബാക്കളിൽ ഹദ്റത്ത് ഖല്ലാദുബ്നു റാഫിഅ് സുറഖിയേയും ഹദ്റത്ത് ഹാരിഥാ ബിൻ സുറാഖയേയും ഹദ്റത്ത് അബ്ബാദുബ്നു ബിശ്റിനേയും ഹദ്റത്ത് സവാദ് ബിൻ ഗസിയ്യായേയും രിള്വാനുല്ലാഹി അലയ്ഹിം അജ്മഈൻ കുറിച്ചുള്ള ജീവിതവൃത്താന്തങ്ങളും അവരുടെ ഈമാനും ആത്മാർഥതയും സത്യസന്ധതയും കൂറും റസൂലിനോടുള്ള സ്നേഹവും വിലയിനത്തിന്റേയും അനുരക്തിയുടേയും ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടേയും ചർച്ച.**

**അല്ലാഹു ഈ തിളങ്ങുന്ന താരങ്ങളുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. നമുക്കും നബി(സ) തിരുമേനിയോടുള്ള അനുരക്തിയുടെ യാഥാർഥ്യം മനസിലാക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

ഖുത്ബ ജുമുഅ 2018 ജൂലായ് 20/1397 വഫാ 20
മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ الرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ۔
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

നബി(സ)തിരുമേനിയുടെ ഒരു സ്വഹാബിയുടെ പേര് ഹദ്റത്ത് ഖല്ലാദുബ്നു റാഫിഅ് സുറഖി എന്നായിരുന്നു. അദ്ദേഹം അൻസ്വാരി ആയിരുന്നു. ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുക്കാൻ ഭാഗ്യം സിദ്ധിച്ച സ്വഹാബികളിൽപ്പെട്ടയാളായിരുന്നു. അല്ലാഹു അദ്ദേഹത്തിന് ധാരാളം സന്താനങ്ങളേയും പ്രദാനം ചെയ്തു.(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 447, ഖല്ലാദുബ്നു റാഫിഅ്, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഒരു രിവായത്തിൽ വന്നിരിക്കുന്നു: മുആദുബ്നു രിഫാഅ തന്റെ പിതാവിൽനിന്ന് നിവേദനം: ഞാൻ എന്റെ സഹോദരൻ ഖല്ലാദുബ്നു റാഫിഇനോടൊപ്പം നബി(സ)തിരുമേനിയുടെ കൂടെ ക്ഷീണിച്ച ഒട്ടകപ്പുറത്ത് കയറി ബദ്റിലേക്ക് പുറപ്പെട്ടു. അങ്ങനെ 'റൗഹാഅ്' എന്ന സ്ഥലത്തിനു മുമ്പേയുള്ള 'ബരീദ്' എന്ന സ്ഥലത്തെത്തിയപ്പോൾ ഒട്ടകം അവിടെ ഇരുന്നു. അപ്പോൾ ഞാൻ ദുആ ചെയ്തു: "അല്ലാഹുവേ, ഇതിൽ ഞങ്ങളെ മദീനയിൽ തിരിച്ചെത്തിച്ചാൽ ഇതിനെ ബലി നല്കുന്നതണെന്ന് ഞങ്ങൾ നേർച്ച നേരുന്നു." അങ്ങനെയിരിക്കുമ്പോഴാണ് നബി(സ)തിരുമേനി ഞങ്ങളുടെ അടുത്തൂടെ കടന്നു പോകുന്നത്. രണ്ടു പേർക്കും എന്തുപറ്റി എന്ന് നബി(സ)തിരുമേനി അന്വേഷിച്ചു. ഉണ്ടായതെല്ലാം നബി(സ)തിരുമേനിയെ അറിയിച്ചപ്പോൾ അവിടന്ന് ഞങ്ങളുടെ അടുത്തു തങ്ങുകയും വുളു എടുക്കുകയും ചെയ്തു. എന്നിട്ട് ബാക്കി വെള്ളത്തിൽ തന്റെ ഉമിനീര് ചേർത്തു. അവിടത്തെ കല്പനയാൽ ഞങ്ങൾ ഒട്ടകത്തിന്റെ വായ തുറക്കുകയും അവിടന്ന് ഒട്ടകത്തിന്റെ വായിൽ കുറച്ചു വെള്ളമൊഴിക്കുകയും ചെയ്തു. ബാക്കിയുള്ളത് അതിന്റെ തലയിലും കഴുത്തിലും തോളിലും കൂനിലും മുതുകിലും വാലിലും ഒഴിച്ചു. എന്നിട്ട് നബി(സ) തിരുമേനി ദുആ ചെയ്തു: 'അല്ലാഹുവേ, റാഫിഅ്നേയും ഖല്ലാദിനേയും ഇതിൽ കയറ്റിക്കൊണ്ടുപോയാലും!' പറയുന്നു: പിന്നീടു നബി(സ)തിരുമേനി അവിടെന്ന് പോയി. ഞങ്ങളും പോകാൻവേണ്ടി എഴുന്നേറ്റു. യാത്ര തുടർന്നു. ഞങ്ങൾ നബി(സ)തിരുമേനിയെ 'മുൻസ്വഫ്' എന്ന സ്ഥലത്തിന്റെ അതിർത്തിയിൽവച്ച് കണ്ടു. ഞങ്ങളുടെ ഒട്ടകം യാത്രാസംഘത്തിന്റെ ഏറ്റവും മുന്നിലായിരുന്നു. നബി(സ)തിരുമേനി ഞങ്ങളെ കണ്ടപ്പോൾ പുഞ്ചിരിച്ചു. നബി(സ)തിരുമേനിയുടെ ദുആ കൊണ്ട് അതിന്റെ ക്ഷീണം തീർത്തും മാറിയിരുന്നു. അദ്ദേഹം പറയുന്നു: ഞങ്ങൾ യാത്ര തുടർന്നു. ബദ്ർ എന്ന സ്ഥലത്തെത്തി. ബദ്റിൽ നിന്ന് തിരിച്ചു പോകും വഴി 'മുസല്ല' എന്ന സ്ഥലത്തെത്തിയപ്പോൾ ഒട്ടകം വീണ്ടും ഇരുന്നുകളഞ്ഞു. പിന്നീട് എന്റെ സഹോദരൻ അതിനെ അറുക്കുകയും മാംസം വിതരണം ചെയ്യുകയും ചെയ്തു. ഞങ്ങൾ അതിനെ ധർമം കൊടുത്തു."(കിതാബുൽ മഗാസി ലിൽവാഖ്ദീ, ബാബ് ബദ്റുൽ ഖിത്താൽ, വാല്യം 1, പേജ് 25, ആലമുൽകുതുബ് 1984)(അസദുൽഗാബ വാല്യം 2, പേജ് 181, ഖല്ലാദുബ്നു റാഫിഅ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്) അതിന്റെ ജോലി കഴിഞ്ഞാൽ ബലിയറുക്കുന്നതാണെന്ന ഒരു നേർച്ച നേർന്നിരുന്നു. അതനുസരിച്ച് അവർ പ്രവർത്തിച്ചു.

ഹദ്റത്ത് ഹാരിഥുബ്നു സുറാഖ എന്ന സ്വഹാബിയെക്കുറിച്ചുള്ള വിവരം ലഭിക്കുന്നുണ്ട്. ഹിജ്റ 2ന് ബദ്ർ യുദ്ധാവസരത്തിലാണ് അദ്ദേഹം വഫാത്താകുന്നത്. അദ്ദേഹത്തിന്റെ മാതാവ് റുബയ്യിഅ് ബിൻത് നദ്ർ, ഹദ്റത്ത് അനസ് ബിൻ മാലിക്കിന്റെ(റ) പിതൃസഹോദരിയായിരുന്നു.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 1, പേജ് 704, ഹാരിഥുബ്നു സുറാഖ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995).

ഹിജ്റത്തിനു മുമ്പേ മാതാവിനോടൊപ്പമാണ് ഇദ്ദേഹം ഇസ്ലാം സ്വീകരിച്ചത്. അദ്ദേഹത്തിന്റെ പിതാവ് അപ്പോഴേക്കും വഫാത്തായിരുന്നു. (സയ്റുസ്സ്വഹാബ, വാല്യം 3, പേജ് 299, പ്രസാധകർ ദാറുൽഇശാഅത്ത് കറാച്ചി 2004)

നബി(സ)തിരുമേനി അദ്ദേഹത്തേയും ഹദ്റത്ത് സാഇബ് ബിൻ ഉഥ്മാൻ ബിൻ മള്ഊനിനേയും സഹോദരന്മാരാക്കി.(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 307, സാഇബ് ബിൻ ഉഥ്മാൻ, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

സാഹോദര്യത്തിന്റെ ഉടമ്പടി ചെയ്യിച്ചു. സഹോദരന്മാരാണെന്നുള്ള പ്രതിജ്ഞ ചെയ്യിച്ചു. അബൂനഈം വിവരിച്ചു: ഹദ്റത്ത് ഹാരിഥുബ്നു സുറാഖ തന്റെ മാതാവിനോട് നല്ല രീതിയിൽ പെരുമാറുന്ന ആളായിരുന്നു. എത്രത്തോളമെന്നാൽ താൻ സ്വർഗത്തിൽ പ്രവേശിച്ചപ്പോൾ അവിടെ ഹാരിഥിനെ കണ്ടുവെന്ന് നബി(സ)തിരുമേനി ഒരിക്കൽ പറഞ്ഞു. ഹുബ്ബാൻ ബിൻ ഉരിഖയാണ് ബദ്ർ ദിവസം അദ്ദേഹത്തെ ശഹീദാക്കിയത്. ഹൗളിൽനിന്ന് വെള്ളം കുടിച്ചു കൊണ്ടിരിക്കുമ്പോൾ അയാൾ അമ്പെയ്യുകയായിരുന്നു. കഴുത്തിന് അമ്പേറ്റ് അദ്ദേഹം ശഹീദായി. ഹദ്റത്ത് അനസ്(റ)വിവരിക്കുന്നു:നബി(സ)തിരുമേനി നടന്നു പോകുകയായിരുന്നു. ഒരു അൻസ്വാരി യുവാവ് അദ്ദേഹത്തിന്റെ മുമ്പിൽ വന്നു. നബി(സ)തിരുമേനി അദ്ദേഹത്തോടു ചോദിച്ചു: 'ഹാരിഥേ! നീ ഏതവസ്ഥയിലാണ് നേരം വെളുപ്പിച്ചത്? അദ്ദേഹം പറഞ്ഞു: അല്ലാഹുവിലുള്ള യഥാർഥ വിശ്വാസത്താലാണ് ഞാൻ നേരം വെളുപ്പിച്ചത്! നബി(സ)തിരുമേനി പറഞ്ഞു: നോക്കൂ! എന്താണ് പറയുന്നത്! കാരണം ഓരോ സംഗതിക്കും ഒരു യാഥാർഥ്യമുണ്ട്. ആ യുവാവ് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, എന്റെ മനസ്സ് ലൗകികതയിൽ നിന്ന് വിരക്തമായിരിക്കുന്നു. ഞാൻ രാത്രി മുഴുവൻ ഉണർന്നിരിക്കുകയും പകൽ ദാഹിച്ചിരിക്കുകയും ചെയ്യുന്നു." അതായത്, ഇബാദത്ത് ചെയ്യുകയും നോമ്പെടുക്കുകയും ചെയ്യുന്നു. എന്റെ നാഥന്റെ അർശ് ബാഹ്യനേത്രങ്ങൾ കൊണ്ട് ഞാൻ കണ്ടുകൊണ്ടിരിക്കുന്നു. ഞാൻ സ്വർഗവാസികളെ കാണുന്നു. അവർ പരസ്പരം കൂടിക്കണ്ടുകൊണ്ടിരിക്കുകയാണ്. നരകവാസികളേയും കാണുന്നുണ്ട്. അവർ പരസ്പരം ബഹളം വെയ്ക്കുകയാണ്." നബി(സ) തിരുമേനി പറഞ്ഞു: "താങ്കൾ അതിൽതന്നെ നിലകൊള്ളുക. മനസ്സിൽ അല്ലാഹു വിശ്വാസത്തെ പ്രകാശിപ്പിച്ച ദാസനാണ് താങ്കൾ!" പിന്നീട് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, എന്റെ ശഹാദത്തിനുവേണ്ടി ദുആ ചെയ്താലും.' അങ്ങനെ നബി(സ) തിരുമേനി അദ്ദേഹത്തിനു വേണ്ടി ദുആ ചെയ്തു. ബദ്ർ ദിവസം അശ്വഭടന്മാരെ വിളിച്ചപ്പോൾ അദ്ദേഹം ആദ്യം പുറപ്പെട്ടു. ശഹീദാകുന്ന ആദ്യത്തെ സവാരിക്കാരനായിരുന്നു അദ്ദേഹം. ബദ്ർ യുദ്ധത്തിൽ ശഹാദത്ത് വരിക്കുന്ന ആദ്യത്തെ അൻസ്വാരി ഇദ്ദേഹമാണെന്ന് വിവരിക്കപ്പെടുന്നു. ഹദ്റത്ത് ഹാരിഥയുടെ ശഹാദത്തിന്റെ വിവരമറിഞ്ഞ അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് റുബയ്യിഅ് നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: "ഹാരിഥയെ ഞാൻ എത്രമാത്രം സ്നേഹിച്ചിരുന്നെന്ന് അങ്ങയ്ക്കറിയാമല്ലോ. അവൻ ഒരുപാടു സേവനം ചെയ്യാറുണ്ടായിരുന്നു. അവൻ സ്വർഗസ്ഥരിൽ ഉൾപ്പെടുമെങ്കിൽ ഞാൻ സഹനം കൈക്കൊള്ളുന്നതാണ്. ഇനി അങ്ങനെയല്ലെങ്കിൽ, ഞാൻ എന്തു ചെയ്യുമെന്ന് അല്ലാഹുവിനേ നന്നായി അറിയുകയുള്ളൂ." നബി(സ)തിരുമേനി പറഞ്ഞു: " ഉമ്മു ഹാരിഥേ! സ്വർഗം ഒന്നല്ല, ഒരുപാടുണ്ട്. ഹാരിഥാകട്ടെ,

ഉന്നതമായ ഫിർദൗസിലാണ്.” ഇതു കേട്ട ഉമ്മു ഹാരിഥ തിരിച്ചുപോയി. അവർ അദ്ദേഹത്തെ പുകഴ്ത്തിക്കൊണ്ട് ചിരിക്കുന്നുണ്ടായിരുന്നു.'(അസദുൽഗാബ വാള്യം 1, പേജ് 650–651, ഹാരിഥ ബിൻ സുറാഖ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്).

ബദ്ർയുദ്ധാവസരത്തിൽ അല്ലാഹു സത്യനിഷേധികളുടെ നേതാക്കളെ മരണത്തിലേക്ക് തള്ളിയിട്ട് അവിശ്വാസികളെ അപമാനിക്കുകയും മുസ്‌ലീംകൾക്ക് അഭിമാനം പ്രദാനം ചെയ്യുകയും ചെയ്തു. അല്ലാഹു ബദ്ർയദ്ധത്തിൽ പങ്കെടുത്തവരെ കുറിച്ച് പറഞ്ഞു:നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്തുകൊള്ളുക! നിങ്ങൾക്ക് സ്വർഗം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ഇഷ്ടമുള്ളത് ചെയ്തുകൊള്ളുക എന്നതിന്റെ ഉദ്ദേശ്യം ഇനി പാപം ചെയ്താലും ഉറപ്പായും സ്വർഗം ലഭിക്കുമെന്നല്ല. അതിന്റെ ഉദ്ദേശ്യം അവരിൽനിന്ന് അല്ലാഹുവിന്റെ അധ്യാപനത്തിന് വിരുദ്ധമായി ഒരു കാര്യവും ഉണ്ടാകുകയില്ലെന്നാണ്. അല്ലാഹു അവരെ സ്വയം മുന്നോട്ടു നയിച്ചുകൊണ്ടിരിക്കും. ബദ്ർ യുദ്ധ ദിവസം ശഹീദായ ഹദ്റത്ത് ഹാരിഥ് ബിൻ സുറാഖയെ കുറിച്ച് അദ്ദേഹം ജന്നത്തുൽ ഫിർദൗസിലായിരിക്കുമെന്ന് നബി (സ)തിരുമേനി പറഞ്ഞു.(ശർഹ് സർഖാനീ വാള്യം 2, പേജ് 257, ബാബ് ഗസ്വ ബദ്റുൽ കുബ്റ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

ഹദ്റത്ത് അബ്ബാദുബ്നു ബിശ്റാണ് ഒരു സ്വഹാബി. ഹിജ്റ 11 ന് യമാമ യുദ്ധത്തിലാണ് അദ്ദേഹം വഫാത്തായത്. അബൂബിശ്ർ എന്നും അബൂറബീഅ് എന്നുമാണ് അദ്ദേഹത്തിന്റെ സംജ്ഞാനാമം. ബനൂ അബ്ദുൽ അശ്ഹൽ ഗോത്രവുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. ആകെ ഉണ്ടായിരുന്ന മകളും മരിച്ചു പോയി. അദ്ദേഹം മദീനയിൽ ഹദ്റത്ത് മുസ്അബുബ്നു ഉമയ്റിന്റെ കൈകളിൽ ഹദ്റത്ത് സഅ്ദുബ്നു മുആദിനും ഹദ്റത്ത് ഉസയ്ദുബ്നു ഹുളയ്റിനും മുമ്പേ ഇസ്‌ലാം സ്വീകരിച്ചിരുന്നു. മദീനയിൽ സാഹോദര്യബന്ധം സ്ഥാപിച്ചപ്പോൾ നബി(സ) തിരുമേനി അദ്ദേഹത്തെ ഹദ്റത്ത് അബൂഹുദയ്ഫതബ്നു ഉഖ്ബായുടെ സഹോദരനാക്കി. ഹദ്റത്ത് അബ്ബാദുബ്നു ബിശ്ർ ബദ്ർ, ഉഹുദ്, ഖന്തക്ക് തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. കഅ്ബുബ്നു അശ്റഫിനെ വധിക്കാൻ അയച്ച സ്വഹാബാക്കളിൽ ഇദ്ദേഹവുമുണ്ടായിരുന്നു. (അത്ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 336, അബ്ബാദുബ്നു ബിശ്ർ, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

കഅ്ബുബ്നു അശ്റഫിന്റെ വധസംഭവം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)വിവിധ ചരിത്ര ഗ്രന്ഥങ്ങളിൽ നിന്നെടുത്ത് സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതിയിരിക്കുന്നു. ആ സംഭവം ഇങ്ങനെയാണ്: മദീനയിലെ യഹൂദികളുടെ മനസ്സിലുള്ള ശത്രുത ബദ്ർയുദ്ധത്തിലൂടെ വെളിപ്പെട്ടതുപോലെ (ബദ്ർ യുദ്ധത്തിൽ മദീനയിലെ യഹൂദികൾ കരുതിയിരുന്നത് മുസ്‌ലീംകളെ ഉടനെത്തന്നെ സത്യനിഷേധികൾ ഉന്മൂലനം ചെയ്യുമെന്നായിരുന്നു. പക്ഷേ, യുദ്ധത്തിന്റെ വിജയം മുസ്‌ലിം പക്ഷത്തിനുണ്ടായി. മുസ്‌ലീംകൾ വിജയിച്ചു. ഇക്കാരണത്താൽ യഹൂദികളുടെ ശത്രുതയും പ്രകടമായി). ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ് എഴുതുന്നു: വ്യസനമെന്നു പറയട്ടെ! ബനൂഖയ്നഖായുടെ നാടു കടത്തലും നേർമാർഗത്തിലേക്ക് തിരിയാൻ യഹൂദികളെ പ്രേരിപ്പിച്ചില്ല. ദ്രോഹപ്രവൃത്തികളും കലഹങ്ങളും കൂടുതൽ ചെയ്യാൻ അത് അവരെ പ്രേരിപ്പിക്കുകയാണ് ചെയ്തത്. കഅ്ബുബ്നു അശ്റഫിന്റെ വധവും അതേ ശൃംഖലയിലെ ഒരു കണ്ണിയാണ്. കഅ്ബ് മതത്തിന്റെ അടിസ്ഥാനത്തിൽ യഹൂദിയായിരുന്നു. പക്ഷേ, യഥാർഥത്തിൽ യഹൂദിവംശജനായിരുന്നില്ല. മറിച്ച് അറേബ്യനായിരുന്നു. അയാളുടെ പിതാവ് അശ്റഫ് നബ്ഹാനീ ഗോത്രത്തിലെ സമർഥനും എവിടേയും ഓടിച്ചാടി നടക്കുന്ന വ്യക്തിയുമായിരുന്നു. അയാൾ മദീനയിൽ വന്ന് ബനൂനളീറുമായി ബന്ധങ്ങൾ സ്ഥാപിച്ചു. അവരുടെ സഖ്യകക്ഷിയായി. അവസാനം അയാൾ എത്രമാത്രം ആധിപത്യവും അധികാരവും സ്ഥാപിച്ചുവെന്നൽ ബനൂ നളീർ ഗോത്രത്തിന്റെ തലവനായ അബൂ റാഫിഅ് ബിൻ അബുൽ ഹഖീഖ് തന്റെ മകളെ അയാൾക്ക് വിവാഹം ചെയ്തുകൊടുത്തു. ആ പെൺകുട്ടിയുടെ വയറ്റിൽനിന്നാണ് കഅ്ബ് ജനിച്ചത്. അയാൾ വളർന്നു വലുതായി തന്റെ പിതാവിനെക്കാൾ വലിയ സ്ഥാനം കരസ്ഥമാക്കി. അവസാനം അറേബ്യയിലെ എല്ലാ യഹൂദികളും അയാളെ തങ്ങളുടെ സർദാറായി കരുതാൻ തുടങ്ങി. കഅ്ബ് സുമുഖനും ദൃഢഗാത്രനും സമ്പന്നനുമെന്നതിനു പുറമെ ഒരു കവിയുമായിരുന്നു. എപ്പോഴും തന്റെ ജനതയിലെ മതപണ്ഡിതന്മാരേയും മറ്റു സ്വാധീനശക്തിയുള്ള ആളുകളേയും സാമ്പത്തിക സഹായം ചെയ്ത് തന്റെ കൈക്കുതാഴെ വെച്ചിരുന്നു. എന്നാൽ, ധാർമികമായ നിലയിൽ അങ്ങേയറ്റം വൃത്തികെട്ട സ്വഭാവക്കാരനായിരുന്നു. ഗൂഢാലോചനയിലും അയാൾക്ക് തികഞ്ഞ കഴിവുണ്ടായിരുന്നു.(കുഴപ്പമുണ്ടാക്കുന്നതിന് അയാൾ വളരെ സമർഥനായിരുന്നു).നബി(സ)തിരുമേനി ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ കഅ്ബുബ്നു അശ്റഫ് മറ്റു യഹൂദികളുമായി ചേർന്ന്, നബി(സ)തിരുമേനി മറ്റു യഹൂദികളുടെ ഇടയിലുണ്ടാക്കിയ പരസ്പര സൗഹൃദവും സമാധാനവും ശാന്തിയും ഒന്നിച്ചുനിന്നുള്ള പ്രതിരോധവും സംബന്ധിച്ച് എഴുതിരേഖപ്പെടുത്തപ്പെട്ട ഉടമ്പടിയിൽ പങ്കെടുത്തു. ബാഹ്യമായി ഈ ഉടമ്പടി ചെയ്തു. എന്നാൽ, കഅ്ബിന്റെ മനസ്സിൽ വെറുപ്പിന്റേയും ശത്രുതയുടേയും അഗ്നി ജ്വലിച്ചുകൊണ്ടിരുന്നു. അയാൾ ഗൂഢപദ്ധതികളിലൂടേയും രഹസ്യാലോചനയിലൂടേയും ഇസ്‌ലാമിനും ഇസ്‌ലാമിന്റെ സ്ഥാപകർക്കുമെതിരെ എതിർപ്പു തുടങ്ങി. എഴുതിയിരിക്കുന്നു: കഅ്ബ് എല്ലാ വർഷവും യഹൂദി മതപണ്ഡിതന്മാർക്കും ശേയ്ഖന്മാർക്കും ധാരാളം ധർമം കൊടുക്കാറുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ ഹിജ്റത്തിനുശേഷം ഈ ആളുകൾ തങ്ങളുടെ വാർഷിക സ്റ്റൈഫന്റുകൾ വാങ്ങാൻ അയാളുടെ അടുക്കൽ ചെന്നപ്പോൾ അയാൾ സംസാരത്തിന്നിടയിൽ അവരോടു നബി(സ)തിരുമേനിയെ കുറിച്ച് പറയാൻ തുടങ്ങി. നബി(സ)തിരുമേനിയെ കുറിച്ച് അവരോടു മതഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ അഭിപ്രായം ആരാഞ്ഞു. അവർ പറഞ്ഞു: ബാഹ്യമായി നോക്കുമ്പോൾ വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകനാണ് ഇദ്ദേഹമെന്നു തോന്നുന്നു. ആ മറുപടി കേട്ട് കഅ്ബ് ദ്വേഷപ്പെടുകയും അവരെയെല്ലാം മടിയന്മാരെന്ന് പറയുകയും സ്റ്റൈഫന്റു നില്കാതെ പറഞ്ഞുവിടുകയും ചെയ്തു. യഹൂദിമതപണ്ഡിതന്മാരുടെ നിത്യഭക്ഷണത്തിനുള്ള മാർഗം വഴിമുട്ടി. അവർ കുറച്ചു കാലത്തിനുശേഷം കഅ്ബിന്റെ അടുക്കൽപോയി. ലക്ഷണങ്ങൾ മനസ്സിലാക്കുന്നതിൽ തങ്ങൾക്കു പിഴവ് പറ്റിയെന്നും തങ്ങൾ പുനരാലോചനനടത്തിയെന്നും യഥാർഥത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട നബിയല്ല മുഹമ്മദെന്നും അവർ പറഞ്ഞു. ഈ മറുപടിയോടെ വീണ്ടും കഅ്ബിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടു. അയാൾ സന്തോഷിക്കുകയും വീണ്ടും സ്റ്റൈഫന്റ് നല്കുകയും ചെയ്തു. ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ് എഴുതുന്നു: ഇതൊരു മതപരമായ എതിർപായിരുന്നു. അത് അസഹ്യമായ അവസ്ഥയിൽ സ്വീകരിക്കപ്പെട്ടതാണ്. പക്ഷേ, ഇത് ആക്ഷേപാർഹമാകാൻ തരമില്ല. (ജനങ്ങൾ മതപരമായി എതിർക്കാറുണ്ട്. ഇത് അത്തരത്തിലുള്ള കാര്യമല്ല). ഇതിന്റെ അടിസ്ഥാനത്തിൽ കഅ്ബിനെ കുറ്റവാളിയായി മനസ്സിലാക്കാൻ പറ്റുകയില്ല. (അയാളുടെ വധത്തിനുള്ള കാരണം വിവരിക്കുകയാണ്. ഇത് അയാളെ വധിക്കേണ്ട കുറ്റകൃത്യമൊന്നുമല്ല. പക്ഷേ, എന്തായിരുന്നു കാരണം?) ‘അതിനുശേഷം കഅ്ബിന്റെ എതിർപ് ഭയാനകമായ രീതിപ്രാപിച്ചു. അവസാനം ബദ്ർ യുദ്ധം കഴിഞ്ഞ് അയാൾ കലഹങ്ങളുടേയും കുഴപ്പങ്ങളുടേയും മാർഗം സ്വീകരിച്ചു. തൽഫലമായി മുസ്‌ലീംകൾക്ക് അങ്ങേയറ്റം ഭയാനകമായ അവസ്ഥകളുണ്ടായി. വാസ്തവത്തിൽ ബദ്റിനു മുമ്പേ കഅ്ബ് മനസ്സിലാക്കിയിരുന്നത് മുസ്‌ലീംകളുടെ ഈ ഈമാനികാവേശം ഒരു താൽക്കാലിക സംഗതി ആണെന്നായിരുന്നു; പതുക്കെപ്പതുക്കെ ഇവരെല്ലാം സ്വയമേവ ചിതറിപ്പിരിഞ്ഞ് തങ്ങളുടെ മാതൃ മതത്തിലേക്ക് മടങ്ങിപ്പോകുന്നതായിരിക്കും. ‘പക്ഷേ, ബദ്റിന്റെ അവസരത്തിൽ മുസ്‌ലീംകൾക്ക് അപ്രതീക്ഷിതമായ വിജയം ലഭിച്ചു. ഖുറയ്ശീ നേതാക്കൾ ഭൂരിഭാഗവും വധിക്കപ്പെട്ടു. അപ്പോൾ അയാൾക്കു തോന്നി, ഇനി ഈ പുതിയമതം അങ്ങനെയങ്ങ് മാഞ്ഞുപോകുകയില്ലെന്ന്! അങ്ങനെ ബദ്റിനു ശേഷം അയാൾ തന്റെ മുഴുവൻ ശ്രമവും ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാനും നശിപ്പിക്കാനും ചെലവഴിക്കുമെന്ന് തീരുമാനിച്ചു. ബദ്റിന്റെ വിജയവിവരം മദീനയിത്തെിയ അവസരത്തിലാണ് അയാളുടെ വെറുപ്പിന്റേയും അസൂയയുടേയും ആദ്യത്തെ പ്രകടനമുണ്ടായത്. ആ വാർത്ത കേട്ട് കഅ്ബ്, ഇതു തെറ്റായ വാർത്തയാണെന്നു തോന്നുന്നുവെന്ന് പരസ്യമായി പറഞ്ഞു. ഖുറയ്ശികളിലെ ഇത്തരം വലിയ വലി സൈന്യത്തിനുമേൽ മുഹമ്മദു(സ) വിജയം വരിക്കുക എന്നത് അസംഭാവ്യമാണ്. മക്കയിലെ പേരുകേട്ട നേതാക്കന്മാർ നിലംപതിക്കുകയോ? ഇനി ഈ വാർത്ത സത്യമാണെങ്കിൽ ഈ ജീവിതത്തിനെക്കാൾ നല്ലതു മരിക്കുകയാണ്! ഇതു കഅ്ബ് പറഞ്ഞതാണ്. ആ വാർത്ത സ്ഥിരീകരിക്കപ്പെട്ടപ്പോൾ, ബദ്റിലെ വിജയം ഇസ്‌ലാമിന്

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**“ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക.”**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**“ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്.”**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ഊഹിക്കാൻ പറ്റാത്ത വിധത്തിൽ കെട്ടുറപ്പുള്ളതാക്കിയിരിക്കുന്നുവെന്ന് അയാൾക്ക് ഉറപ്പായപ്പോൾ അയാൾ കോപത്താൽ കലിതുള്ളി. ഉടനെ യാത്രയ്ക്കുള്ള തയ്യാറെടുപ്പു നടത്തി മക്കിയിലേക്ക് പുറപ്പെട്ടു. അവിടെപ്പോയി തന്റെ കൊഴുപ്പുള്ള ഭാഷയുടേയും കവിതയുടേയും ശക്തികൊണ്ട് ഖുറയ്ശികളുടെ മനസ്സുകളിൽ എരിഞ്ഞടങ്ങാൻ തുടങ്ങിയ അഗ്നിയെ ജ്വലിപ്പിച്ചു. അവരുടെ മനസ്സിൽ മുസ്‌ലീംകളുടെ രക്തത്തിന്റെ അണയാത്ത ദാഹമുണ്ടാക്കി. അവരുടെ നെഞ്ചകങ്ങളെ പ്രതികാരത്തിന്റേയും ശത്രുതയുടേയും വികാരങ്ങൾകൊണ്ടു നിറച്ചു. കഅ്ബിന്റെ പ്രകോപനപരമായ വാക്കുകൾകൊണ്ട് അവരുടെ ബോധങ്ങളിൽ അതീവശക്തിയുള്ള വൈദ്യുതിപ്രവാഹമുണ്ടായി. അയാൾ അവരെ കഅ്ബാദേവാലയത്തിന്റെ മുറ്റത്തുകൊണ്ടുപോകുകയും കഅ്ബയുടെ കില്ല അവരുടെ കൈയിൽ കൊടുത്തുകൊണ്ട് അവരെക്കൊണ്ട് സത്യം ചെയ്യിച്ചു; ഇസ്‌ലാമിനേയും ഇസ്‌ലാമിന്റെ സ്ഥാപകരേയും ഭൂമിയുടെ മുകളിൽനിന്ന് ഉന്മൂലനം ചെയ്യാത്തിടത്തോളം വിശ്രമിക്കുകയില്ല. (മക്കയിലെ അവിശ്വാസികളിൽനിന്ന് അയാൾ ഈ പ്രതിജ്ഞ വാങ്ങി). മക്കയിൽ ഈ അഗ്നിപർവത സമാനമായ അന്തരീക്ഷം സൃഷ്ടിച്ച് ആ ദുഷ്ടൻ മറ്റു അറബു ഗോത്രങ്ങളിലേക്കുപോയി. ഓരോ ജനതയിലും ചുറ്റിക്കറങ്ങി മുസ്‌ലീംകൾക്കെതിരിൽ ജനങ്ങളെ പ്രകോപിപ്പിച്ചു. പിന്നീട് മദീനയിൽ തിരിച്ചെത്തി മുസ്‌ലിം സ്ത്രീകളെ അധിക്ഷേപിച്ചു. അതായത് തന്റെ ആവേശം കൊള്ളിക്കുന്ന കവിതകളിൽ അങ്ങേയറ്റം വൃത്തികെട്ട രീതിയിൽ മുസ്‌ലിം സ്ത്രീകളെക്കുറിച്ച് പറഞ്ഞു. നുബുവ്വത്ത് കുടുംബത്തിലെ സ്ത്രീകളേയും തന്റെ കവിതയിൽ കുറിമാനമാക്കി. രാജ്യത്ത് ആ കവിതകളെക്കുറിച്ച് ചർച്ച ചെയ്യിച്ചു. അവസാനം അയാൾ നബി(സ)തിരുമേനിയെ വധിക്കാൻ പദ്ധതിയിട്ടു. നബി(സ)തിരുമേനിയെ ക്ഷണത്തിന്റെ പേരിൽ തന്റെ വീട്ടിൽ വിളിച്ചുവരുത്തി കുറച്ചു യഹൂദി യുവാക്കളെക്കൊണ്ട് വകവരുത്താനുള്ള പദ്ധതിയിട്ടു. എന്നാൽ, ദൈവകൃപയാൽ കൃത്യസമയത്ത് അതിനെക്കുറിച്ചറിഞ്ഞു. അയാളുടെ പദ്ധതി വിജയിച്ചില്ല. കാര്യം ഇത്രവരെ എത്തിയപ്പോൾ കഅ്ബിന്നെതിരിൽ കരാർലംഘനം, രാജ്യദ്രോഹം, യുദ്ധാഹ്വാനം, കലഹമുണ്ടാക്കൽ, ചീത്തപറയൽ, വധശ്രമം തുടങ്ങിയ കുറ്റകൃത്യങ്ങൾ തെളിഞ്ഞു. നബി(സ)തിരുമേനിയുടെ അന്താരാഷ്ട്ര ഉടമ്പടിയുടെ അടിസ്ഥാനത്തിൽ–അത് നബി(സ)തിരുമേനി മദീനയിൽ വന്നതിനുശേഷം മദീനക്കാരുമായി ഉണ്ടാക്കിയതായിരുന്നു, അവിടന്ന് മദീനയിലെ ജനാധിപത്യ ഭരണകൂടത്തിന്റെ പ്രസിഡന്റും ചീഫ് ജസ്റ്റീസുമായിരുന്നു– അവിടന്ന് കഅ്ബുബ്നു അശ്റഫ് തന്റെ പ്രവർത്തനങ്ങൾകൊണ്ട് വധാർഹനാണെന്ന് വിധി പുറപ്പെടുവിച്ചു. തന്റെ ചില സ്വഹാബാക്കളോടു അയാളെ വധിക്കാൻ നിർദേശിച്ചു. പക്ഷേ, ആ നേരത്തെ കഅ്ബിന്റെ കലഹം കാരണത്താൽ അയാളെ പരസ്യമായി വധിച്ചാൽ മദീനയിൽ ആഭ്യന്തരകലഹം പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ടായിരുന്നു. അതിൽ എത്രമാത്രം ചോരപ്പുഴ ഒഴുകുമെന്ന് സങ്കൽപിക്കാൻപോലും പറ്റുമായിരുന്നില്ല. നബി(സ)തിരുമേനി ഏതുവിധേനയും ത്യാഗം ചെയ്ത് വ്യാപകമായ നിലയിൽ ചോരപ്പുഴ ഒഴുകുന്നത് തടയാനാഗ്രഹിച്ചു. (യുദ്ധം ആഗ്രഹിച്ചിരുന്നില്ല)

അതുകൊണ്ട് കഅ്ബിനെ പരസ്യമായ നിലയിൽ പൊതുജനസമക്ഷം വധിക്കാതെ, രഹസ്യമായി ചില ആളുകൾച്ചെന്ന് തക്കംനോക്കി വധിക്കണമെന്ന് നബി(സ)തിരുമേനി നിർദേശം നല്കി. ഔസ് ഗോത്രത്തിലെ ആത്മാർഥ സ്വഹാബി മുഹമ്മദുബ്നു മസ്‌ലമയെയാണ് തിരുമേനി ഈ ഡ്യൂട്ടി ഏൽപിച്ചത്. ഏതു മാർഗം അവലംബിച്ചാലും ഔസ് ഗോത്രത്തലവനായ സഅ്ദുബ്നു മുആദിന്റെ നിർദേശപ്രകാരമേ ചെയ്യാവൂ എന്ന് നബി(സ)തിരുമേനി അദ്ദേഹത്തോട് ഊന്നിപ്പറഞ്ഞു. മുഹമ്മദുബ്നു മസ്‌ലമ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, രഹസ്യമായി വിളിച്ച് കൊല്ലുന്നതിന് വല്ല കാരണവുമുണ്ടാക്കി പറയേണ്ടി വരുമല്ലോ. എങ്കിൽ മാത്രമേ കഅ്ബിനെ വീട്ടിൽനിന്ന് സുരക്ഷിതമായ സ്ഥലത്ത് കൊണ്ടുപോയി വധിക്കാൻ സാധിക്കുകയുള്ളൂ." നബി(സ)തിരുമേനി അതിന് അനുവാദം നല്കി. രഹസ്യമായി കൊല്ലാതിരുന്നാൽ ഉണ്ടാകാവുന്ന വലിയ പ്രത്യാഘാതങ്ങളെ മുന്നിൽവച്ചുകൊണ്ടാണ് നബി(സ) തിരുമേനി അനുവാദം നല്കിയത്. അങ്ങനെ സഅ്ദുബ്നു മുആദിന്റെ നിർദേശപ്രകാരം മുഹമ്മദുബ്നു അബൂനായിലയെയും മറ്റു രണ്ടു സ്വഹാബിമാരേയുംകൂട്ടി കഅ്ബിന്റെ വീട്ടിലെത്തി. കഅ്ബിനെ വീട്ടിനുള്ളിൽനിന്ന് വിളിച്ചു വരുത്തി പറഞ്ഞു: "ഞങ്ങളുടെ യജമാനൻ അതായത് നബി(സ)തിരുമേനി ഞങ്ങളോട് സ്വദഖ ചോദിക്കുന്നു, ഞങ്ങളാണെങ്കിൽ ഞെരുക്കത്തിലാണ്. ദയവു ചെയ്ത് നിങ്ങൾക്ക് വല്ലതും കടം തരാൻ സാധിക്കുമോ?" ഇതുകേട്ട കഅ്ബ് സന്തോഷത്താൽ മതിമറന്നു. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവാണ! ഇനി നോക്കിക്കോ, താമസിയാതെതന്നെ നിങ്ങൾ ഈ വ്യക്തിയെ ഉപേക്ഷിക്കുന്നതാണ്.' അപ്പോൾ മുഹമ്മദുബ്നു മസ്‌ലമ പറഞ്ഞു: "ഞങ്ങൾ മുഹമ്മദി(സ)ന്റെ അനുസരണം സ്വീകരിച്ചവരാണ്. ഈ പ്രസ്ഥാനത്തിന്റെ പര്യവസാനം എന്തായിരിക്കുമെന്ന് ഞങ്ങൾ കാണുന്നു. അതെന്തുമാകട്ടെ, നിങ്ങൾക്ക് കടം തരാൻ കഴിയുമോ?" കഅ്ബ് പറഞ്ഞു: 'തരാം, പക്ഷേ വല്ലതും പണയം വെക്കേണ്ടിവരും.' മുഹമ്മദ് ചോദിച്ചു: "എന്താണ് ഉദ്ദേശിച്ചതെന്ന് മനസ്സിലായില്ല." ആ ദുഷ്ടൻ പറഞ്ഞു: "നിങ്ങൾ ഭാര്യമാരെ പണയം വെക്കുക." കോപം അടക്കിപ്പിടിച്ചുകൊണ്ട് മുഹമ്മദുബ്നു മസ്‌ലമ പറഞ്ഞു: നിങ്ങളെ പോലുള്ള ഒരാൾക്ക് ഞങ്ങളെങ്ങനെ ഭാര്യമാരെ പണയം വെക്കും? നിങ്ങളെ വിശ്വസിക്കാൻ കഴിയില്ലല്ലോ?' അയാൾ പറഞ്ഞു: 'എന്നാൽ കുട്ടികളെ വെക്കുക.' മുഹമ്മദ് പറഞ്ഞു: "അതും സാധ്യമല്ല. സ്വന്തം മക്കളെ നിന്റെ പക്കൽ പണയം വെച്ച് അറേബ്യയുടെ മൊത്തം പരിഹാസം തലയിലേറ്റാൻ ഞങ്ങൾക്കാവില്ല. ദയവുണ്ടെങ്കിൽ ഞങ്ങൾ ആയുധങ്ങൾ പണയം വെക്കാം." കഅ്ബ് അത് സമ്മതിച്ചു. രാത്രി വരാമെന്ന് പറഞ്ഞു മുഹമ്മദുബ്നു മസ്‌ലമയും കൂട്ടരും തിരിച്ചു പോയി. രാത്രിയായപ്പോൾ ആ സംഘം ആയുധങ്ങളുമായി(കാരണം ഇനിയവർക്ക് പരസ്യമായിത്തന്നെ ആയുധങ്ങൾ കൊണ്ടു പോകാമായിരുന്നു) കഅ്ബിന്റെ വീട്ടിലെത്തി. അയാളെ വീട്ടിൽനിന്ന് പുറത്തേക്കു വിളിച്ചു സംസാരിച്ചു സംസാരിച്ച് ഒരു ഭാഗത്തേക്ക് കൊണ്ടുപോയി. അല്പം കഴിഞ്ഞപ്പോൾ നടന്നുകൊണ്ടുതന്നെ അയാളെ കീഴ്പ്പെടുത്തുകയും ആയുധധാരികളായ സ്വഹാബിമാർ വാളുകൊണ്ട് അയാളുടെ കഥകഴിക്കുകയും ചെയ്തു. അങ്ങനെ കഅ്ബ് മരിച്ചു വീണു. മുഹമ്മദുബ്നു മസ്‌ലമയും കൂട്ടരും അവിടെ നിന്ന് നീങ്ങി നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി കഅ്ബിന്റെ മരണവാർത്ത അറിയിച്ചു. കഅ്ബിന്റെ മരണവാർത്ത നാടെങ്ങും പ്രചരിച്ചതിനെ തുടർന്ന് പട്ടണത്തിലാകെ ഉദ്വേഗജനമായ അന്തരീക്ഷമുണ്ടായി. യഹൂദികൾ വളരെ പ്രകോപിതരായി. പിറ്റേ ദിവസം രാവിലെ യഹൂദികളുടെ ഒരു സംഘം നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായിക്കൊണ്ട് തങ്ങളുടെ നേതാവ് കഅ്ബുബ്നു അശ്റഫിനെ ഇങ്ങനെ കൊന്നിരിക്കുന്നുവെന്ന് പരാതിപ്പെട്ടു. അവരുടെ വാക്കുകൾ കേട്ടതിനുശേഷം നബി(സ)തിരുമേനി പറഞ്ഞു; "കഅ്ബ് ചെയ്തിരിക്കുന്ന കുറ്റങ്ങളെന്തൊക്കെയാണെന്ന് നിങ്ങൾക്കറിയുമോ?" ശേഷം അവിടന്ന് കഅ്ബിന്റെ ആജ്ഞാലംഘനം, പ്രേരണാകുറ്റം, കുഴപ്പം ഉണ്ടാക്കൽ, അശ്ലീലത, വധശ്രമത്തിനുള്ള ഗൂഢാലോചന തുടങ്ങിയ ചെയ്തികൾ ചുരുങ്ങിയ നിലയിൽ അവരെ ഓർമിപ്പിച്ചു. ഇതുകേട്ട യഹൂദികൾ പരിഭ്രമിച്ച് മൗനം അവലംബിച്ചു. അനന്തരം നബി(സ)തിരുമേനി അവരോട് പറഞ്ഞു: കുറഞ്ഞ പക്ഷം ഇനിയെങ്കിലും സമാധാനത്തോടും സഹകരണത്തോടും കൂടി കഴിയുക. വിദ്വേഷവും കുഴപ്പവും നിങ്ങൾ വിതയ്ക്കരുത്. അങ്ങനെ യഹൂദികളുടെ സമ്മതത്തോടെ പുതിയ കരാർ എഴുതപ്പെട്ടു. മുസ്‌ലിംകളോടൊപ്പം സമാധാനത്തോടെ കഴിയുമെന്നും വിദ്വേഷവും ഫിത്നയും ഉണ്ടാക്കുന്നതല്ലെന്നുമുള്ള കരാർ യഹൂദികൾ പുതുക്കി. യഹൂദികൾ മുസ്‌ലീംകളോടൊപ്പം സമാധാനത്തോടും ശാന്തിയോടുംകൂടി കഴിയുമെന്നും ഫിത്നയും ഫസാദും ഉണ്ടാക്കുന്നതിൽനിന്ന് വിട്ടു നില്ക്കുമെന്നും പുതിയ വാഗ്ദാനം ചെയ്തു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ), പേജ് 466–470)

അവരുടെ വാക്കുകൾ കേട്ടപ്പോൾ മുസ്‌ലിം കളല്ല കൊന്നതെന്ന് നബി(സ) പറഞ്ഞില്ല. മറിച്ച് അയാൾ ചെയ്ത കുറ്റങ്ങൾ എണ്ണിപ്പറയുകയാണ് ചെയ്തത്. ആ കുറ്റങ്ങൾ കാരണമായി പ്രകടമാകുന്ന ഫലം നോക്കുമ്പോൾ അയാൾ കൊല്ലപ്പെടേണ്ടതായിരുന്നു. അവിടന്ന് പറയുന്നത് ശരിയാണെന്ന് യഹൂദികൾക്കും സമ്മതിക്കേണ്ടി വന്നു. അതുകൊണ്ടാണല്ലോ ഇത്തരത്തിലുള്ള സംഭവങ്ങൾ ഇനിയുണ്ടാവില്ലെന്നും സമാധാനത്തോടെ കഴിയുമെന്നും പ്രതികാരത്തിന് തുനിഞ്ഞ് മുസ്‌ലിംകളാൽ ശിക്ഷിക്കപ്പെടുന്ന സാഹചര്യം ഉണ്ടാക്കില്ലെന്നും അവരെക്കൊണ്ട് പുതിയ കരാറുണ്ടാക്കിയത്. ഈ രീതിയിൽ കൊന്നത് ശരിയല്ല എന്നാണ് യഹൂ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളുരുത്തി (കേരള)**

ദികൾ മനസ്സിലാക്കിയിരുന്നതെങ്കിൽ അവർ മൗനം പാലിക്കുമായിരുന്നില്ല. മറിച്ച് ചോര ഒഴുക്കാൻ തിടുക്കം കാട്ടുമായിരുന്നു. അവർ ആ ആവശ്യം ഉന്നയിക്കാതെ മൗനം അവലംബിക്കുകയായിരുന്നു. ഈ സംഗതികളെല്ലാം വ്യക്തമാക്കുന്നത് അക്കാലത്തെ നിയമമനുസരിച്ച് അതു അനുവദനീയമായിരുന്നുവെന്നാണ്. ഇയാൾ പ്രചരിപ്പിച്ചുകൊണ്ടിരുന്ന കുഴപ്പം കൊലയേക്കാൾ ഗൗരവമേറിയതായിരുന്നു. അത്തരം കുറ്റവാളികൾക്ക് ശിക്ഷ ലഭിക്കേണ്ടതു തന്നെയാണ്. ഞാൻ പറഞ്ഞതുപോലെ, അക്കാലത്തെ സമ്പ്രദായമനുസരിച്ച് അയാൾക്ക് ശിക്ഷ ലഭിച്ചു. അക്കാലത്തെ മുറയനുസരിച്ച് ഈ രീതിയിലാണ് ശിക്ഷ നല്കാൻ കഴിഞ്ഞിരുന്നതെന്ന് നമുക്ക് കാണാം. യഹൂദികളുടെ മനോഭാവത്തിൽ നിന്ന് തെളിയുന്നതും ഇതുതന്നെയാണ്. അപ്പോൾ ഇവിടെ ആക്ഷേപത്തിനും വകയില്ല. അങ്ങനെ ശിക്ഷിക്കാൻ കഴിയുമായിരുന്നില്ലെങ്കിൽ അയാൾക്കെതിരിൽ കേസ്സെടുത്ത് പരസ്യമായി എന്തുകൊണ്ട് ശിക്ഷിച്ചുകൂടാ എന്ന ചോദ്യം യഹൂദികൾ ഉന്നയിച്ചേനെ. അതുകൊണ്ട്, ഈ കൊല ശരിയായിരുന്നു എന്നാണ് ഈ സംഗതികൾ വിളിച്ചോതുന്നത്. ഇതു ശിക്ഷയായിരുന്നു. എന്നാൽ, ഇവിടെ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. ഇക്കാലത്തെ ഉഗ്രവാദികൾ തെറ്റായ senseലാണ് ഇക്കാര്യങ്ങൾ എടുക്കുന്നത്; അതുപോലെത്തന്നെ ഭരണകൂടങ്ങളും. ഈ രീതിയിൽ കൊല്ലുന്നത് അനുവദനീയമാണെന്ന് അവർ വിചാരിക്കുന്നു. ഒന്നാമതായി, ഫിത്ന ഈ രീതിയിൽ പ്രചരിപ്പിക്കപ്പെടുന്നില്ല. ഫിത്ന പ്രചരിപ്പിക്കുന്നവരല്ല കൊല്ലപ്പെടുന്നത്. രണ്ടാമതായി, അവിടെ കുറ്റവാളി മാത്രമാണ് ശിക്ഷിക്കപ്പെട്ടത്; അയാളുടെ കുടുംബവും മറ്റുമല്ല. ഇക്കൂട്ടരാണെങ്കിൽ നിരപരാധികളെയാണ് കൊന്നൊടുക്കുന്നത്. സ്ത്രീകളെ കൊന്നൊടുക്കുന്നു; കുട്ടികളെ കൊല്ലുന്നു; പലരെയും വികലാംഗരാക്കുന്നു. ഏതായാലും, ഇക്കാലത്തെ നിയമവും സമ്പ്രദായവുമനുസരിച്ച് ഈ സംഗതികൾ അനുവദനീയമല്ല. അന്ന് ആ ശിക്ഷ ശരിയായിരുന്നു; അയാൾ അതിനർഹനായിരുന്നു; ഭരണകൂടമായിരുന്നു അതു നല്കിയിരുന്നത്. നബി(സ)തിരുമേനി, ഹദ്റത്ത് അബ്ബാദുബ്നു ബിശ്റിനെ ബനൂസുലൈം, മുസയ്ന ഗോത്രങ്ങളുടെ അടുക്കൽ സ്വദ്ഖ പിരിക്കുന്നതിനുവേണ്ടി അയച്ചു. ഹദ്റത്ത് അബ്ബാദുബ്നു ബിശർ 10 ദിവസം അവരുടെ അടുക്കൽ താമസിച്ചു. അതിനുശേഷം അദ്ദേഹം മദീനയിൽ തിരിച്ചുവന്നു. ഇതേപോലെതന്നെ ഇങ്ങനേയും നിവേദനങ്ങളിൽ വരുന്നുണ്ട്, നബി(സ)തിരുമേനി ഹദ്റത്ത് അബ്ബാദുബ്നു ബിശ്റിനെ ഹുനയ്ൻ യുദ്ധത്തിലെ ഗനീമത്ത് മുതലിന്റെ ഉദ്യോഗസ്ഥനായി നിയമിച്ചു.' (അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 336, അബ്ബാദുബ്നു ബിശ്ർ, ദാറു ൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് അബ്ബാദുബ്നു ബിശ്ർ ശ്രേഷ്ഠ സ്വഹാബാക്കളിലാണ് ഗണിക്കപ്പെടുന്നത്. ഹദ്റത്ത് ആയിശ(റ) വിവരിക്കുന്നു: അൻസ്വാറുകളിലെ മൂന്നു വ്യക്തികളെക്കാൾ ശ്രേഷ്ഠരായി മറ്റാരെയും ഗണിക്കപ്പെടാവതല്ല. ഹദ്റത്ത് സഅ്ദുബ്നു മുആദ്, ഹദ്റത്ത് ഉസയ്ദുബ്നു ഹുളയ്ർ, ഹദ്റത്ത് അബ്ബാദുബ്നു ബിശ്ർ എന്നിവരാണ് ആ മൂന്നു പേർ.

ഹദ്റത്ത് അബ്ബാദുബ്നു ബിശ്റിൽ നിന്ന് നിവേദനം: നബി(സ)തിരുമേനി അൻസ്വാറുകളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'അൻസ്വാർ സംഘമേ! നിങ്ങൾ എന്റെ 'ശിആർ' ആകുന്നു. (അതായത്, എല്ലാ വസ്ത്രങ്ങൾക്കും അടിയിലായി ശരീരത്തോട് ചേർന്ന് ധരിക്കുന്ന വസ്ത്രം). മറ്റുള്ളവർ 'ദിഥാർ' ആകുന്നു. (അതായത്, പുറമേ അണിയുന്ന മേൽപുതപ്പ്). നബി(സ)തിരുമേനി പറഞ്ഞു: പ്രയാസമുള്ള ഒരു കാര്യവും നിങ്ങളിൽ നിന്നുണ്ടാവില്ല എന്നതിൽ ഞാൻ സംതൃപ്തനാണ്. ഹദ്റത്ത് അബ്ബാദുബ്നു ബിശ്ർ 45-ാമത്തെ വയസ്സിൽ യമാമ യുദ്ധത്തിലാണ് ശഹീദായത്.

ഹദ്റത്ത് ആയിശ(റ)യിൽനിന്ന് നിവേദനം: നബി(സ)തിരുമേനി എന്റെ വീട്ടിൽ തഹജ്ജുദ് നമസ്കരിക്കുകയായിരുന്നു. അപ്പോൾ മസ്ജിദിൽ നമസ്കരിക്കുകയായിരുന്ന ഹദ്റത്ത് അബ്ബാദുബ്നു ബിശ്റിന്റെ ശബ്ദം നബി(സ) തിരുമേനി കേട്ടു. അവിടന്ന് ചോദിച്ചു: 'ആയിശ! അത് അബ്ബാദിന്റെ ശബ്ദമാണോ?' അതേ എന്ന് ഞാൻ പറഞ്ഞു. തുടർന്ന് അവിടന്ന് ദുആ ചെയ്തു: "അല്ലാഹുവേ അബ്ബാദിനോട് കരുണ കാണിക്കേണമേ."

ഇപ്രകാരംതന്നെ ഹദ്റത്ത് അനസ്(റ)നിവേദനം: 'നബി(സ)തിരുമേനിയുടെ സ്വഹാബിമാരിൽപ്പെട്ട രണ്ടു പേർ ഇരുട്ടുള്ള ഒരു രാത്രിയിൽ നബി(സ)തിരുമേനിയുടെ അടുത്തുനിന്ന് പുറപ്പെട്ടു. അവരിൽ ഒരാൾ അബ്ബാദുബ്നു ബിശ്ർ ആയിരുന്നു. രണ്ടാമത്തെയാൾ ഞാൻ മനസ്സിലാക്കുന്നത് ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ ആയിരുന്നുവെന്നാണ്. അവരുടെ കൈയിൽ രണ്ടു വിളക്കുണ്ടായിരുന്നു. അത് അവർക്ക് വെളിച്ചം നല്കിക്കൊണ്ടിരുന്നു. അവർ രണ്ടുപേരും വേറിട്ടുപോയപ്പോൾ ഓരോരുത്തരുടേയും കൈയിൽ ഓരോ വിളക്കായി.(രാത്രിയിലെ കൂരിരുട്ടിൽ വെളിച്ചം കാണിക്കുന്നതിന്). അവസാനം അവർ തങ്ങളുടെ വീട്ടുകാരുടെയടുക്കലെത്തി.'(സ്വഹീഹുൽ ബുഖാരി, കിതാബുസ്സലാത്ത് ഹദീഥ് 465)

ഹുദയ്ബിയ സന്ധിയിലെ യാത്രയിലും അദ്ദേഹം നബിതിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. ഈ യാത്രയുടെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു:നബി(സ)തിരുമേനി 1400 ൽ കുറച്ച് അധികം വരുന്ന സ്വഹാബിമാരുടെ ഒരു സംഘത്തോടൊപ്പം ഹിജ്റി ആറാം വർഷം ദുൽഖഅ്ദ് മാസത്തിന്റെ തുടക്കത്തിൽ തിങ്കളാഴ്ച ദിവസം രാവിലെ മദീനയിൽനിന്ന് പുറപ്പെട്ടു. ഈ യാത്രയിൽ അവിടത്തെ ഭാര്യ ഹദ്റത്ത് ഉമ്മുസൽമയും നബിയോടൊപ്പമുണ്ടായിരുന്നു. നുമയില ബിൻ അബ്ദുല്ലായെ മദീനയിലെ അമീറും അന്ധനായ അബ്ദുല്ലാഹ് ബിൻ ഉമ്മി മക്തൂമിനെ ഇമാമുസ്സ്വലാത്തുമായി നിശ്ചയിച്ചു. അവിടന്ന് മദീനയിൽ നിന്ന് ഏകദേശം 6 മൈൽ ദൂരത്ത് മക്കയിലേക്കുള്ള വഴിയായ ദുൽഹുലയ്ഫായിലെത്തിയപ്പോൾ അവിടെ തങ്ങാൻ നബി(സ)തിരുമേനി നിർദേശിച്ചു. ളുഹർ നമസ്കരിച്ചതിനു ശേഷം ഖുർബാനീ ചെയ്യാനുള്ള 70 ഒട്ടകങ്ങളിൽ അടയാളമിടാൻ പറഞ്ഞു. സ്വഹാബാക്കളോടു ഹാജിമാരുടെ പ്രത്യേക വസ്ത്രം ധരിക്കാൻ നിർദേശിച്ചു. അതിന് ഇഹ്റാമെന്നാണ് പറയുന്നത്. അതു ധരിക്കാൻ പറഞ്ഞു. അവിടന്ന് സ്വയം ഇഹ്റാം കെട്ടി. പിന്നീട് ഖുറയ്ശികളുടെ അവസ്ഥകൾ മനസ്സിലാക്കുന്നതുനുവേണ്ടി-അവർ എന്തെങ്കിലും ദ്രോഹം ചെയ്യാൻ കോപ്പുകൂട്ടുന്നുണ്ടോ എന്നറിയാൻവേണ്ടി ഖുസാഅ ഗോത്രവുമായി(അവർ മക്കയുടെ അടുത്താണ് താമസിച്ചിരുന്നത്)ബന്ധമുള്ള ബുസ്ർ ബിൻ അബൂസുഫിയാനെ മുമ്പേ അയച്ച് മെല്ലെ മെല്ലെ മക്കയിലേക്ക് യാത്രയായി. കൂടുതൽ സുരക്ഷിതത്വമെന്ന നിലയിൽ മുസ്‌ലിംകളുടെ വലിയ സംഘത്തിന്റെ മുന്നിൽ പോകുന്നതിനുവേണ്ടി നബി(സ)തിരുമേനി ഹദ്റത്ത് അബ്ബാദുബ്നു ബിശ്റിന്റെ നേതൃത്വത്തിൽ 20 പേരടങ്ങുന്ന കുതിരപ്പടയെ നിശ്ചയിച്ചു. കുറച്ചു ദിവസത്തെ യാത്രയ്ക്കുശേഷം മക്കയിൽനിന്ന് ഏകദേശം രണ്ടു ദിവസത്തെ യാത്രാദൂരത്തുള്ള 'ഉസ്ഫാൻ' എന്നസ്ഥലത്തിനടുത്തെത്തിയപ്പോൾ നബി(സ) തിരുമേനിയുടെ ദൂതൻ മടങ്ങിയെത്തി മക്കയിലെ ഖുറയ്ശികൾ വളരെ ദ്വേഷത്തിലാണെന്ന് അറിയിച്ചു; താങ്കളെ തടയാൻ ഉറച്ച തീരുമാനം എടുത്തിരിക്കുകയാണ്. എത്രത്തോളമെന്നാൽ അവരിൽ ചിലർ തങ്ങളുടെ ദ്വേഷവും കാടത്വവും പ്രകടിപ്പിക്കുന്നതിനുവേണ്ടി പുലിത്തൊലികൾ ധരിച്ചിരുന്നു. യുദ്ധം ചെയ്യാനുള്ള ഉറച്ച തീരുമാനമെടുത്ത് ഏതുവിധേനയും മുസ്‌ലീംകളെ തടയാൻ തീരുമാനമെടുത്തിരുന്നു. ഖുറയ്ശികൾ തങ്ങളുടെ സാഹസികരായ കുറച്ചാളുകളുടെ ഒരു സൈന്യം അതുവരെ ഇസ്‌ലാം സ്വീകരിച്ചിട്ടില്ലാത്ത ഖാലിദുബ്നു വലീദിന്റെ നേതൃത്വത്തിൽ മുന്നോട്ടയച്ചിരിക്കുകയാണെന്നും അറിയാൻ കഴിഞ്ഞിരുന്നു. ഈ സൈന്യം ആ നേരത്ത് മുസ്‌ലീംകളുടെ അടുത്തെത്തിക്കഴിഞ്ഞിരുന്നു. ആ സൈന്യത്തിൽ ഇക്‌രിമ ബിൻ അബൂ ജഹ്‌ലുമുണ്ടായിരുന്നു. (ഈ വിവരമാണ് നബി(സ)തിരുമേനിക്ക് അറിയിക്കപ്പെട്ടത്). നബി(സ)തിരുമേനി ഈ വിവരം അറിഞ്ഞുടനെ സംഘട്ടനം ഒഴിവാക്കുക എന്നുദ്ദേശ്യത്തോടെ മക്കയിലെ പ്രസിദ്ധമായ വഴിവിട്ട് വലത്തോട്ടു തിരിഞ്ഞ് മുന്നോട്ടുപോകുക എന്ന് സ്വഹാബാക്കളോടു കല്പിച്ചു. അങ്ങനെ മുസ്‌ലീംകൾ ഒരു ദുർഘടം പിടിച്ച വഴിയിലൂടെ കടന്നും ദുഷ്കരമായ വഴിയിൽ പതിഞ്ഞും സമുദ്രതീരത്തോടെ മുന്നോട്ടു പോകാൻ തുടങ്ങി."(സീറത്തുഖാത്തമുന്നബിയ്യീൻ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ പേജ് 749-750)അവിടെ എത്തി. പിന്നീടു വരുന്നത് ഹുദയ്ബിയ്യാ സന്ധിയുടെ മുഴുവൻ സംഭവങ്ങളുമാണ്. ഒരു സൈന്യത്തെ തയ്യാറാക്കി വിവരങ്ങൾ ശേഖരിക്കാൻ അയക്കപ്പെട്ട ആളുകളിൽ ഒരാൾ അബ്ബാദുബ്നു ബിശ്റുമായിരുന്നു. വളരെ സമർഥനും വിശ്വസ്തനുമായ സ്വഹാബിയായിരുന്നു അദ്ദേഹം. അദ്ദേഹത്തെ നബി(സ) തിരുമേനിക്ക് വലിയ വിശ്വാസമായിരുന്നു.

ഹുദയ്ബിയ വേളയിൽ നടന്ന രിള്‌വാൻബയ്അത്തിലും അദ്ദേഹം പങ്കെടുത്തിരുന്നു. ദാത്തുർരിഖാ യുദ്ധത്തിലെ ഒരു സംഭവമുണ്ട്. നബി(സ)തിരുമേനി ഒരു രാത്രിയിൽ ഒരു സ്ഥലത്ത് താമസിച്ചു. അപ്പോൾ ശക്തമായ പൊടിക്കാറ്റു വീശുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി ഒരു മലയിടുക്കിൽ കിടക്കുകയായിരുന്നു. ഇന്ന് രാത്രി തനിക്ക് ആര് കാവൽ നില്ക്കുമെന്ന് നബി(സ)തിരുമേനി ചോദിച്ചപ്പോൾ ഹദ്റത്ത് അബ്ബാദുബ്നു ബിശ്റും ഹദ്റത്ത് അമ്മാറുബ്നു യാസിറും മുന്നോട്ടു വന്നു തങ്ങൾ കാവൽ നില്ക്കാമെന്ന് പറഞ്ഞു. അങ്ങനെ രണ്ടു പേരും ഊഴം മാറി മലയിടുക്കിന്റെ മുകളിലുള്ള കുന്നിൽ ഇരുന്നു. ഹദ്റത്ത് അബ്ബാദുബ്നു ബിശ്ർ, ഹദ്റത്ത് അമ്മാറുബ്നു യാസിറിനോടു പറഞ്ഞു: ആദ്യ രാത്രി ഞാൻ കാവൽ നില്ക്കുന്നതാണ്. താങ്കൾ പോയി ഉറങ്ങിക്കൊള്ളുക. അവസാന ദിവസം താങ്കൾ കാവൽ നിൽക്കണം. ഞാൻ ഉറങ്ങുന്നതാണ്. അങ്ങനെ അമ്മാറുബ്നു യാസിർ ഉറങ്ങി. ഹദ്റത്ത് അബ്ബാദുബ്നു ബിശ്ർ എഴുന്നേറ്റുനിന്ന് നമസ്കരിക്കാൻ തുടങ്ങി.

ഇവിടെ നജ്ദിന്റെ പ്രദേശത്ത് നബി(സ) തിരുമേനി അവരുടെ അതിക്രമങ്ങൾ കാരണത്താൽ സ്ത്രീകളെ പിടിച്ചിരുന്നു. അവരിൽ ഒരു സ്ത്രീയുടെ ഭർത്താവിനെ ആ നേരത്ത് കാണാനില്ലായിരുന്നു. അയാളുണ്ടായിരുന്നെങ്കിൽ അവർ തന്റെ ഭർത്താവിനോടൊപ്പമുണ്ടാകുമായിരുന്നു. എന്തായാലും അയാൾ തിരിച്ചുവന്നപ്പോൾ തന്റെ ഭാര്യയെ മുസ്‌ലീംകൾ തടവു

കാരിയാക്കിയിരിക്കുകയാണെന്ന് അറിഞ്ഞു. നബി(സ)തിരുമേനിക്ക് നഷ്ടം വരുത്താതെ താനിനി അടങ്ങിയിരിക്കുകയില്ലെന്ന് അയാൾ സത്യം ചെയ്തു; അല്ലെങ്കിൽ സ്വഹാബാക്കളുടെ രക്തമൊഴുക്കാതെ! അങ്ങനെ അയാൾ പിന്തുടർന്ന് നബി(സ)തിരുമേനി തങ്ങുകയായിരുന്ന ആ താഴ്വരയുടെ അടുത്തെത്തി. അയാൾ താഴ്വരയുടെ മലയിടുക്കിൽ ഹദ്റത്ത് അബ്ബാദുബ്നു ബിശ്റിന്റെ നിഴൽ കണ്ടപ്പോൾ ഇത് ശത്രുവിന്റെ കാവൽക്കാരനാണെന്ന് പറഞ്ഞു. അയാൾ അമ്പ് വില്ലിൽ കുലച്ച് തൊടുത്തുവിട്ടു. അത് അബ്ബാദുബ്നു ബിശ്റിന്റെ ശരീരത്തിൽ തുളച്ചു കയറി. ഹദ്റത്ത് അബ്ബാദുബ്നു ബിശ്ർ ആ നേരത്ത് നമസ്കരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം അമ്പ് വലിച്ചൂരു എറിഞ്ഞു. നമസ്കാരം തുടർന്നു. രണ്ടാമതും അയാൾ അമ്പ് തൊടുത്തുവിട്ടു. അതും അദ്ദേഹത്തിന്റെ ശരീരത്തിൽ തറച്ചു. അദ്ദേഹം അതും വലിച്ചൂരി എറിഞ്ഞു. മൂന്നാമത്തെ അമ്പേറ്റ് അബ്ബാദുബ്നു ബിശ്റിന്റെ ശരീരത്തിൽനിന്ന് രക്തം വാർന്നുപൊയ്ക്കൊണ്ടിരുന്നിട്ടും അദ്ദേഹം നമസ്കാരം നിറുത്തിയില്ല. നമസ്കാരം പൂർത്തിയാക്കിയതിനു ശേഷം അദ്ദേഹം അമ്മാറുബ്നു യാസിറിനെ വിളിച്ചുണർത്തി. അപ്പോൾ നേരത്തെ എന്തുകൊണ്ട് തന്നെ വിളിച്ചുണർത്തിയില്ല എന്ന് അമ്മാർ ചോദിച്ചു. ഹദ്റത്ത് അബ്ബാദുബ്നു ബിശ്ർ പറഞ്ഞു: "ഞാൻ സൂറ: കഹ്ഫ് തിലാവത്ത് ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. നമസ്കാരം നിറുത്താൻ എന്റെ മനസ്സനുവദിച്ചില്ല."(അസ്സീറത്തുൽഹൽബിയ്യ വാല്യം 2, പേജ് 368-369, ഗസ്വ ദാത്തുർരിഖാ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002). ഇതായിരുന്നു ആ ആളുകളുടെ ആരാധനയുടെ അവസ്ഥ. .

ഹദ്റത്ത് അബൂസഈദ് ഖുദ്രീ(റ) നിവേദനം: ഞാൻ ഹദ്റത്ത് അബ്ബാദുബ്നു ബി ശ്ർ ഇങ്ങനെ പറയുന്നത് കേട്ടു. അബൂസഈദേ! ഞാൻ രാത്രിയിൽ സ്വപ്നത്തിൽ കണ്ടു, ആകാശം എനിക്കുവേണ്ടി തുറക്കപ്പെട്ടിരിക്കുന്നു. പിന്നീട് അടക്കപ്പെട്ടു. പറയുന്നു: അദ്ദേഹം പറഞ്ഞു, ഇൻശാ അല്ലാഹ് എനിക്ക് ശഹാദത്ത് വരിക്കാനുള്ള ഭാഗ്യം കിട്ടുന്നതാണ്. ഞാൻ പറഞ്ഞു: 'അല്ലാഹുവാണ! നീ നന്മയാണ് കണ്ടത്.' ഹദ്റത്ത് അബൂസഈദ് ഖുദ്രീ(റ) പറയുന്നു:'യമാമ യുദ്ധത്തിൽ ഞാൻ കണ്ടു, ഹദ്റത്ത് അബ്ബാദുബ്നു ബിശ്ർ അൻസ്വാരീകളെ വിളിച്ചു പറയുകയായിരുന്നു: 'നിങ്ങൾ വാളുകളുടെ ഉറകൾ ഒടിച്ചെറിയുക'. അദ്ദേഹം ജനങ്ങളിൽനിന്ന് വേറിട്ടുപോയി. അദ്ദേഹം അൻസ്വാറുകളിൽനിന്ന് 400 ആളുകളെ തിരഞ്ഞെടുത്തു. അവരിൽ മറ്റാരും ഉണ്ടായിരുന്നില്ല. അവരുടെ മുമ്പിൽ ഹദ്റത്ത് അബ്ബാദുബ്നു ബിശ്ർ, ഹദ്റത്ത് അബൂ ദുജാന, ഹദ്റത്ത് ബറാഅ് ബിൻ മാലിക് ഉണ്ടായിരുന്നു. ഇവർ ബാബുൽഹദീഖവരെ എത്തി. പൊരിഞ്ഞ യുദ്ധം നടന്നു. ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ ശഹീദായി. ഞാൻ അദ്ദേഹത്തിന്റെ മുഖത്ത് വാളിന്റെ എത്രമാത്രം അടയാളങ്ങളാണ് കണ്ടതെന്നാൽ, ശരീരത്തിന്റെ ലക്ഷണം കണ്ടാണ് തിരിച്ചറിഞ്ഞത്.'(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 336, അബ്ബാദുബ്നു ബിശ്ർ, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഇനി സവാദുബ്നു ഗസിയ്യ(റ)യെക്കുറിച്ചു പറയാം. അദ്ദേഹം അൻസ്വാരിയായിരുന്നു. ബനു അദിയ്യുബ്നു നജ്ജാർ ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ബദ്റിലും ഉഹുദിലും ഖന്തഖിലും അതിനുശേഷമുണ്ടായ എല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുത്തു. ബദ്ർ യുദ്ധത്തിൽ ഖാലിദുബ്നു ഹിശാം മഖ്സൂമിയെ പിടിച്ച് തടവിലാക്കിയത് ഇദ്ദേഹമായിരുന്നു. ഖയ്ബറിലെ നികുതി പിരിക്കാൻ നബി(സ) തിരുമേനി അദ്ദേഹത്തെ അയച്ചു. അദ്ദേഹം അവിടെനിന്ന് വന്നപ്പോൾ മുന്തിയ തരം ഈന്തപ്പഴം കൊണ്ടു വന്നിരുന്നു. മൂന്നര കിലോ സാധാരണ കാരക്കയ്ക്കു പകരമായി മൂന്ന് കിലോ ഈന്തപ്പഴം നബി(സ)തിരുമേനി വാങ്ങി.(അസദുൽഗാബ വാല്യം 2, പേജ് 590, സവാദുബ്നു ഗസിയ്യ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)നബി(സ)തിരുമേനിക്ക് ഈത്തപ്പഴം ഇഷ്ടപ്പെട്ടപ്പോൾ അവിടന്ന് അതിന്റെ നിലവിലുള്ള വിലയ്ക്കു പകരം ഈത്തപ്പഴം കൊടുത്തു വാങ്ങി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്തു ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ ബദ്ർ യുദ്ധത്തിൽ നടന്ന സംഭവങ്ങൾ വിവരിക്കുന്നുണ്ട്. അവിടെ ഹദ്റത്ത് സവാദിന്റെ സൗഭാഗ്യവും നബി(സ)തിരുമേനിയോടുള്ള സ്നേഹത്തേയും കുറിച്ച് ഒരു വിവരം ലഭിക്കുന്നുണ്ട്. ഹിജ്റ വർഷം 2 റമളാൻ 17 ജുമുഅ ദിവസമായിരുന്നു. ക്രിസ്ത്വാബ്ദം അനുസരിച്ച് 623 മാർച്ച് 14. രാവിലെ എഴുന്നേറ്റു ആദ്യം നസ്കാരം നിർവഹിച്ചു. പിന്നീട് ഏകദൈവ വിശ്വാസികൾ തുറന്ന മൈതാനത്ത് ഏകനായ ദൈവത്തിന്റെ മുമ്പിൽ നമ്രശിരസ്കരായി നിന്നു. അതിനുശേഷം നബി(സ)തിരുമേനി ജിഹാദിനെ കുറിച്ച് ഒരു പ്രസംഗം ചെയ്തു. കുറച്ചു വെളിച്ചം വന്നപ്പോൾ അവിടന്ന് അമ്പുകൊണ്ട് ആംഗ്യം കാണിച്ച് മുസ്ലീംകളുടെ അണികൾ ശരിയാക്കാൻ തുടങ്ങി. സവാദ് എന്നുപേരുള്ള ഒരു സ്വഹാബി കുറച്ചു മുന്നോട്ടു തള്ളി നില്ക്കുകയായിരുന്നു. നബി(സ)തിരുമേനി അമ്പുകൊണ്ടു ആംഗ്യം കാണിച്ച് പിന്നിലേക്ക് മാറി നില്ക്കാൻ പറഞ്ഞു. എന്നാൽ, യാദൃച്ഛികമായി അവിടത്തെ അമ്പിന്റെ വടി സുവാദിന്റെ നെഞ്ചിൽ കൊണ്ടു. ഹദ്റത്ത് സവാദ് തന്റേടത്തോടെ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! അങ്ങയെ അല്ലാഹു സത്യത്തോടും നീതിയോടും കൂടിയാണ് നിയോഗിച്ചയച്ചിട്ടുള്ളത്.(ഇത് അത്ഭുത സംഭവമാണ്. നബി(സ)തിരുമേനി അമ്പുകൊണ്ട് ആംഗ്യം കാണിച്ച് അണി നേരെയാക്കുകയായിരുന്നു. അപ്പോൾ അമ്പിന്റെ വടി അണിയ്ക്കു പുറത്തുനിന്ന അദ്ദേഹത്തിന്റെ ദേഹത്ത് തട്ടി. അദ്ദേഹം വളരെ തന്റേടത്തോടെ പറഞ്ഞു: അങ്ങയെ അല്ലാഹു സത്യത്തോടും നീതിയോടും കൂടിയാണ് നിയോഗിച്ചയച്ചിട്ടുള്ളത്). 'എന്നാൽ, അങ്ങ് അന്യായമായാണ് എന്നെ കുത്തിയത്. അല്ലാഹുവാണ! ഞാൻ ഇതിന് പകരം വീട്ടുന്നതാണ്.' അപ്പോൾ സ്വഹാബാക്കൾ (വളരെ അത്ഭുതത്തോടും പരിഭ്രമത്തോടും) വിരലുകടിച്ചുകൊണ്ട് സവാദിന് എന്താണ് പറ്റിയതെന്ന് പറഞ്ഞുപോയി. എന്നാൽ, നബി(സ) തിരുമേനി അങ്ങേയറ്റം വാത്സല്യത്തോടെ സവാദിനോട് പറഞ്ഞു: "സവാദേ! ഞാൻ നിന്നെ അടിച്ചിട്ടുണ്ടെങ്കിൽ നീയും എന്നെ അടിച്ചുകൊള്ളുക." നബി(സ)തിരുമേനി തന്റെ മാറിൽ നിന്ന് വസ്ത്രം മാറ്റിക്കൊടുത്തു. സവാദ് സ്നേഹാതിരേകത്താൽ മുന്നോട്ടു വന്ന് നബി(സ)തിരുമേനിയുടെ നെഞ്ചിൽ മുത്തമിടാൻ തുടങ്ങി. നബി(സ)തിരുമേനി പുഞ്ചിരിച്ചുകൊണ്ടു ചോദിച്ചു: 'സവാദേ! നീ ഇതെന്താണ് ചെയ്യുന്നത്?' ഇടറുന്ന ശബ്ദത്തിൽ അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ശത്രുക്കൾ ഇതാ മുമ്പിലുണ്ട്, ഇവിടെ നിന്ന് രക്ഷപ്പെടുമോ ഇല്ലയോ എന്നറിയില്ല. ശഹാദത്തിനുമുമ്പേ അങ്ങയുടെ തിരുശരീരം തൊട്ട് സ്നേഹിക്കാൻ ഞാൻ ആഗ്രഹിച്ചുപോയി.' അപ്പോൾ നബി(സ) തിരുമേനി അദ്ദേഹത്തിന്റെ നന്മയ്ക്കായി ദുആ ചെയ്തു." (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 357-358, അസദുൽഗാബ, വാല്യം 2, പേജ് 590, സവാദ് ബിൻ ഗസിയ്യ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്).

നബി(സ)തിരുമേനിയോടുള്ള ഈ സ്വഹാബാക്കളുടെ സ്നേഹത്തിനും പ്രീതിക്കും അത്ഭുതകരമായ ഒരു വർണമുണ്ട്. ഹദ്റത്ത് ഉക്കാശ(റ)യുടെ ഒരു സംഭവം വരുന്നുണ്ട്. അദ്ദേഹം വലിയ പ്രായം പ്രാപിച്ച് എപ്പോഴും നബി(സ) തിരുമേനിയോടു തങ്ങളുടെ സ്നേഹം എങ്ങനെ പ്രകടിപ്പിക്കണം എന്നല്ല നബി(സ)തിരുമേനിയുടെ സാമീപ്യത്തിൽനിന്ന് ബർക്കത്തുകൾ എങ്ങനെ കരസ്ഥമാക്കണം എന്ന ശ്രമത്തിലും തക്കം പാർത്തും ഇരിക്കുകയായിരുന്നു.

അല്ലാഹു ഈ തിളങ്ങുന്ന താരങ്ങളുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. നമുക്കും നബി(സ) തിരുമേനിയോടുള്ള അനുരക്തിയുടെ യാഥാർഥ്യം മനസിലാക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

## നിങ്ങൾക്കുമെഴുതാം

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെ തന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും. അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം, അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com-**

## 124-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 124-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2018 ഡിസംബർ 28,29,30 (വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടു കൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തു കൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ് ***(നാളിർ ഇസ്ലാഹ് -ഒ- ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

# ഖുത്ബ ജുമുഅ

## ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദു അൻസ്വാരിയുടേയും ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വായുടേയും ജീവചരിത്രവും ജീവിതത്തിന്റെ വിവിധ വശങ്ങളെ കുറിച്ചുള്ള ചർച്ചയും

**അല്ലാഹു നമുക്ക് ഈ സ്വഹബാക്കളുടെ ഗുണങ്ങൾ അവലംബിക്കുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ഇവരുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

ഖുത്ബ ജുമുഅ 2018 ജൂലായ് 27/1397 വഫാ 27
മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

സ്വഹാബാക്കളുടെ സ്മരണയിൽ ഇന്ന് ഞാൻ രണ്ടു സ്വഹാബിമാരെക്കുറിച്ച് പറയുന്നതാണ്. ആദ്യത്തെ സ്വഹാബി ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദ് അൻസ്വാരിയാണ്. ബനു ജഹ്ജബ ഗോത്രവുമായിട്ടാണ് ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദിന്റെ ബന്ധം. മദീനയിൽ വന്നതി നുശേഷം നബി(സ) തിരുമേനി ഹദ്റത്ത് ത്വുഫയ്ൻ ബിൻ ഹാരിഥിനെ, ഹദ്റത്ത് മുൻദിർബിൻ മുഹമ്മദിന്റെ സഹോദരനാക്കി.(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 248, മുൻദിർ ബിൻ മുഹമ്മദ്, പ്രസാധകർ ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

ഹദ്റത്ത് സുബയ്ർ, ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ, ഹദ്റത്ത് അബൂസബ്റ ബിൻ അബീ റുഹും എന്നിവർ മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ അവർ ഹദ്റത്ത് മുൻദിർബിൻ മുഹമ്മദിന്റെ വീട്ടിലാണ് താമസിച്ചത്.(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 55, സുബയ്റുബ്നുൽ അവ്വാം, പേജ് 61, ഹാത്വിബ് ബിൻ അബീ ബൽത്വാ, പേജ് 215, അബൂസബ്റ ബിൻ അബീ റുഹും പ്രസാധകർ ദാറു അഹ്യാഉത്തുറാഥുൽ അറബി ബേറൂത്ത് 1996)

ഹദ്റത്ത് മുൻദിർ ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ബിഅ്റു മഊന സംഭവത്തിൽ ശഹീദായി.(അത്ത്വബഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 248, മുൻദിർ ബിൻ മുഹമ്മദ്, പ്രസാധകർ ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

ബിഅ്റു മഊനയെക്കുറിച്ച് ഒന്നുരണ്ടു സ്ഥലങ്ങളിൽ സ്വഹാബാക്കളുടെ സംഭവങ്ങൾ വിവരിക്കുന്നതിന്നിടയിൽ മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. വീണ്ടും ഹ്രസ്വമായ നിലയിൽ ഇതു സംബന്ധിച്ചും പറയുകയാണ്. ഹദ്റത്ത് മുൻദിറിന്റെ ശഹാദത്തിന്റെ വിശദീകരണം സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതിയിട്ടുണ്ട്. അതിൽ പറയുന്നു: ഹിജ്റ 4 സ്വഫർ മാസത്തിൽ മുൻദിർ ബിൻ അംറ് അൻസ്വാരിയുടെ നേതൃത്വത്തിൽ സ്വഹാബത്തിന്റെ ഒരു സംഘത്തെ നബി(സ) തിരുമേനി അയച്ചു. ഈയാളുകൾ പൊതുവെ അൻസ്വാറായിരുന്നു. അവർ 70 പേരുണ്ടായിരുന്നു. എല്ലാവരും ഖാരികളായിരുന്നു. അതായത് പാരായണമുറയനുസരിച്ച് ഖുർആൻ ഓതുന്നവർ. അവർ പകൽ കാടുകളിൽനിന്ന് വിറകുവെട്ടിക്കൊണ്ടുവന്ന് വിറ്റ് തങ്ങളുടെ നിത്യവൃത്തി കഴിച്ചിരുന്നു. രാത്രിയിൽ ഭൂരിഭാഗവും ഇബാദത്തിൽ കഴിഞ്ഞു. ഒരു കിണർ കാരണത്താൽ ബിഅ്ർ മഊന എന്ന പേരിൽ പ്രസിദ്ധമായിരുന്ന ഒരു സ്ഥലത്ത് ഈയാളുകൾ എത്തിയപ്പോൾ അനസ് ബിൻ മാലിക്കിന്റെ മാതുലനായ ഹർറാം ബിൻ മിൽഹാൻ നബി(സ) തിരുമേനിയിൽനിന്നുള്ള ഇസ്ലാമിന്റെ സന്ദേശവുംകൊണ്ട് ആമിർ ഗോത്രത്തിന്റെ നേതാവും അബൂ ബറാഅ് ആമിറിന്റെ സഹോദരപുത്രനുമായ ആമിർ ബിൻ ത്വുഫയ്ലിന്റെ അടുക്കൽ നേരത്തെപോയി. മറ്റു സ്വഹാബാക്കൾ പിന്നിലായിരുന്നു. ഹർറാം ബിൻ മിൽഹാൻ നബി(സ) തിരുമേനിയുടെ ദൂതനെന്ന നിലയിൽ ആമിർ ബിൻ ത്വുഫയ്ലിന്റേയും അയാളുടെ കൂട്ടുകാരുടേയും അടുക്കലെത്തിയപ്പോൾ അവർ തുടക്കത്തിൽ കപടപരമായ നിലയിൽ സ്വാഗതം ചെയ്തു. സമാധാനത്തോടുകൂടി എല്ലാവരും ഇരുന്നപ്പോൾ ഇസ്ലാമിന്റെ സന്ദേശമെത്തിക്കാൻ പോയ ആൾ ഇസ്ലാമിക പ്രബോധനം നടത്താൻ തുടങ്ങിയപ്പോൾ ചില ദ്രോഹികൾ ഏതോ ഒരാളെ ആംഗ്യം കാണിക്കുകയും അയാൾ ആ നിരപരാധിയായ ദൂതനെ പിന്നിൽനിന്ന് കുന്തം കൊണ്ടു കുത്തി അവിടെ വീഴ്ത്തുകയും ഗുരുതരമായി പരിക്കേറ്റ ആ നേരത്ത് ഹർറാം ബിൻ മിൽഹാന്റെ നാവിൽനിന്ന് പുറപ്പെട്ട വാക്കുകൾ ഇതായിരുന്നു. അല്ലാഹുഅക്ബർ ഫുസ്തു ബിറബ്ബിൽ കഅ്ബ. അല്ലാഹു അക്ബർ! കഅ്ബയുടെ നാഥനാണ്! ഞാൻ എന്റെ ലക്ഷ്യത്തിലെത്തിയിരിക്കുന്നു. ആമിർ ബിൻ ത്വുഫയ്ൽ നബി(സ) തിരുമേനിയുടെ ദൂതനെ വധിക്കുന്നതിൽ മാത്രം നിറുത്തിയില്ല. പ്രത്യുത അതിനുശേഷം തന്റെ ഗോത്രമായ ബനുആമിർക്കാരെ, അവർ മുസ്ലിംകളുടെ ബാക്കിയുള്ള ജമാഅത്തിനുമേലും ആക്രമണം നടത്താൻ പ്രകോപിച്ചു. എന്നാൽ, അവർ തങ്ങൾ അബൂബർറായുടെ ഉത്തരവാദിത്വം നിലനില്ക്കെ മുസ്ലിംകളുടെമേൽ ആക്രമണം നടത്തുകയില്ലെന്ന് തീർത്തു പറഞ്ഞു. അപ്പോൾ ആമിർ ബിൻ സുലൈം ഗോത്രത്തിൽനിന്നുള്ള ബനുറിഅ്ൽ, സക്ക്വാൻ, ഉസ്വയ്യ തുടങ്ങിയവരെല്ലാം(അതായത് ബുഖാരിയുടെ ഹദീഥനുസരിച്ച് നബി(സ) തിരുമേനിയുടെ അടുത്ത് വന്ന് തങ്ങൾക്കു തബ്ലീഗിന് സഹായത്തിനായി കുറച്ചാളുകളെ വിട്ടുതരണമെന്ന് പറഞ്ഞ ആളുകൾ)ചേർന്ന് മുസ്ലിംകളുടെ ചെറുസംഘവും നിരാലംബരുമായവരുടെമേൽ ആക്രമണം നടത്തി. മുസ്ലിംകൾ ഈ വന്യമൃഗങ്ങൾ തങ്ങളുടെനേരെ വരുന്നത് കണ്ടപ്പോൾ അവരോടു പറഞ്ഞു: 'ഞങ്ങൾക്ക് നിങ്ങളോടു ഒരു എതിർപ്പുമില്ല. ഞങ്ങൾ യുദ്ധം ചെയ്യാൻ വന്നിട്ടുമില്ല. ഞങ്ങൾ നബി(സ) തിരുമേനി പറഞ്ഞതനുസരിച്ച് ഒരു ജോലി ചെയ്യാൻ വന്നവരാണ്. ഞങ്ങൾക്ക് നിങ്ങളുമായി പോരാടാൻ ഒരു ഉദ്ദേശ്യവുമില്ല.' എന്നാൽ, അതൊന്നും അവർ ഒന്നും ചെവിക്കൊണ്ടില്ല. എല്ലാവരേയും ശഹീദാക്കി. ആ സ്വഹാബിമാരിൽ ഒരാൾ മാത്രം ബാക്കിയായി. അദ്ദേഹം മുടന്തനായിരുന്നു. മലയുടെമേൽ കയറിക്കഴിഞ്ഞിരുന്നു. ആ സ്വഹാബിയുടെ പേര് കഅ്ബ് ബിൻ സയ്ദ് എന്നായിരുന്നു. (അദ്ദേഹത്തെക്കുറിച്ച് പറഞ്ഞുകഴിഞ്ഞതാണ്). ചില മറ്റു നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നത് സത്യനിഷേധികൾ അവരുടെമേൽ ആക്രമണം നടത്തിയെന്നാണ്. അതുകൊണ്ട് അദ്ദേഹത്തിന് പരിക്കേറ്റു. സത്യനിഷേധികൾ അദ്ദേഹം മരിച്ചുവെന്ന് കരുതി ഉപേക്ഷിച്ചുപോയി. എന്നാൽ, അദ്ദേഹത്തിന് ജീവൻ ബാക്കിയുണ്ടായിരുന്നു. പിന്നീട് അദ്ദേഹം രക്ഷപ്പെട്ടു.

സ്വഹാബാക്കളുടെ ഈ സംഘത്തിൽനിന്ന് രണ്ടുപേർ അതായത് അംറ് ബിൻ ഉമയ്യ ളംരിയും മുൻദിർ ബിൻ മുഹമ്മദും ആ നേരത്ത് ഒട്ടകം തുടങ്ങിയവയെ മേയ്ക്കുന്നതിനുവേണ്ടി തങ്ങളുടെ സംഘത്തിൽനിന്ന് മറ്റു സ്ഥലത്തേക്കു പോയിരുന്നു. അവർ ദൂരെനിന്ന് തങ്ങളുടെ താവളത്തിലേക്കു നോക്കിയപ്പോൾ പക്ഷിക്കൂട്ടങ്ങൾ വട്ടമിട്ടു പറക്കുന്നതാണ് കണ്ടത്. അവർ മരുഭൂമിയിലെ ആ സൂചന നല്ലവണ്ണം മനസ്സിലാക്കിയവരായിരുന്നു. അതായത് മരുഭൂമിയിൽ ഇങ്ങനെ കൂട്ടമായി വട്ടമിട്ട് പറക്കുന്നതുകണ്ടാൽ അതിനർഥം അതിനുകീഴെ അവർക്കുള്ള തീറ്റയുണ്ടെന്നാണ്. എന്തോ അടിപിടി ഉണ്ടായിട്ടുണ്ടെന്ന് അവർ അതിൽനിന്നു മനസ്സിലാക്കി. തിരിച്ചുവന്ന് നോക്കിയപ്പോൾ അക്രമികളായ സത്യനിഷേധികൾ ചോരയൊഴുക്കിയിരിക്കുന്നതാണ് അവർ മുമ്പിൽ കണ്ടത്. ദൂരത്തുനിന്ന് ഒരു ദൃശ്യം കണ്ടുടനെ ഇനി എന്തു ചെയ്യണമെന്ന് അവർ പരസ്പരം കൂടിയാലോചിച്ചു. ഒരാൾ പറഞ്ഞത് ഇവിടെനിന്നുടനെ രക്ഷപ്പെടണമെന്നാണ്. മദീനയിലെത്തി നബി(സ) തിരുമേനിയെ ഉടനെ വിവരമറിയിക്കണം. എന്നാൽ, മറ്റേയാൾ അത് സ്വീകരിച്ചില്ല. അദ്ദേഹം നമ്മുടെ അമീർ മുൻദിർ ബിൻ അംറ് ശഹീദായ സ്ഥാനത്തുനിന്ന് താൻ ഓടിപ്പോകുകയില്ലെന്നും അവിടെ പോരാടുമെന്നും പറഞ്ഞ് മുന്നോട്ടുകുതിക്കുകയും അവിടെ ശഹീദാകുകയും ചെയ്തു. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർയാ ബശീർ അഹ്മദ് സാഹിബ് എം.എ (റ) പേജ് 518-519)

അതായത് ഒട്ടകത്തെ മേയ്ക്കാൻപോയ മുൻദിർ ബിൻ മുഹമ്മദ് തിരിച്ചുവന്ന് ശത്രുക്കളുമായി പോരാടുകയും അവിടെ ശഹീദാകുകയും ചെയ്തു. ഇപ്രകാരം അദ്ദേഹത്തിന്റെ ശഹാദത്തുണ്ടായത് ഹിജറ നാലിലാണ്."

രണ്ടാമത്തെ സ്വഹാബിയുടെ പേര് ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വായാണ്. അദ്ദേഹത്തിന്റെ ബന്ധം ലഖം ഗോത്രവുമായിട്ടായിരുന്നു. ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ ബനൂഅസദിന്റെ സഖ്യകക്ഷിയായി

രുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബു അബ്ദുല്ലാഹ് എന്നായിരുന്നു. അബൂമുഹമ്മദീ എന്നായിരുന്നു അദ്ദേഹത്തിന്റെ സംജ്ഞാനാമം എന്നും പറയപ്പെടുന്നു. ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ യമൻകാരനായിരുന്നു. ആസിം ബിൻ ഉമർ നിവേദനം. ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വായും അവിടത്തെ അടിമ സഅ്ദും മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ ഇരുവരും ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദു ബിൻ ഉഖ്ബയുടെ അടുത്തു താമസിച്ചു. നബി(സ) തിരുമേനി ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വായേയും ഹദ്റത്ത് റുഹയ്ല ബിൻ ഖാലിദിനേയും സഹോദരന്മാരാക്കി. ഒരു നിവേദനത്തിൽ ഇങ്ങനേയും വരുന്നുണ്ട്. നബി(സ) തിരുമേനി ഹദ്റത്ത് ഉവയിം ബിൻ സാഇദയേയും ഹദ്റത്ത് ഹാത്വിബ് ബിൻ അബീബൽത്വായേയും സഹോദരന്മാരാക്കി. ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ ബദ്ർ, ഉഹുദ്, ഖൻദഖ് ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ കൈയിൽ അലക്സാൻട്രിയായുടെ രാജാവായ മുഖൗഖസിന് ഒരു തബ്ലീഗി കത്ത് കൊടുത്തയച്ചു. ഹദ്റത്ത് ഹാത്വിബ് നബി(സ) തിരുമേനിയുടെ വില്ലാളിവീരന്മാരിൽപ്പെട്ടയാളായിരുന്നു. ഹദ്റത്ത് ഹാത്വിബ് ബിൻ അബീബൽത്വാ ജാഹിലിയ്യാ കാലഘട്ടത്തിൽ ഖുറയ്ശിയിലെ കുതിര സവാരിക്കാരിലും കവികളിലും പെട്ടയാളായിരുന്നു എന്നും വിവരിക്കപ്പെടുന്നു. ചിലർ പറയുന്നത് ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ, ഉബയ്ദുല്ലാഹ് ബിൻ ഹമീദിന്റെ അടിമയായിരുന്നുവെന്നാണ്. അവിടന്ന് തന്റെ യജമാനനുമായി ഉടമ്പടി വ്യവസ്ഥയിൽ മോചിതനാകുകയും വ്യവസ്ഥ പ്രകാരമുള്ള തുക അദ്ദേഹം മക്ക വിജയ ദിവസം കൊടുക്കുകയും ചെയ്തു.(അസദുൽഗാബ വാള്യം 1, പേജ് 401, ഹാത്വിബ് ബിൻ അബീബൽത്വാ, പ്രസാധകർ ദാറുൽഫിക്ർ ബേറൂത്ത് 2003)(അത്ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 61, പ്രസാധകർ ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

നബി(സ)തിരുമേനി ഹദ്റത്ത് ഉമ്മുസൽമ(റ) യുടെ ഭർത്താവിന്റെ മരണശേഷം അവർക്ക് വിവാഹ സന്ദേശമയച്ചത് ഹാത്വിബ് ബിൻ അബീ ബൽത്വായുടെ കൈയിലായിരുന്നുവെന്ന് അവർ പറയുന്നു.(സ്വഹീഹ് മുസ്ലിം, കിതാബുൽ ജനാഇസ്, വാള്യം 4, പേജ് 80, ഹദീഥ് 1516)

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഹദ്റത്ത് അനസ് ബിൻ മാലിക്, ഹാത്വിബ് ബിൻ അബീ ബൽത്വായിൽനിന്ന് കേട്ടു. അദ്ദേഹം പറയാറുണ്ടായിരുന്നു. നബി(സ) തിരുമേനി ഉഹുദു ദിവസം എന്റെ നേരെ തിരിഞ്ഞു. അവിടന്ന് ബുദ്ധിമുട്ടിലായിരുന്നു; അതായത് യുദ്ധത്തിനുശേഷം അവസ്ഥകൾ കുറച്ചു നേരെയായപ്പോൾ നബി(സ)തിരുമേനിയുടെ അടുത്തുപോയി. നബി(സ)തിരുമേനി ബുദ്ധിമുട്ടിലായിരുന്നു. ഹദ്റത്ത് അലി(റ)യുടെ കൈയിൽ വെള്ളപ്പാത്രമുണ്ടായിരുന്നു. നബി(സ) തിരുമേനി അതിൽനിന്ന് തന്റെ മുഖം കഴുകുകയായിരുന്നു. താങ്കളോടു ഈ അക്രമം ചെയ്തതാരാണെന്ന് ഹാത്വിബ്(റ), നബി(സ) തിരുമേനിയോടു ചോദിച്ചു. നബി(സ) തിരുമേനി പറഞ്ഞു: ഉത്ബ ബിൻ അബീ വഖാസ് എന്റെ മുഖത്ത് കല്ലെറിഞ്ഞു. ഹദ്റത്ത് ഹാത്വിബ് പറയുന്നു. ഞാൻ പറഞ്ഞു: മുഹമ്മദ്(സ) വധിക്കപ്പെട്ടുവെന്ന ശബ്ദം ഞാൻ മലമുകളിൽ കേട്ടിരുന്നു; ആ ശബ്ദം കേട്ടാണ് ഞാൻ ഇവിടെ വന്നത്; എന്റെ ആത്മാവ് പുറത്തുപോകുന്നതുപോലെ, എന്റെ ജീവൻ പുറത്തുപോകുന്നതുപോലെ, ശരീരത്തിൽ ജീവനില്ല എന്നു എനിക്ക് തോന്നിയിരുന്നു. ഉത്ബ എവിടെയാണെന്ന് ഹദ്റത്ത് ഹാത്വിബ് ചോദിച്ചു. നബി(സ) തിരുമേനി ഒരു ഭാഗത്തേക്ക് ചൂണ്ടിക്കാണിച്ചു. ഹദ്റത്ത് ഹാത്വിബ് ആ ഭാഗത്തേക്ക് പോയി. അയാൾ ഒളിച്ചിരിക്കുകയായിരുന്നു. ഹാത്വിബ് അയാളെ കീഴടക്കുന്നതിൽ വിജയിച്ചു. ഹദ്റത്ത് ഹാത്വിബ് വാളുകൊണ്ട് അയാളുടെ തലവെട്ടിയിട്ടു. പിന്നീട് അദ്ദേഹം അയാളുടെ തലയും സാധനങ്ങളും അയാളുടെ കുതിരയേയും പിടിച്ച് നബി(സ) തിരുമേനിയുടെ അടുത്തെത്തി. നബി(സ) തിരുമേനി ആ എല്ലാ സാധനങ്ങളും ഹദ്റത്ത് ഹാത്വിബിന് നല്കി. ഹദ്റത്ത് ഹാത്വിബിനുവേണ്ടി ദുആ ചെയ്തു. അവിടന്ന് പറഞ്ഞു: 'അല്ലാഹു താങ്കളെ തൃപ്തിപെടട്ടെ.' (രണ്ടുപ്രാവശ്യം പറഞ്ഞു). (കിതാബ് അസ്സുനനുൽ കുബ്റാ ലിൽബയ്ഹഖി, ഹദീഥ് 13041, ഭാഗം 6, പേജ് 504)

ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വായുടെ വഫാത്ത് ഹിജ്റ 30 ൽ 65–ാം വയസ്സിൽ മദീനയിലായിരുന്നു. ഹദ്റത്ത് ഉഥ്മാൻ(റ) ആണ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത്.(അത്ത്വബഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 61, പ്രസാധകർ ദാറു അഹ്യാഉത്തുറാഥുൽ അറബി ബേറൂത്ത് 1996)

നബി(സ) തിരുമേനി മുഖൗഖസിന് കത്ത് എഴുതിയതു സംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വിശദമായി എഴുതിയിട്ടുണ്ട്. രാജാക്കന്മാർക്കെഴുതിയ മൂന്നാമത്തെ കത്തായിരുന്നു അത്.(സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ) പേജ് 818)

നാലാമത്തെ കത്തായിരുന്നുവെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി പറയുന്നു. (ദീബാച്ച തഫ്സീറുൽ കബീർ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 321)

എന്തായാലും ഇസ്ലാമിന്റെ സന്ദേശമെത്തിക്കുന്നതിന് നേതാക്കന്മാർക്കും രാജാക്കന്മാർക്കും കത്തെഴുതിയിരുന്നു. അവയിലൊന്ന് മിസ്റിലെ മുഖൗഖസിനുമായിരുന്നു. അദ്ദേഹം ഖയ്സർ രാജാവിന്റെ കീഴിൽ ഈജിപ്റ്റിന്റേയും അലക്സാൻട്രിയായുടെയും ഗവർണറായിരുന്നു. അതായത് പൈതൃകഭരണാധികാരിയായിരുന്നു. ഖയ്സ്വറിനെപോലെ ക്രൈസ്തവ മത അനുയായിയുമായിരുന്നു. അദ്ദേഹത്തിന്റെ യഥാർഥ പേര് ജുറയ്ജ് ബിൻ മീനാ എന്നായിരുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ പ്രജകളും ഖിബ്ത്വി വംശജരുമായി ബന്ധപ്പെട്ടവരായിരുന്നു.

ഈ കത്ത് നബി(സ) തിരുമേനി തന്റെ സ്വഹാബി ഹാത്വിബ് ബിൻ അബീ ബൽത്വായുടെ കൈയിലാണ് കൊടുത്തയച്ചത്. കത്തിലെ വാക്കുകൾ ഇപ്രകാരമായിരുന്നു.

ബിസ്മില്ലാഹിർറഹ്മാനിർ റഹീം– മിൻ മുഹമ്മദിൻ അബ്ദില്ലാഹി വ റസൂലിഹി ഇലൽ മുഖൗഖസി അളീമിൽ ഖിബ്ത്വി– സലാമുൻ അലാ മനിത്തബഅൽ ഹുദാ– അമ്മാബഅ്ദു ഫ ഇന്നീ അദ്ഊക്ക ബിദിആയത്തിൽ ഇസ്ലാം അസ്ലിം തുസ്ലം യുഅതീക്കല്ലാഹു അജ്റക്ക മർറത്തയ്നി– ഫഇൻതവല്ലയ്ത്ത ഫ അലയ്ക്ക ഇഥ്മുൽഖിബ്ത്വി– യാ അഹ്ലൽ കിതാബി തആലൗ ഇലാ കലിമത്തിൻ സവാഇൻ ബയ്നനാ വ ബയ്നക്കും അൻല്ലാനഅ്ബുദ ഇല്ലല്ലാഹ വലാ നുശ്രിക്ക ബിഹി ശയ്അൻ വലാ യത്തഖിദ ബഅ്ളുനാ ബഅ്ളൻ അർബാബൻ മ്മിൻദൂനില്ലാഹി ഫഇൻ തവല്ലൗ ഫഖൂലുശ്ഹദു ബിഅന്നാ മുസ്ലിമൂൻ.

'ഞാൻ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നു. അവൻ ചോദിക്കാതെ നല്കുന്നവനും കർമങ്ങൾക്ക് ഉത്തമമായ പ്രതിഫലം നല്കുന്നവനുമാണ്. ഈ കത്ത് അല്ലാഹുവിന്റെ ദാസനും അവന്റെ ദൂതനിൽനിന്നുമാണ്. ഖിബ്ത്വികളുടെ നേതാവായ മുഖൗഖസിന്! സന്മാർഗം സ്വീകരിക്കുന്നവരുടെമേൽ സമാധാനമുണ്ടാകട്ടെ.അതിനുശേഷം മിസ്റിന്റെ ഭരണാധികാരി!

ഞാൻ താങ്കളെ ഇസ്ലാമിന്റെ സന്മാർഗത്തിലേക്ക് വിളിക്കുന്നു. മുസ്ലിമായി അല്ലാഹുവിന്റെ സമാധാനം കരസ്ഥമാക്കുക; ഇനി ഇതുമാത്രമേ മോക്ഷത്തിന്റെ വഴിയായുള്ളൂ. അല്ലാഹു താങ്കൾക്ക് ഇരട്ടി പ്രതിഫലം നല്കുന്നതാണ്. എന്നാൽ, താങ്കൾ പിന്മാറിക്കളഞ്ഞാൽ താങ്കളുടെ പാപത്തിനു പുറമെ ഖിബ്ത്വികളുടെ പാപഭാരവും താങ്കളുടെ കഴുത്തിലായിരിക്കും. ഗ്രന്ഥാനുസാരികളേ! ഞങ്ങൾക്കും നിങ്ങൾക്കും ഇടയിൽ തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക്–അല്ലാഹു അല്ലാതെ നാം ആരേയും ആരാധിക്കുകയില്ലെന്നും അവനോടു ഒന്നിനേയും പങ്കുചേർക്കുകയില്ലെന്നും നമ്മളിൽ ചിലർ മറ്റു ചിലരെ അല്ലാഹുവിനു പുറമെ രക്ഷാധികാരികളാക്കുകയില്ലെന്നും (ഉള്ള തത്ത്വത്തിലേക്ക്– വരുക. എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്നുവെങ്കിൽ പറയുക. ഞങ്ങൾ (അല്ലാഹുവിനോടു) അനുസരണം പുലർത്തുന്നവരാണെന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുക.'

ഈ കത്തായിരുന്നു നബി(സ) തിരുമേനി രാജാവിന് അയച്ചത്; ആ ഭരണാധികാരിക്കയച്ചത്. ഹാത്വിബ് ബിൻ ബൽത്വാ അലക്സാൻട്രിയായിലെത്തി, അതായത് കാവൽക്കാരനെ കണ്ട് ഭരണാധികാരിയുടെ സന്നിധിയിൽ ഹാജരായി നബി(സ) തിരുമേനിയുടെ കത്ത് നല്കിയപ്പോൾ മുഖൗഖസ് കത്ത് വായിച്ചു. പിന്നീട് ഹാത്വിബ് ബിൻ അബീ ബൽത്വായോടു അർദ്ധ പരിഹാസഭാവത്തിൽ പറഞ്ഞു: താങ്കളുടെ ആ സാഹിബ് അതായത് നബി(സ) തിരുമേനി യഥാർഥത്തിൽ അല്ലാഹുവിന്റെ നബിയാണെങ്കിൽ ഈ കത്ത് അയക്കുന്നതിനു പകരം എനിക്കെതിരിൽ അല്ലാഹുവിനോടു, അല്ലാഹുവേ! അയാളുടെമേൽ തനിക്ക് ഭരണം നല്കേണമേ എന്ന് എന്തുകൊണ്ട് ദുആ ചെയ്തില്ല! അതായത് നബി(സ) തിരുമേനിയെ ആ ഭരണാധികാരിയുടെമേൽ അധികാരിയാക്കണമെന്ന്! ഹാത്വിബ് പറഞ്ഞു: 'നിങ്ങൾ ഉന്നയിക്കുന്ന ഈ ആക്ഷേപം ശരിയാണെങ്കിൽ, അത് ഹദ്റത്ത് ഈസായുടെ മേലും പതിക്കുന്നതാണ്. അദ്ദേഹം തന്റെ എതിരാളികൾക്കെതിരിൽ എന്തുകൊണ്ട് ഇത്തരം ദുആ ചെയ്തില്ല? പിന്നീട് ഹാത്വിബ് മുഖൗഖസിനെ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: താങ്കൾ ഗൗരവത്തോടുകൂടി ചിന്തിക്കുക. കാരണം ഇതിനുമുമ്പേ താങ്കളുടെ ഇതേ രാജ്യത്ത് ഫിർഔൻ എന്ന ഒരാൾ കഴിഞ്ഞുകടന്നിട്ടുണ്ട്. അയാളാണ് മുഴുലോകത്തിന്റേയും റബ്ബെന്നും ഉന്നത ഭരണാധികാരിയെന്നും വാദിച്ചിരുന്നു. അപ്പോൾ അല്ലാഹു അയാളെ മുമ്പേയുള്ളവർക്കും പിമ്പേയുള്ളവർക്കും ഗുണപാഠമാകുംവിധം പിടിച്ചു ശിക്ഷിച്ചു. അതുകൊണ്ട് ഞാൻ താങ്കളോടു ആത്മാർഥമായി പറയുകയാണ്, താങ്കൾ മറ്റുള്ളവരുടെ അവസ്ഥകളിൽനിന്ന് പാഠം പഠിക്കുക. മറ്റുള്ളവർ താങ്കളുടെ അവസ്ഥകളിൽനിന്ന് പാഠം പഠിക്കുന്നവരാകരുത്.' ഇത്രമാത്രം തന്റേടത്തോടുകൂടി ഹാത്വിബ് സംസാരിക്കുന്നതുകണ്ടപ്പോൾ മുഖൗഖസ് പറഞ്ഞു: 'ഞങ്ങൾക്ക് മുമ്പേ തന്നെ ഒരു മതം കിട്ടിയിട്ടുണ്ട്. അതുകൊണ്ട് അതിനേക്കാൾ മെച്ചപ്പെട്ടതു ഞങ്ങൾക്ക് കിട്ടുന്നതുവരെ ഞങ്ങൾക്ക് അത് ഉപേക്ഷിക്കാൻ കഴിയുകയില്ല. അതായത് ക്രൈസ്തവമതം ഉപേക്ഷിക്കാൻ കഴിയുകയില്ല. ഹാത്വിബ്(റ) പറഞ്ഞു: 'ഇസ്ലാം മറ്റെല്ലാ മതങ്ങളെക്കാളും സമ്പന്നമാക്കുന്നതാണ്. അവസാനത്തെ മത

മാണ്. എല്ലാ മതങ്ങളും അതിൽ സമാഹരിച്ചിരിക്കുന്നു. എന്നാൽ, ഹദ്റത്ത് മസീഹ് നാസിരിയിൻ വിശ്വസിക്കുന്നതിൽനിന്ന് താങ്കളെ അത് തടയുന്നില്ല എന്നല്ല അത് എല്ലാ സത്യവാന്മാരായ നബിമാരേയും വിശ്വസിക്കാൻ അത് ഉപദേശിക്കുന്നു. എപ്രകാരം ഹദ്റത്ത് മൂസാ ഹദ്റത്ത് ഈസായെക്കുറിച്ച് സുവാർത്ത അറിയിച്ചിരുന്നുവോ അപ്രകാരം ഹദ്റത്ത് ഈസാ (അ) നമ്മുടെ നബി(സ)തിരുമേനിയെ കുറിച്ചും സുവാർത്ത അറിയിച്ചിരുന്നു.' അതു കേട്ടപ്പോൾ മുഖൗഖസ് കുറച്ച് ചിന്തയിൽ മുഴുകി നിശബ്ദനായി. എന്നാൽ, അതിനുശേഷം മറ്റൊരു മജ്ലിസിൽ, അവിടെ വലിയ വലിയ പാതിരിമാരും ഉണ്ടായിരുന്നു. മുഖൗഖസ് ഹാത്വിബിനോടു വീണ്ടും പറഞ്ഞു: 'നിങ്ങളുടെ നബിയെ സ്വന്തം നാട്ടിൽനിന്ന് പുറത്താക്കിയെന്ന് ഞാൻ കേട്ടു. അദ്ദേഹം ആ അവസരത്തിൽ, തന്നെ പുറത്താക്കിയവർക്കെതിരിൽ എന്തുകൊണ്ട് ശാപപ്രാർഥന ചെയ്തില്ല. അതായത് നിങ്ങളുടെ നബിയെ സ്വന്തം നാട്ടിൽനിന്ന് പുറത്താക്കിയപ്പോൾ ആ അവസരത്തിൽ ശാപപ്രാർഥന നടത്താതിരുന്നത് എന്താണ്? അവരെ നശിപ്പിക്കുകയും തനിക്ക് സമാധാനത്തോടെ ജീവിക്കുകയും ചെയ്യാമായിരുന്നല്ലോ?' ഹാത്വിബ് ഇതുകേട്ട് ആ ഭരണാധികാരിയോടു പറഞ്ഞു: 'ഞങ്ങളുടെ നബി കേവലം നാട്ടിൽനിന്ന് പോകാനാണ് നിർബന്ധിതനായത്. എന്നാൽ, താങ്കളുടെ മസീഹിനെ യഹൂദികൾ പിടിച്ച് കുരിശിൽ തറച്ച് ഉന്മൂലനം ചെയ്യാൻ ആഗ്രഹിച്ചു. എന്നിട്ടും അദ്ദേഹത്തിന് തന്റെ എതിരാളികൾക്കെതിരെ ശാപപ്രാർഥന നടത്തി ഉന്മൂലനം ചെയ്യാൻ കഴിഞ്ഞില്ല.' മുഖൗഖസ് ഈ മറുപടിയിൽ ആകർഷിതനായി പറഞ്ഞു: 'താങ്കൾ ഒരു ബുദ്ധിമതിയാണ്. ബുദ്ധിമാനായ ഒരു മനുഷ്യന്റെ അംബാസിഡറായി വന്നിരിക്കുന്നു.' അതിനുശേഷം പറഞ്ഞു: 'ഞാൻ താങ്കളുടെ നബിയുടെ കാര്യത്തിൽ ചിന്തിച്ചു. അദ്ദേഹം എന്തെങ്കിലും ചീത്തക്കാര്യം പഠിപ്പിക്കുന്നില്ലെന്ന് എനിക്ക് മനസ്സിലായി. ഏതെങ്കിലും നല്ല കാര്യത്തിൽനിന്ന് തടയുന്നുമില്ല.' പിന്നീട് അദ്ദേഹം നബി(സ) തിരുമേനിയുടെ കത്ത് ആനപ്പല്ല് കൊണ്ട് നിർമ്മിച്ച ഒരു പെട്ടിയിൽവച്ച് അതിൽ തന്റെ സീൽ വച്ചു. അത് സൂക്ഷിച്ചുവെക്കുന്നതിന് തന്റെ വീട്ടിലെ വിശ്വസ്തയായ ഒരു പെൺകുട്ടിയെ ഏല്പിച്ചു. എന്തായാലും ആ കത്തിനോട് അദ്ദേഹം ആദരപൂർവം പെരുമാറി. അതിനുശേഷം മുഖൗഖസ് തന്റെ ഒരു അറബി എഴുത്തുകാരനെ വിളിപ്പിച്ചു. നബി(സ) തിരുമേനിക്ക് കത്തെഴുതിപ്പിച്ചു. കത്തെഴുതിച്ച് ഹാത്വിബിന് കൊടുത്തു. ആ കത്തിലെ വാക്യം ഇപ്രകാരമായിരുന്നു. അതിന്റെ തർജമ ഇതാണ്.

'പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ. ഈ കത്ത് മുഹമ്മദുബ്ന അബ്ദുല്ലായുടെ(സ) പേരിൽ ഖിബ്ത്വികളുടെ നേതാവായ മുഖൗഖസ് എഴുതുന്നത്. താങ്കളുടെമേൽ സമാധാനം ഉണ്ടാകുമാറാകട്ടെ. ഞാൻ താങ്കളുടെ കത്തും താങ്കളുടെ ഉള്ളടക്കവും മനസ്സിലാക്കി. താങ്കളുടെ ക്ഷണത്തിൽ ചിന്തിച്ചു. ഒരു നബി നിയോഗിതനാകാൻ പോകുന്നുവെന്ന് എനിക്ക് നന്നായി അറിയാമായിരുന്നു. എന്നാൽ, അദ്ദേഹം അറേബ്യയിലല്ല ശാം ദേശത്ത് ജനിക്കുമെന്നാണ് ഞാൻ കരുതിയത്. ഞാൻ താങ്കളുടെ ദൂതനോടു നല്ലരീതിയിൽ പെരുമാറിയിട്ടുണ്ട്. ഞാൻ അദ്ദേഹത്തിനോടൊപ്പം രണ്ടു പെൺകുട്ടികളെ അയക്കുന്നു. അവർക്ക് ഖിബ്ത്വി ജനതയിൽ വലിയ സ്ഥാനമാണുള്ളത്. ഉന്നത കുടുംബത്തിൽപെട്ട പെൺകുട്ടികളാണിവർ. കുറച്ചു വസ്ത്രങ്ങളും കൊടുത്തയക്കുന്നുണ്ട്. താങ്കളുടെ യാത്രയ്ക്ക് കോവർകഴുതയേയും കൊടുത്തയക്കുന്നു. വസ്സലാം. അതിനുശേഷം അദ്ദേഹത്തിന്റെ ഒപ്പുമുണ്ട്.

ഈ കത്തിൽനിന്ന് പ്രകടമാകുന്നത് മിസ്റിലെ മുഖൗഖസ്, നബി(സ) തിരുമേനിയുടെ ദൂതനോടു ആദരവോടെ പെരുമാറിയെന്നാണ്. അദ്ദേഹം നബി(സ) തിരുമേനിയുടെ വാദത്തിൽ ഒരു പരിധിവരെ താൽപര്യവും കാണിച്ചു. എന്തായാലും അദ്ദേഹം ഇസ്ലാം സ്വീകരിച്ചില്ല. മറ്റു രിവായത്തുകളിൽനിന്ന് ക്രൈസ്തവമതത്തിൽത്തന്നെ അദ്ദേഹം മരിച്ചുവെന്നാണ് മനസ്സിലാകുന്നത്. അദ്ദേഹത്തിന്റെ സംസാരശൈലിയിൽനിന്ന് അദ്ദേഹം മതപരമായ കാര്യങ്ങളിൽ താൽപര്യം കാണിച്ചിരുന്നുവെന്നാണ് മനസ്സിലാകുന്നത്. എന്നാൽ, ഇക്കാര്യത്തിൽ കാണിക്കേണ്ട ഗൗരവം അദ്ദേഹം കാണിച്ചിട്ടില്ല. അതുകൊണ്ട് അദ്ദേഹം ബാഹ്യമായി ആദരവ് കാണിച്ചുകൊണ്ട് നബി(സ) തിരുമേനിയുടെ ക്ഷണത്തെ വിട്ടുകളഞ്ഞു.

അദ്ദേഹം അയച്ച പെൺകുട്ടികളിൽ ഒരാളുടെ പേര് മാരിയ എന്നും രണ്ടാമത്തവളുടെ പേര് സീറിൻ എന്നുമായിരുന്നു. ഇവർ സഹോദരിമാരായിരുന്നു. മുഖൗഖസ് തന്റെ കത്തിൽ എഴുതിയതുപോലെ അവർ ഖിബ്ത്വി ജനതയിൽപെട്ടവരായിരുന്നു. ഈ ജനതയുമായിട്ടായിരുന്നു മുഖൗഖസിന്റെ ബന്ധവും. ഈ പെൺകുട്ടികൾ സാധാരണക്കാരിൽപെട്ടവരായിരുന്നില്ല. എന്നല്ല, മുഖൗഖസിന്റെ കത്തനുസരിച്ച് അവർക്ക് ഖിബ്ത്വി ജനതയിൽ വലിയ സ്ഥാനമായിരുന്നു. വാസ്തവത്തിൽ തങ്ങൾ ബന്ധങ്ങൾ വർധിപ്പിക്കാൻ ആഗ്രഹിക്കുന്നവരുമായി വിവാഹം കഴിച്ച് ബന്ധമുണ്ടാക്കുന്നതിന് തങ്ങളുടെ കുടുംബത്തിൽനിന്നോ ജനതയിൽനിന്നോ മാന്യരായ പെൺകുട്ടികളെ സമർപ്പിക്കുക എന്നത് മിസ്റികളിൽ പണ്ടുമുതലേയുള്ള സമ്പ്രദായമായിരുന്നുവെന്ന് മനസ്സിലാകുന്നു.' ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എഴുതുന്നു: 'ഹദ്റത്ത് ഇബ്റാഹീം(അ) മിസ്റിൽ പോയപ്പോൾ മിസ്റിലെ നേതാവ് അദ്ദേഹത്തിനും ഒരു മാന്യയായ പെൺകുട്ടിയെ അതായത് ഹദ്റത്ത് ഹാജറയെ വിവാഹം കഴിക്കുന്നതിന് സമർപ്പിച്ചിരുന്നു. അവർ പിന്നീട് ഹദ്റത്ത് ഇസ്മായീലിന്റേയും അദ്ദേഹം മുഖേന ധാരാളം അറബി ഗോത്രങ്ങളുടേയും മാതാവായി. എന്തായാലും മുഖൗഖസ് അയച്ച പെൺകുട്ടികൾ മദീനയിലെത്തിയപ്പോൾ നബി(സ)തിരുമേനി മാരിയ ഖിബ്ത്വിയായെ വിവാഹം കഴിച്ചു. അവരുടെ സഹോദരി സീരീനെ അറേബ്യയിലെ പ്രശസ്ത കവി ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്തിനും വിവാഹം കഴിച്ചുകൊടുത്തു. നബി(സ)തിരുമേനിയുടെ മകൻ ഇബ്റാഹീം ജനിച്ചത് ഈ അനുഗൃഹീത സ്ത്രീയുടെ വയറ്റിൽ നിന്നായിരുന്നു. അദ്ദേഹം നുബുവ്വത്ത് കാലത്തെ ഒരേയൊരു മകനായിരുന്നു. ഈ രണ്ടുപെൺകുട്ടികളും മദീനയിൽ വരുന്നതിനുമുമ്പേ ഹാത്വിബ് ബിൻ അബീ ബൽത്വാ മുഖേന മുസ്ലിം ആയിരുന്നു എന്ന കാര്യവും പ്രസ്താവ്യമാണ്.

സമ്മാനം എന്ന നിലയിൽ ആ അവസരത്തിൽ കൊണ്ടുവന്നിരുന്ന കോവർകഴുതയുടെ നിറം വെളുപ്പായിരുന്നു. നബി(സ)തിരുമേനി അതിന്മേലായിരുന്നു മിക്കപ്പോഴും യാത്രചെയ്തിരുന്നത്. ഹുനയ്ൻ യുദ്ധത്തിലും ഇതേ കോവർകഴുതയുടെ പുറത്തായിരുന്നു നബി(സ)തിരുമേനി ഉണ്ടായിരുന്നത്.(സീറത്തു ഖാത്തമുന്നബിയ്യീൻ,പേജ് 818-821) ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ).

മുഖൗഖസിനുവേണ്ടി എഴുതിയ കത്തിനെക്കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു കാര്യം കൂടി എഴുതിയിട്ടുണ്ട്: (ഇതേപോലത്തെ കത്തും ഇതേവാക്കുകളും തന്നെയായിരുന്നു) റോമിലെ രാജാവിനും എഴുതിയിരുന്നത്. നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ റോമിലെ ജനതയുടെ പാപഭാരവും താങ്കൾക്ക് വഹിക്കേണ്ടി വരുമെന്ന വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഖിബ്ത്വികളുടെ പാപഭാരം നിങ്ങളുടെ മേലായിരിക്കും മുഖൗഖസിനെഴുതിയ കത്തിലുണ്ടായിരുന്നത്. ഹദ്റത്ത് ഹാത്വിബ്(റ) ഈജിപ്തിലെത്തിയപ്പോൾ അദ്ദേഹം തലസ്ഥാനത്ത് ഉണ്ടായിരുന്നില്ല. അദ്ദേഹം അലക്സാൺഡ്രിയായിലായിരുന്നു. ഹാത്വിബ് അലക്സാൺഡ്രിയായിലേക്കുപോയി. അവിടെ രാജാവ് സമുദ്രതീരത്ത് ഒരു മജ്ലിസ് സംഘടിപ്പിച്ചിരുന്നു. ഹാത്വിബും ഒരു വഞ്ചിയിൽ(അവിടെ എവിടെയെങ്കിലും ദ്വീപുണ്ടായിരിക്കാം)യാത്രചെയ്ത് ആ സ്ഥലത്ത് എത്തിയതാകാനും ഇടയുണ്ട്. ചുറ്റും കാവലുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം ദൂരെനിന്ന് കത്ത് ഉയർത്തിക്കൊണ്ട് വിളിച്ചു പറയാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തെ കൊണ്ടുവരാനും തന്റെ മുന്നിൽ ഹാജരാക്കാനും രാജാവ് കല്പിച്ചു.

പിന്നീട് അവിടന്ന് ഇങ്ങനേയും എഴുതിയിട്ടുണ്ട്: 'ഹാത്വിബ്, മുഖൗഖസിനോടു ഇതും പറഞ്ഞു: അല്ലാഹുവാണ! ഈസാ, മുഹമ്മദിനെ കുറിച്ച് പറഞ്ഞതുപോലുള്ള വിവരങ്ങൾ മൂസാ, ഈസായെ കുറിച്ച് നല്കിയിട്ടില്ല. നിങ്ങൾ യഹൂദികളെ ഈസായിലേക്ക് വിളിക്കുന്നതുപോലെ ഞങ്ങൾ നിങ്ങളെ മുഹമ്മദ്(സ)ലേക്ക് വിളിക്കുകയാണ്. ഓരോ നബിയ്ക്കും ഓരോ ഉമ്മത്ത് അഥവാ സമുദായമുണ്ടാകും.' തുടർന്ന് പറഞ്ഞു:'ഓരോ നബിയ്ക്കും ഓരോ ഉമ്മത്ത് അഥവാ സമുദായമുണ്ടാകും. ആ നബിയെ അനുസരിക്കുക എന്നത് അവർക്ക് നിർബന്ധമാണ്. താങ്കൾ ഈ നബിയുടെ കാലഘട്ടം പ്രാപിച്ചിരിക്കുന്ന സ്ഥിതിക്ക് -അദ്ദേഹത്തെ അല്ലാഹു മുഴുലോകത്തിനുവേണ്ടി നബിയാക്കി അയച്ചിരിക്കുകയാണ്-താങ്കളുടെ നിർബന്ധ കടമയാണ് അദ്ദേഹത്തെ വിശ്വസിക്കുക എന്നത്. ഞങ്ങളുടെ മതം നിങ്ങളെ മസീഹിനെ പിന്തുടരുന്നതിൽനിന്ന് തടയുന്നില്ല. എന്നല്ല ഞങ്ങൾ മറ്റുള്ളവരോടും കല്പിക്കുന്നത് മസീഹിലും വിശ്വസിക്കാനാണ്.'(തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 322)

ധൈര്യത്തോടും യുക്തിയോടുംകൂടി തബ്ലീഗിന്റെ ഉത്തരവാദിത്വം നിർവഹിച്ചവരായിരുന്നു അവർ. ഏതെങ്കിലും ഭരണാധികാരിയെയോ ഗവർണറെയോ രാജാവിനെയോ അവർ ഭയപ്പെട്ടിരുന്നില്ല.

ഒരു സ്ത്രീയുടെ കൈയിൽ മക്കക്കാർക്ക് കത്തുകൊടുത്തുവിട്ട ഒരു സംഭവമുണ്ട്. ഈ ഹാത്വിബ് ബിൻ അബീ ബൽത്വാ തന്നെയായിരുന്നു സ്ത്രീയുടെ കൈയിൽ കത്തുകൊടുത്ത് മക്കയിലേക്ക് അയച്ചത്; നബി(സ)തിരുമേനി മക്കയിലേക്ക് വരുന്നതിനെ കുറിച്ച് മക്കക്കാരെ അറിയിക്കാൻ ശ്രമിച്ചത്. നിവേദനത്തിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി മക്ക കീഴടക്കുന്നതിന് സൈന്യത്തോടുകൂടി പുറപ്പെട്ടപ്പോൾ നബി(സ)തിരുമേനിയുടെ സ്വഹാബി ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ മക്കയിലെ ഖുറയ്ശികൾക്ക് ഒരു സ്ത്രീയുടെ കൈയിൽ കത്ത് കൊടുത്തയച്ചു. ഹദ്റത്ത് സയ്യിദ് സയ്നുൽ ആബ്ദീൻ ശാഹ് സാഹിബ് എഴുതിയ ബുഖാരിയുടെ ശറഹിൽ എഴുതിയിരിക്കുന്നു. ഈ സംഭവം വിവരിക്കുന്നതിനുമുമ്പേ ഇമാം ബുഖാരി ഈ ഖുർനിക വചനം എഴുതിയിരിക്കുന്നു. ലാ തത്തഖിദൂ അദുവ്വീ വ അദുവ്വക്കും ഔലിയാഅ വിശ്വസിച്ചവരേ! എന്റേയും നിങ്ങളുടേയും ശത്രുക്കളായവരെ നിങ്ങൾ സ്നേഹബന്ധം പുലർത്തിക്കൊണ്ട് മിത്രങ്ങളായി സ്വീകരിക്കരുത്. ഹദ്റത്ത് അലി(റ) നിവേദനം: അദ്ദേഹം പ

റഞ്ഞു: നബി(സ)തിരുമേനി എന്നേയും സുബയ്റിനേയും മിഖ്ദാദ് ബിൻ അസ്വദിനേയും അയച്ചു. അവിടന്ന് പറഞ്ഞു:നിങ്ങൾ പോകുക. നിങ്ങൾ റൗളയെഖാഖ് എന്ന സ്ഥലത്തെത്തുമ്പോൾ അവിടെ ഒട്ടകപ്പുറത്തു യാത്ര ചെയ്യുന്ന സ്ത്രീയെ കാണും. അവളുടെ കൈയിൽ ഒരു കത്തുണ്ട്. നിങ്ങൾ അവളിൽനിന്ന് ആ കത്ത് വാങ്ങിക്കുക. ഞങ്ങൾ പുറപ്പെട്ടു. ഞങ്ങളുടെ കുതിര വേഗത്തിലോടി ഞങ്ങളെ കൊണ്ടുപോയി. ഞങ്ങൾ റൗളയെഖാഖിലെത്തിയപ്പോൾ അവിടെ ഒട്ടകപ്പുറത്ത് ഒരു സ്ത്രീയെ കണ്ടു. കത്തെടുക്കാൻ അവളോടു പറഞ്ഞു. തന്റെ കൈയിൽ കത്തൊന്നുമില്ലെന്ന് അവൾ പറഞ്ഞു. നിനക്കെന്തായാലും കത്തെടുക്കേണ്ടി വരുമെന്ന് ഞങ്ങൾ അവളോടു പറഞ്ഞു. ഇല്ലെങ്കിൽ ഞങ്ങൾ നിങ്ങളുടെ തുണി ഉരിഞ്ഞ് തിരയുന്നതായിരിക്കും. അപ്പോൾ അവൾ ആ കത്ത് തന്റെ വസ്ത്രത്തിന്റെ അടിയിൽനിന്നെടുത്തു കൊടുത്തു. ഞങ്ങൾ ആ കത്ത് നബി(സ)തിരുമേനിയുടെ അടുത്ത് കൊണ്ടുവന്നു. അതു നോക്കിയപ്പോൾ ഹാത്വിബ് ബിൻ അബീ ബൽത്വാ മക്കയിലെ മുശ്രിക്കീംകളുടെ പേരിൽ റസൂലുല്ലാഹി(സ)ന്റെ ഏതോ തീരുമാനത്തെ കുറിച്ച് എഴുതിയിരിക്കുന്നതായി കണ്ടു. ഇതെന്താണെന്ന് നബി(സ)തിരുമേനി ഹദ്റത്ത് ഹാത്വിബിനെ വിളിച്ചു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എന്റെ കാര്യത്തിൽ അങ്ങ് ധിറുതി കാണിക്കരുതേ. ഞാൻ ഖുറയ്ശികളിൽ വന്ന് ചേർന്നയാളാണ്. അവരിൽനിന്നുള്ളവനായിരുന്നില്ല. അങ്ങയുടെ കൂടെയുണ്ടായിരുന്ന മുഹാജിരീംകൾക്ക് മക്കയിൽ ബന്ധുക്കളുണ്ടായിരുന്നു. അവർ മുഖേന അവർ തങ്ങളുടെ ധനവും വസതുവകകളും കാത്തുസൂക്ഷിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് ആ മക്കക്കാരോടു എന്തെങ്കിലും നന്മ ചെയ്യണമെന്ന് ഞാൻ ആഗ്രഹിച്ചു. കാരണം അവരിൽ എനിക്ക് ബന്ധുക്കളാരുമുണ്ടായിരുന്നില്ല. ഒരുപക്ഷേ, ഈ നന്മകൊണ്ട് അവർ എന്നെ സഹായിക്കും. ഞാൻ ഇതു ചെയ്തത് വല്ല അവിശ്വാസത്താലോ മതപരിത്യാഗം കൊണ്ടോ അല്ല. ഞാൻ നിഷേധിച്ചിട്ടില്ല. മതപരിത്യാഗിയായിട്ടില്ല. ഇസ്‌ലാം ഉപേക്ഷിച്ചിട്ടില്ല. ഞാൻ കപടവിശ്വാസിയുമല്ല. ഇസ്‌ലാം സ്വീകരിച്ചതിനുശേഷം ഞാൻ ഒരിക്കലും അവിശ്വാസത്തെ ഇഷ്ടപ്പെട്ടിട്ടില്ല. ഞാൻ അങ്ങയ്ക്ക് ഉറപ്പുതരികയാണ്.' ഹദ്റത്ത് ഉമർ(റ)അവിടെ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു:'അല്ലാഹുവിന്റെ റസൂലേ! ഈ മുനാഫിഖിന്റെ തലകൊയ്യാൻ എനിക്ക് അനുവാദം തന്നാലും!' അവിടന്ന് പറഞ്ഞു: ഇദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തയാളാണ്. അല്ലാഹു ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരെ എങ്ങനെയാണ് കണ്ടതെന്ന് താങ്കൾക്കെന്തറിയാം. ഞാൻ താങ്കളുടെ പാപം മറച്ചിരിക്കുന്നു.(സ്വഹീഹുൽബുഖാരി, കിതാബുൽ ജിഹാദ് ഹദീഥ് 3007, തർജമയും വ്യാഖ്യാനവും ഹദ്റത്ത് സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്, പേജ് 350–352, നളാറത്ത് ഇശാഅത്ത് റബ്‌വ)

ഹദ്റത്ത് വലിയുല്ലാഹ് ശാഹ് സാഹിബ് സ്വഹീഹ് ബുഖാരിയിലെതന്നെ മറ്റൊരു ഹദീഥ് വിശദീകരിച്ചുകൊണ്ടെഴുതുന്നു:'മറ്റൊരു ഹദീഥിൽ ആ സ്ത്രീയെ മുശ്രിക്ക എന്നാണ് പറഞ്ഞിട്ടുള്ളത്. അവരെ പിന്തുടർന്നുപോയവരിൽ ഹദ്റത്ത് അലി, ഹദ്റത്ത് അബൂ മർഥദ് ഗനവി, ഹദ്റത്ത് സുബയ്ർ എന്നിവരാണ് ഉണ്ടായിരുന്നത്. ഇതുപോലെതന്നെ എഴുതിയിരിക്കുന്നു, അവർ തന്റെ ഒട്ടകത്തിനുമേൽ യാത്ര ചെയ്തു പോകുകയായിരുന്നു. മറ്റൊരു നിവേദനത്തിൽ കത്ത് ഒളിപ്പിച്ചുവച്ചതിനെ സംബന്ധിച്ച് എഴുതിയിരിക്കുന്നു: ഞങ്ങൾ ഗൗരവത്തിലാണെന്ന് അവൾ കണ്ടപ്പോൾ തന്റെ പുറത്തു ചുറ്റിയിരുന്ന ചാദുറിലേക്ക് കുനിയുകയും കത്തെടുത്തു തരികയും ചെയ്തു. ഞങ്ങൾ ആ സ്ത്രീയേയും കൂട്ടി നബി(സ)തിരുമേനിയുടെ അടുത്ത് വന്നു.'

ഹദ്റത്ത് ഉമർ(റ)പറഞ്ഞു:'അയാൾ അല്ലാഹുവിനോടും അവന്റെ റസൂലിനോടും മുഅ്മിനീംകളോടും വഞ്ചന കാണിച്ചിരിക്കുന്നു. അല്ലാഹുവിന്റെ റസൂലേ!അയാളുടെ തലകൊയ്യാൻ എനിക്ക് അനുവാദം തന്നാലും.' നബി(സ)തിരുമേനി ചോദിച്ചു: 'അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ആളല്ലേ? അതായത് ഹാത്വിം ബിൻ അബീ ഹൽത്വാ. അല്ലാഹു ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരെ കണ്ടിട്ടുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്.നിങ്ങൾ ആഗ്രഹിക്കുന്നത് ചെയ്തുകൊള്ളുക എന്ന് അവരോടു പറഞ്ഞിട്ടുണ്ടാകും. നിങ്ങൾക്ക് സ്വർഗം കിട്ടിക്കഴിഞ്ഞു. അല്ലെങ്കിൽ നിങ്ങളുടെ പാപങ്ങൾ മറച്ചുവെച്ച് നിങ്ങൾക്ക് മാപ്പുനല്കിയിരിക്കുന്നുവെന്ന് പറഞ്ഞിട്ടുണ്ടാകും.' ഇതുകേട്ട് ഹദ്റത്ത് ഉമറിന്റെ കണ്ണിൽനിന്ന് കണ്ണീരൊഴുകാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു:'അല്ലാഹുവും അവന്റെ റസൂലുമാണ് ഏറ്റവും നന്നായി അറിയുന്നവർ.'(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ഹദീഥ് 3983)

ഹദ്റത്ത് ഹാത്വിബിനെ, മുഖൗഖസിന്റെ അടുക്കൽ ഹദ്റത്ത് അബൂബക്കറും(റ) ഈജിപ്തിലേക്ക് അയച്ചിരുന്നു. അന്ന് ഒരു ഉടമ്പടിയിൽ ഏർപ്പെടുകയുണ്ടായി. ഹദ്റത്ത് അംറ് ബിൻ ആസ് ഈജിപ്ത് ആക്രമിക്കുന്നതുവരെ ആ ഉടമ്പടിയിൽ ഇരു കക്ഷികളിലും നിലനിന്നിരുന്നു. സമാധാന ഉടമ്പടിയായിരുന്നു അത്.

സൗന്ദര്യമുള്ള ശരീരത്തിനുടമയായിരുന്നു ഹദ്റത്ത് ഹാത്വിബ് എന്നാണ് പറയപ്പെടുന്നത്. നേർത്ത താടിയും കഴുത്ത് കുനിഞ്ഞുമായിരുന്നു. ഉയരം കുറവും വിരലുകൾ വണ്ണമുള്ളതുമായിരുന്നു.

യഅ്ഖൂബ് ബിൻ ഉത്ബയിൽനിന്ന് നിവേദനം: ഹദ്റത്ത് ഹാത്വിം ബിൻ അബീ ബൽത്വാ നാലായിരം ദിർഹമും ദീനാറും ഉപേക്ഷിച്ചു കൊണ്ടാണ് വഫാത്തായത്. ധാന്യങ്ങളുടെ കടച്ചവടമായിരുന്നു അദ്ദേഹത്തിന്. അദ്ദേഹം തന്റെ മുതലുകൾ മദീനയിൽത്തന്നെ ഉപേക്ഷിക്കുകയായിരുന്നു.(അത്ത്വബ ഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 61, പ്രസാധകർ ദാറു അഹ്‌യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

ഹദ്റത്ത് ജാബിറിൽനിന്ന് നിവേദനം: ഒരിക്കൽ ഹദ്റത്ത് ഹാത്വിബിന്റെ അടിമ അദ്ദേഹത്തെക്കുറിച്ചുള്ള പരാതിയുമായി നബി(സ)തിരുമേനിയുടെ അടുക്കലെത്തി. അടിമ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഹാത്വിബ് തീർച്ചയായും നരകത്തിലായിരിക്കും. (വല്ലാത്ത അലസനാണെന്നോ മറ്റോ അയാൾ പറഞ്ഞു കാണും). അതുകേട്ട് നബി(സ) തിരുമേനി പറഞ്ഞു: 'നീ കളവാണ് പറയുന്നത്. അദ്ദേഹം ഒരിക്കലും നരകത്തിൽ പ്രവേശിക്കുകയില്ല. എന്തെന്നാൽ, അദ്ദേഹം ബദ്ർ യുദ്ധത്തിലും ഹുദയ്ബിയ സന്ധിയിലും പങ്കെടുത്തിട്ടുണ്ടായിരുന്നു.'(സുനനുത്തുർമുദി, അബ്‌വാബുൽ മനാഖിബ്, ഹദീഥ് 3864)

പറഞ്ഞതുപോലെ ഹദ്റത്ത് ഹാത്വിബ് വ്യാപാരിയുമായിരുന്നു. ചന്തയിൽ ചരക്കുകൾ വില്ക്കാറുണ്ടായിരുന്നു. ചരക്കുകൾ വില്ക്കുന്നതിനും വിലകൾ നിശ്ചയിക്കുന്നതിനുമുള്ള ഇസ്‌ലാമികാധ്യാപനമെന്താണ്? അതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ മദീന മുനവ്വറയിൽ വിലകൾ നിയന്ത്രിച്ചിരുന്നത് ഇസ്‌ലാമിക സർക്കാറായിരുന്നു. അതായത് മാർക്കറ്റുവില സർക്കാറാണ് നിശ്ചയിച്ചിരുന്നത്. ഹദീഥുകളിൽ വന്നിരിക്കുന്നു: ഒരിക്കൽ ഹദ്റത്ത് ഉമർ(റ) ചന്തയിൽ റോന്തു ചുറ്റുകയായിരുന്നു. ഹാത്വിബ് ബിൻ അബീ ബൽത്വാ അൽമുസ്വല്ലീ എന്നു പേരുള്ള ഒരാൾ ചന്തയിൽ രണ്ടു ചാക്ക് ഉണക്കമുന്തിരിയുമായി ഇരിക്കുന്നത് അദ്ദേഹം കണ്ടു. ചിലയിടത്ത് കിശ്മിശ് എന്നും എഴുതിയിട്ടുണ്ട്. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോടു വില അന്വേഷിച്ചു. അദ്ദേഹം ഒരു ദിർഹമിന് രണ്ടു മുദ്ദ് എന്നുപറഞ്ഞു. അതായത് ഒരു ദിർഹമിന് രണ്ടു മുദ്ദ് കിട്ടുമെന്ന്. ഇത് മാർക്കറ്റുവിലയെക്കാൾ കുറവായിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ അദ്ദേഹത്തോടു പറഞ്ഞു: താങ്കൾ സ്വന്തം വീട്ടിൽവച്ച് വിൽപന നടത്തുക. കാരണം ഈ വില വളരെ കുറവാണ്. മാർക്കറ്റിൽ ഇത്ര കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ അനുവദിക്കുകയില്ല. മാർക്കറ്റ് വിലയെ അതു സാരമായി ബാധിക്കും. ജനങ്ങൾക്ക് കച്ചവടക്കാരെക്കുറിച്ച് തെറ്റുധാരണ ഉണ്ടാകുന്നതാണ്. ഇതിനെക്കാൾ വില കൂട്ടി വില്ക്കുന്നവരെക്കുറിച്ച് അന്യായമായ നിലയിൽ തങ്ങളിൽനിന്ന് അവർ കൂടുതൽ വില ഈടാക്കുന്നുവെന്ന ആക്ഷേപം ഉണ്ടാകുന്നതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: ഫുഖ്ഹാക്കൾ ഇതിനെ കുറിച്ച് വലിയ വലിയ ചർച്ചകൾ ചെയ്തിട്ടുണ്ട്. പിന്നീട് ഹദ്റത്ത് ഉമർ(റ) ഈ അഭിപ്രായത്തിൽനിന്ന് പിന്മാറിയിരുന്നുവെന്നും ചിലർ എഴുതിയിട്ടുണ്ട്. പക്ഷേ, പൊതുവെ ഹദ്റത്ത് ഉമറിന്റെ ഈ അഭിപ്രായത്തെ ഫുഖഹാക്കൾ ഒരു പ്രായോഗിക തത്ത്വമായി അംഗീകരിക്കുന്നു. മാർക്കറ്റ് വില നിശ്ചയിക്കേണ്ടത് ഇസ്‌ലാമിക ഭരണകൂടത്തിന്റെ ചുമതലയാണെന്ന് അവർ എഴുതിയിരിക്കുന്നു. ഇല്ലെങ്കിൽ ജനതയുടെ സ്വഭാവങ്ങളിലും വിശ്വസ്തതയിലും വ്യത്യാസമുണ്ടാകുന്നതാണ്. എന്നാൽ, ഇവിടെ പറഞ്ഞിട്ടുള്ളത് മാർക്കറ്റിൽകൊണ്ടുവരികയും വില്ക്കുകയും ചെയ്യുകയും ചെയ്യുന്ന സാധാനങ്ങളെ കുറിച്ചാണെന്ന കാര്യം ഓർക്കേണ്ടതാണ്. മാർക്കറ്റിൽ കൊണ്ടുവരാത്തതും വ്യക്തിഗതമായ നില ഉൾക്കൊള്ളുന്നതുമായ സാധാനങ്ങളെ കുറിച്ചല്ല ഇവിടെ പറയുന്നത്. കച്ചവടക്കാർ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കാതിരിക്കാൻ മാർക്കറ്റിൽ കൊണ്ടുവന്ന് വില്ക്കുന്ന വസ്തുക്കളെ സംബന്ധിച്ച് ഇസ്‌ലാമിന്റെ വ്യക്തമായ കല്പനയാണ് ഒരു വില നിശ്ചയിക്കപ്പെടുകയും അതനുസരിച്ച് വില്ക്കുകയും ചെയ്യുക എന്നത്.(ഖുത്ബാത്തെ മഹ്മൂദ് വാള്യം 19, പേജ് 307–308, ജുമുഅ ഖുത്ബ 1938 ജൂൺ 10)

മേച്ചിൽസ്ഥലങ്ങളിൽ വെള്ളത്തിനുവേണ്ടി കിണർ കുഴിക്കുന്ന ചുമതലയും ഇസ്‌ലാമിക ഭരണകൂടത്തിന്റേതാണ്. നബി(സ) തിരുമേനി ഒരിക്കൽ മേച്ചിൽസ്ഥലത്ത് ഇതും ഹദ്റത്ത് ഹാത്വിബിനെ കൊണ്ട് ചെയ്യിച്ചിരുന്നതായി നിവേദനത്തിൽ വന്നിരിക്കുന്നു: ബനൂമുസ്തലിഖ് യുദ്ധത്തിൽനിന്ന് തിരിച്ചു വരുമ്പോൾ നബി(സ)തിരുമേനി നഖീഅ് എന്ന സ്ഥലത്തൂടെ കടന്നുപോയി. അവിടെ വിശാലമായ പ്രദേശവും പുൽമൈതാനവും അവിടന്ന് കണ്ടു. ഒരുപാട് കിണറുകളുമുണ്ടായിരുന്നു. വെള്ളവും നല്ലതായിരുന്നു. ആ കിണറുകളിലെ വെള്ളത്തെക്കുറിച്ച് നബി(സ) അന്വേഷിച്ചപ്പോൾ അദ്ദേഹത്തോടു പറയപ്പെട്ടു: അല്ലാഹുവിന്റെ ദൂതരേ, വെള്ളം വളരെ നല്ലതാണ്. പക്ഷേ, ഞങ്ങൾ ഈ കിണറിനെ പ്രകീർത്തിക്കുമ്പോൾ ഇതിലെ വെള്ളം കുറഞ്ഞു പോകുകയോ കിണർ ഇരുന്നു പോവുകയോ ചെയ്യുന്നു. അങ്ങനെ നബി(സ)തിരുമേനി ഹദ്റത്ത് ഹാത്വിബിനോട് ഒരു കിണർ കുത്താനും നഖീഅ് നെ മേച്ചിൽ സ്ഥലമാക്കാനും കല്പന നല്കി; അതായത് സർക്കാർ വക മേച്ചിൽസ്ഥ

ലം. ഹദ്റത്ത് ബിലാൽ ബിൻ ഹാരിഥ് മുസ്നിയെ അതിന്റെ മേൽനോട്ടക്കാരനായി നിശ്ചയിച്ചു. ഹദ്റത്ത് ബിലാൽ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഈ സ്ഥലത്ത് എത്രഭാഗമാണ് ഞാൻ മേച്ചിൽസ്ഥലമാക്കേണ്ടത്? വളരെ വിശാലമായ സ്ഥലമാണ്. നബി(സ)തിരുമേനി പറഞ്ഞു, സൂര്യൻ ഉദിച്ചു കഴിഞ്ഞാൽ നല്ല ശബ്ദമുള്ള ഒരാളെ നിറുത്തുക. (രാത്രിയുടെ യാമത്തിൽ ശബ്ദം വളരെ ദൂരവരെ എത്തുന്നതായിരിക്കും).'മുഖമ്മൾ'മലയുടെ മുകളിൽ അയാളെ കയറ്റി നിറുത്തുക. അയാളുടെ ശബ്ദം എത്തുന്ന സ്ഥലംവരെ മുസ്ലിം യോദ്ധാക്കളുടെ കുതിരകളേയും ഒട്ടകങ്ങളേയും മേയ്ക്കുന്നതിന് മേച്ചിൽസ്ഥലമുണ്ടാക്കുക. ഇതും ഒരു സംവിധാനമായിരുന്നു. അടികളുടേയും മൈലുകളുടേയും കണക്കല്ല പറയുന്നത്. വിവിധ സ്ഥലങ്ങളിൽ ആളുകളെ നിറുത്തുക. അയാളുടെ ശബ്ദം ഏവിടംവരെ എത്തുന്നുവോ അവിടം മേച്ചിൽസ്ഥലത്തിന്റെ അതിരായി നിശ്ചയിക്കുക. അത് ജിഹാദു ചെയ്യുന്നതിന് ഉപയോഗിക്കുന്ന കുതിരകളുടേയും ഒട്ടകങ്ങളുടേയും ഉടമസ്ഥരായ യോദ്ധക്കളുടെ മേച്ചിൽസ്ഥലമായിരിക്കും. ഇത് ബയ്ത്തുൽമാലിന്റേയും സർക്കാറിന്റേയും മേച്ചിൽസ്ഥലമായിരിക്കും. യുദ്ധത്തിൽപങ്കെടുക്കുന്ന യോദ്ധാക്കൾ അവിടെ തങ്ങളുടെ കുതിരകളേയും ഒട്ടകങ്ങളേയും മേയ്ക്കുന്നതായിരിക്കും. അപ്പോൾ ഹദ്റത്ത് ബിലാൽ പറഞ്ഞു:അല്ലാഹുവിന്റെ റസൂലേ! സാധാരണയായി മുസ്ലീംകൾ തങ്ങളുടെ മൃഗങ്ങളെ മേയ്ക്കുന്ന ഇവിടെത്തെ സ്ഥലത്തെ കുറിച്ച് എന്താണ് അഭിപ്രായം. അങ്ങയുടെ നിർദേശമെന്താണ്? അവിടന്ന് പറഞ്ഞു:അവർ ഇതിൽ പ്രവേശിക്കുകയില്ല. ഇത് യുദ്ധം ചെയ്യുന്നതിനു വേണ്ടിയുള്ള കുതിരകളേയും ഒട്ടകങ്ങളേയും തയ്യാറാക്കുന്ന മൃഗങ്ങളെ മേയ്ക്കുന്നതിന് മാത്രമാണ്. ഹദ്റത്ത് ബിലാൽ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! വളരെ കുറച്ചുമാത്രം മൃഗങ്ങളുള്ളതും മാറ്റിക്കൊണ്ടുപോയി മേയ്ക്കാൻ കഴിവില്ലാത്തവരുമായ നിർധനരായ പുരുഷന്മാരേയും സ്ത്രീകളേയും കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്? (വളരെ കുറച്ചു കന്നുകാലികളെ അവരുടെ കൈയിലുള്ളു. ദരിദ്രരാണ്. അവയെ മേയ്ക്കാൻ ദൂരത്തുകൊണ്ടുപോകുക എന്നത് അവർക്ക് ബുദ്ധിമുട്ടാണ്. അവർക്ക് എങ്ങും പോകാനും കഴിയില്ല. ദുർബലരാണ്, വൃദ്ധരാണ്, സ്ത്രീകളാണ്). അപ്പോൾ നബി (സ)തിരുമേനി പറഞ്ഞു: 'അവരെ അനുവദിക്കുക. അവരെ ഇവിടെ മേയാൻ അനുവദിക്കുക.'(അസ് സുബുലുൽ ഹുദാ വർറശാദ്, വാള്യം 4, പേജ് 352-353, ഗസ് വയെ ബനീ മുസ്ത്വലഖ് പ്രസാധകർ ദീറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996). അവർക്ക് അനുവാദമുണ്ട്. നിസഹായരും ബലഹീനരുമായവർ സർക്കാർ മേച്ചിൽസ്ഥലത്ത് തങ്ങളുടെ കാലികളെ മേയ്ചുകൊള്ളട്ടെ. എന്നാൽ, ദേശീയമായ സ്വത്തുവകകൾ ദേശീയമായ ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടേണ്ടതാണ്. നിർധനർക്ക് വ്യക്തിപരമായ ആവശ്യമുണ്ടെങ്കിൽ അവർക്ക് ഇതിൽ ഭാഗഭാക്കാകാവുന്നതാണ്.

ഹദ്റത്ത് ഹാതിം ബിൻ അബീ ബൽത്വായുടെ ധാർമിക ഗുണങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് സീറത്തു സ്സഹാബയുടെ ഗ്രന്ഥകാരൻ എഴുതുന്നു: വളരെയധികം ആത്മാർഥതയുണ്ടായിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ഉദാരതയും നേരെ ചൊവ്വേ കാര്യങ്ങൾ പറയുക എന്നതും അദ്ദേഹത്തിന്റെ സവിശേഷ ഗുണങ്ങളാണ്. സുഹൃത്തുക്കളെയും ബന്ധുക്കളെയും നല്ലവണ്ണം ശ്രദ്ധിക്കുമായിരുന്നു. മക്കാവിജയവേളയിൽ അദ്ദേഹം മുശ്രിക്കീങ്കൾക്ക് കത്തെഴുതിയ സംഭവം ഞാൻ നേരത്തെ വിവരിച്ചു കഴിഞ്ഞു. വാസ്തവത്തിൽ തന്റെ കുടുംബക്കാരോടുള്ള സ്നേഹമായിരുന്നു അതിനു കാരണം. അദ്ദേഹത്തിന്റെ സദുദ്ദേശ്യത്തെയും സത്യസന്ധതയെയും പരിഗണിച്ച് നബി(സ)തിരുമേനി അദ്ദേഹത്തിന് മാപ്പു നല്കി. അല്ലാഹു നമുക്ക് ഈ സ്വഹബാക്കളുടെ ഗുണങ്ങൾ അവലംബിക്കുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ഇവരുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

# ശാന്തിമാർഗം

**ഡോക്ടർ മുബാറക്ക മുഹമ്മദ്**

എത്ര മനോഹരം സ്വഛ മീ ഭൂതലം
ദൈവം പണിതീർത്തു മാനവർക്കായ്
കാടും മലകളും പച്ചപ്പുൽമേടയും
തെളിനീരൊഴുകുമരുവികളും
സൃഷ്ടിച്ചു സർവവും നൽകി മനുഷ്യന്
പാരിടം സ്വർഗസമാനമായി.
മനുജനെത്തന്നെയും സൃഷ്ടിച്ചിതീശ്വരൻ
പാരിതിൽ തൻപ്രതിരൂപമായി
എന്നിട്ടുമെന്തേയീ പാവന ഭൂവിതിൽ
രക്തച്ചൊരിച്ചിലും സംഘർഷവും!
എന്തിനുവേണ്ടി പരസ്പരം സോദരർ
പോരടിക്കുന്നു രണാങ്കണത്തിൽ.
ഓരോ ശിശുവും പിറക്കുന്നു ഭൂമിയിൽ
നിർമല നിർദോഷ മാനസരായ്
പിന്നെയെന്നാണഹോ ചേക്കേറീടുന്നതിൽ
ആരാണ് കുത്തിയിറക്കുന്നു ചിന്തയിൽ
തീവ്രവാദത്തിൻ വിഷസൂചികൾ
സംഘട്ടനങ്ങൾ പെരുകുന്നു മിക്കതും
കഷ്ടം മതത്തിൻ നിഴലിലല്ലോ
സ്രഷ്ടാവിൻപേരിൽ നടത്തുന്നു കൊല്ലും
കൊലയുമീസ്രഷ്ടാവിൻ സന്തതികൾ
മാനവരാശിക്ക് സൽബുദ്ധിയോതിടാൻ
ശാന്തിമാർഗത്തിലേക്കാനയിക്കാൻ
കാലാകാലങ്ങളിൽ ഭൂമിയിൽ ജാതരായ്
ദൈവനിയുക്തരാം പുണ്യപാദർ.
ആ പുണ്യദാസർതൻ ശബ്ദം ശ്രവിക്കാതെ
ഉത്തമമാതൃകപുൽകിടാതെ
വിശ്വസമാധാനമേറെ അകലെയായ്
നിലകൊള്ളുമെന്നും മരീചികപോൽ

( പേജ് 1ൽനിന്ന്)

അഭിവൃദ്ധി പ്രാപിക്കുവാനുള്ള കഴിവില്ലതന്നെ. മനുഷ്യന്റെ പാപങ്ങൾ പശ്ചാത്താപം മൂലം പൊറുക്കപ്പെടുന്നു. ദൈവികയുക്തി അനുസൃതമായി ചിലർ കുറ്റകൃത്യങ്ങൾ ചെയ്യുകയും പിന്നീട് അവർ തങ്ങളുടെ ദൗർബല്യങ്ങൾ മനസ്സിലാക്കി പശ്ചാത്തപിക്കുകയും അങ്ങനെ അവർക്ക് പൊറുത്തുകൊടുക്കപ്പെടുകയും ചെയ്യുന്നു. മനുഷ്യനുവേണ്ടി നിശ്ചയിക്കപ്പെട്ട നിയതിയാണിത്. മനുഷ്യരുടെ പ്രകൃതി ആഗ്രഹിക്കുന്നതും ഇതുതന്നെയാണ്. മറവിയും ഓർമക്കുറവും മനുഷ്യ പ്രകൃതിയുടെ ഭാഗമാണ്; മലക്കിന്റേതല്ല. ആ സ്ഥിതിയിൽ മലക്കുകൾക്ക് മാത്രമായുള്ള നിയമം മനുഷ്യരിൽ എങ്ങനെയാണ് നടപ്പിൽ വരുത്തുവാൻ സാധിക്കുക? ദൈവത്തെ ദൗർബല്യവുമായി ബന്ധപ്പെടുത്തുന്നത് തെറ്റായ കാര്യമാണ്. നിയമത്തിന്റെ ഫലങ്ങളാണ് ഭൂമിയിൽ നടപ്പിൽ വന്നുകൊണ്ടിരിക്കുന്നത്. ദൈവിക ഭരണവും അവന്റെ ശക്തിയും പ്രതാപവും ആകാശത്ത് മാത്രം പരിമിതമാകത്തക്കവണ്ണം നഊദുബില്ലാഹ് ദൈവം ബലഹീനനാണോ? അല്ലെങ്കിൽ ഭൂമിയിൽ മറ്റൊരു ദൈവമുണ്ടെന്നാണോ? ആകാശത്ത് മാത്രമാണ് ദൈവരാജ്യം ഉള്ളതെന്നും ഇപ്പോൾ ഭൂമിയിലില്ലെന്നും ക്രിസ്ത്യാനികൾ ശാഠ്യം പിടിക്കുന്നത് നല്ലതല്ല. മാത്രമല്ല, ആകാശം ഒരു വസ്തുവുമല്ല എന്നാണല്ലോ അവരുടെ വാദം. ഒന്നുമില്ലാത്ത ആകാശത്താണെങ്കിൽ ദൈവഭരണം ഇപ്പോഴുണ്ടുതാനും!! ഭൂമിയിലാണെങ്കിൽ അവന്റെ ഭരണം വന്നിട്ടുമില്ല. ഇതിന്റെ അർഥം ദൈവഭരണം ആകാശത്തിലും ഭൂമിയിലുമില്ല എന്നാണ്. എന്നാൽ, ദൈവത്തിന്റെ ഭരണം ഭൂമിയിൽ ഉള്ളതായി നമുക്ക് സ്വന്തം കണ്ണുകൾകൊണ്ട് കാണുവാൻ സാധിക്കുന്നു. അവന്റെ നിയമമനുസരിച്ച് നമ്മുടെ ജീവിതം അവസാനിക്കുന്നു. നമ്മുടെ സ്ഥിതി വിശേഷങ്ങൾ പരിവർത്തവിധേയമായിക്കൊണ്ടിരിക്കുന്നു. നൂറുക്കണക്കിന് സുഖദുഃഖങ്ങൾ നാം കാണുന്നു. ദൈവകല്പനയനുസരിച്ച് ആയിരക്കണക്കിനാളുകൾ മരണപ്പെടുകയും ആയിരക്കണക്കിനാളുകൾ ജനിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നു. ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുന്നു. ദൈവകല്പനയ്ക്കനുസൃതമായി ഭൂമി ആയിരക്കണക്കിന് വിവിധ സസ്യലതാദികളും പുഷ്പങ്ങളും പഴങ്ങളും ഉൽപാദിപ്പിക്കുന്നു. ഇവയൊക്കെ ഭൂമിയിൽ ദൈവരാജ്യമില്ലാതെയാണോ സംജാതമാകുന്നത്. വാനത്തുള്ള ഗ്രഹങ്ങൾ ഒരേ രൂപത്തിലും അച്ചുതണ്ടിലും ചലിച്ചുകൊണ്ടിരിക്കുകയാണ്. അവയിൽ ഒരു മാറ്റവും പരിവർത്തനവുമില്ലതന്നെ. എന്നാൽ, ഭൂമി ആയിരക്കണക്കിന് പരിവർത്തനങ്ങളുടേയും വിപ്ലവങ്ങളുടേയും മാറ്റങ്ങളുടേയും വിളനിലമാണ്. ഓരോ ദിവസവും കോടിക്കണക്കിന് ജനങ്ങൾ ഇഹവാസം വെടിയുകയും കോടിക്കണക്കിൽ ഭൂജാതരാവുകയും ചെയ്യുന്നു. ഇതിൽനിന്നെല്ലാം ഒരു സർവ്വശക്തനായ സൃഷ്ടികർത്താവിന്റെ നിയന്ത്രണം ഇതിന്റെയൊക്കെ പിന്നിലുണ്ടെന്നത് ഗ്രാഹ്യമാണ്. എന്നിട്ടും ഇതുവരെ ദൈവരാജ്യം ഭൂമിയിൽ വന്നിട്ടില്ലെന്നതിന് ഒരു തെളിവും ഇഞ്ചീലിന് ബോധിപ്പിക്കുവാൻ സാധിച്ചിട്ടില്ല.(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാള്യം 19 പേജ് 34-37)

## കലാമുൽ ഇമാം:-

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

## കലാമുൽ ഇമാം:-

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലായുടെ 2016-ലെ ഡന്മാർക്ക് പര്യടനം.

❋ മെയ് നാലിന് ബുധനാഴ്ച ലണ്ടനിൽനിന്നുള്ള നിർഗമനവും അതേ ദിവസം ഡന്മാർക്കിന്റെ മണ്ണിൽ ആഗമനവും. ❋ നുസ്റത്ത് ജഹാൻ മസ്ജിദിൽ ഹുദൂറിന് ഉജ്വല വരവേല്പ്. കുട്ടികൾ സ്വാഗതഗാനമാലപിച്ചു. ❋ നുസ്റത്ത് ജഹാൻ മസ്ജിദിനോടു ചേർന്ന് പുതുതായി നിർമിച്ച മിഷൻ ഹൗസ്, ലൈബ്രറി, ഓഫീസുകൾ, നമസ്കാര ഹാൾ തുടങ്ങിയവ സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ❋ Hvidovre പ്രദേശത്തെ മുനിസിപ്പാലിറ്റിയുടെ മേയറും അദ്ദേഹത്തിന്റെ നാല് കൗൺസിലർമാരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ❋ മേയറുടേയും കൗൺസിലർമാരുടേയും ചോദ്യങ്ങൾക്ക് ഹുദൂറിന്റെ യുക്തിനിർഭരമായ മറുപടി. ഇസ്ലാം അഹ്മദിയ്യത്തിനെ സംബന്ധിച്ചുള്ള പ്രബോധനം. സമാധാന സംസ്ഥാപനത്തിനും മറ്റു സുപ്രധാന കാര്യങ്ങൾക്കും നിർദേശങ്ങളും ഉപദേശങ്ങളും. ❋ ഡന്മാർക്കിന്റെ മണ്ണിൽനിന്ന് ഹുദൂറിന്റെ രണ്ടാമത്തെ ജുമുഅഖുത്ബ. അത് എം.ടി.എ മുഖേന ലോകം മുഴുവൻ സംപ്രേഷണം ചെയ്തു.❋ ഡന്മാർക്കിലെ വരവേല്പിനെ സംബന്ധിച്ച് പ്രിന്റ് ആന്റ് ഇലക്ട്രോണിക് മീഡിയായിൽ വാർത്തകൾ. ❋ കുടുംബപരമായ കൂടിക്കാഴ്ചകൾ ❋ ഡന്മാർക്ക് ലജ്ന ഇമാഇല്ലാഹ് നാഷണൽ മജ്ലിസ് ആമിലായുമായി ഹുദൂറിന്റെ മീറ്റിംഗ്. മജ്ലിസെ ആമിലായ്ക്ക് ഹുദൂറിന്റെ നിർദേശങ്ങളും ഉപദേശങ്ങളും.

## നമ്മൾ സമാധാനം സ്ഥാപിക്കേണ്ട കാലമാണിത്.

● നമ്മൾ മനുഷ്യരാണെന്നും, മാനുഷികമൂല്യങ്ങളെ നിലനിറുത്തണമെന്നും പരസ്പരം ആദരിക്കണമെന്നുമുള്ള അടിസ്ഥാനതത്ത്വത്തിൽ നിലകൊള്ളുകയാണെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയുന്നതാണ്.

● അഹ്മദികൾ ഇക്കാലത്ത് വന്ന മസീഹ്(അ)നെ വിശ്വസിച്ചവരാണ്. അതുകൊണ്ട് അവർ സമാധാനകാംക്ഷികളായിരിക്കേണ്ടത് നിർബന്ധമാണ്; എല്ലാവരോടും സ്നേഹത്തോടും സന്തോഷത്തോടുംകൂടി പെരുമാറേണ്ടവരാണ്; മറ്റുള്ളവരെ സഹായിക്കേണ്ടവരാണ്.

● മതം വിശ്വസിക്കുന്ന കാര്യത്തിൽ ഒരു നിർബന്ധവുമില്ലെന്ന് ഇസ്ലാം പറയുന്നു. മതത്തിന്റെ കാര്യങ്ങൾ ദൈവത്തിന്റെ കൈകളിലാണ്. മതത്തെ സംബന്ധിച്ച് വിധി പറയേണ്ടത് അവൻ തന്നെയാണ്. മനുഷ്യർ പരസ്പരം ആദരിക്കേണ്ടതാണ്. മാനുഷിക മൂല്യങ്ങൾ സുപ്രധാനമാണ്. അത് വിലമതിക്കേണ്ടതാണ്. മതത്തിന്റെ കാര്യങ്ങൾ ദൈവത്തിന്റെ കൈയിലിരിക്കാൻ അനുവദിക്കുക. മതക്കാർ പരസ്പരം കൊല്ലുകയും വധിക്കുകയുമാണെങ്കിൽ ആര് ഏതു മതം സ്വീകരിച്ച് നടക്കാനാണ്. പിന്നീട് മതംകൊണ്ട് എന്തു ഫലമുണ്ടാകാനാണ്? പരസ്പരം കൊന്നൊടുക്കി എല്ലാവരും മരിച്ചൊടുങ്ങും.

●മതസ്വാതന്ത്ര്യമുണ്ടെന്നുള്ളത് ശരിതന്നെയാണ്. അഭിപ്രായസ്വാതന്ത്ര്യവുമുണ്ട്. പ്രബോധനത്തിനും സന്ദേശമെത്തിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം മറ്റുള്ളവരുടെ വികാരങ്ങളെ മുറിവേല്പിക്കുന്നതാണെങ്കിൽ അതിന് എവിടെയെങ്കിലും പരിധി നിശ്ചയിക്കേണ്ടിവരും; എന്തെങ്കിലും വഴികണ്ടെത്തേണ്ടിവരും. അപ്പോൾ മാത്രമേ സമാധാനത്തിന്റേയും സഹിഷ്ണുതയുടേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

● തന്റെ നല്ല സുഹൃത്ത് മാതാവിനെതിരെ തെറിപറയുകയാണെങ്കിൽ അവൻ കരണക്കുറ്റിക്ക് അടി വാങ്ങാൻ തയ്യാറായിരിക്കേണ്ടതാണെന്ന് പോപ്പ് പറഞ്ഞിരുന്നു. ക്രിസ്ത്യാനികൾ പോപ്പ് പറയുന്നത് കേൾക്കണം. പോപ്പ് ജനങ്ങളുടെ വികാരങ്ങൾ കാത്തുസൂക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ വശത്തൂടെ നോക്കുമ്പോൾ അദ്ദേഹം ക്രൈസ്തവമതത്തിന്റെ യഥാർഥ അധ്യാപനമനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു.

●പാക്കിസ്താനിൽ ഞങ്ങൾക്കെതിരെ ഔദ്യോഗികമായ നിയമം ഉണ്ടാക്കിയിട്ടുണ്ട്. ചില രാജ്യങ്ങളിൽ നിയമമില്ല. പക്ഷേ, നമ്മുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു. പരസ്യമായി ഞങ്ങൾക്ക് പ്രബോധനം ചെയ്യാൻ സാധിക്കുന്നില്ല. വെല്ലുവിളി എല്ലായിടത്തുമുണ്ട്. പദ്ധതി എത്ര വലുതാണോ അത്രയേറെ പ്രയാസങ്ങളുമുണ്ട്. അതിനെ അഭിമുഖീകരിക്കേണ്ടിവരുന്നു. പക്ഷേ, ഇക്കാര്യങ്ങൾ എല്ലാമുണ്ടായിട്ടും ഞങ്ങൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ വർഷവും ലക്ഷക്കണക്കിനാളുകൾ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിൽ പ്രവേശിക്കുംവിധമുള്ളതാണ് ഞങ്ങളുടെ സന്ദേശം.

## Hvidovre മേയറും കൗൺസിലർമാരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അവരുടെ ചോദ്യങ്ങൾക്ക് ഹുദൂർ മറുപടി നല്കി.

❋ ലജ്ന അംഗങ്ങൾ ഏറ്റവുമാദ്യം നമസ്കരിക്കുന്നതിലേക്കും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്. നമസ്കാരങ്ങളും വിശുദ്ധഖുർആനിന്റെ പാരായണവും അനിവാര്യവും അടിസ്ഥാനപരവുമായ കാര്യമാണ്. ❋ വീടുകളിൽ എം.ടി.എ കേൾക്കുക. നിങ്ങളുടെ മക്കളേയും എം.ടി.എയിലെ പരിപാടികൾ കാണിക്കുക. ❋ ആൺകുട്ടികളേയും പെൺകുട്ടികളേയും സ്ത്രീകൾ ഏറ്റെടുക്കുക. കാരണം നബി(സ) തിരുമേനി തർബിയ്യത്തുവകുപ്പ് സ്ത്രീകളെയാണ് ഏല്പിച്ചിരുന്നത്. മാതാവിന്റെ കാലടിക്കീഴിലുള്ള സ്വർഗം കുട്ടികൾക്ക് നല്കുന്ന ശിക്ഷണത്താലാണ് ലഭിക്കുന്നത്. വെറും പെൺകുട്ടികളുടെ തർബിയ്യത്തല്ല. ആൺകുട്ടികൾക്ക് ശിക്ഷണം കൊടുക്കുന്ന കാരണത്താലുമാണ്. ❋ അടുത്തിരുന്ന് പ്രശ്നമെന്താണെന്ന് നോക്കുക എന്നത് സദ്ർ ലജ്നയുടേയും തർബിയ്യത്ത് സെക്രട്ടറിയുടേയും ജോലിയാണ്. പ്രശ്നങ്ങൾ എങ്ങനെ തങ്ങൾക്ക് പരിഹരിക്കാൻ കഴിയും. നിങ്ങൾ കേവലം നിങ്ങളുടെതന്നെ കുട്ടികളേയും വീട്ടുകാരേയും സ്ത്രീകളേയും പുരുഷന്മാരേയും എം.ടി.എയുമായി ബന്ധിപ്പിക്കുകയാണെങ്കിൽ തർബിയ്യത്തിന്റെ വലിയൊരു ഭാഗം വീട്ടിലിരുന്നുതന്നെ പരിഹരിക്കാൻ കഴിയും. ❋ സംസാരിക്കുമ്പോൾ മൃദുസമീപനം സ്വീകരിക്കുക. മൃദുലമായി സംസാരിക്കാൻ അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു.

## ഡന്മാർക്കിലെ ലജ്ന ഇമാഇല്ലാ നാഷണൽ മജ്ലിസെ ആമിലായ്ക്ക് ഹുദൂറിന്റെ ഉപദേശങ്ങളും നിർദേശങ്ങളും

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

## 2016 മെയ് 6 (വെള്ളിയാഴ്ച)

(തുടർച്ച) രാവിലെ 4.15ന് ഹുദൂർ അയ്യദഹുല്ലാഹ് നുസ്റത്ത് ജഹാൻ മസ്ജിദിൽ വന്ന് സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കരിപ്പിച്ചതിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്കുപോയി.

രാവിലെ മുതൽ ഓഫീസു സംബന്ധമായ കാര്യങ്ങളിൽ വ്യാപൃതനായി. ഇന്ന് ജുമുഅ ദിവസമായിരുന്നു. ഡന്മാർക്കിന്റെ മണ്ണിൽനിന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ എം.ടി.എ മുഖേന ലോകം മുഴുവൻ തൽസമയ സംപ്രേഷണം ചെയ്ത രണ്ടാമത്തെ ഖുത്ബയായിരുന്നു ഇത്. ഇതിനുമുമ്പേ 11 വർഷം മുമ്പേയാണ്-2005 സെപ്തംബർ 9ന് ഹുദൂർ അയ്യദഹുല്ലാഹ് കോപ്പൻഹേഗിലെ നുസ്റത്ത്ജഹാൻ മസ്ജിദിൽ ജുമുഅ ഖുത്ബ നിർവഹിച്ചത്. അത് എം.ടി.എയിൽ തൽസമയം സംപ്രേഷണം ചെയ്തിരുന്നു.

തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ നേതൃത്വത്തിൽ ജുമുഅ നമസ്കരിക്കുന്നതിനുവേണ്ടി ഡന്മാർക്ക് ജമാഅത്തിനു പുറമെ നോർവെ, ബംഗ്ലാദേശ്, സ്വീഡൻ, സ്പെയിൻ, ജർമനി, കനഡ, ബ്രിട്ടൻ, ബൽജിയം തുടങ്ങിയ ജമാഅത്തുകളിൽനിന്നും ധാരാളമാളുകൾ ഡന്മാർക്കിലെത്തിയിരുന്നു.

മസ്ജിദിനു പുറമെ രണ്ടു വലിയ ഹാളും പന്തലുകളും നമസ്കാരക്കാരെക്കൊണ്ട് നിറഞ്ഞു. മൊത്തത്തിലുള്ള ഹാജർനില അറന്നൂറിലധികമായിരുന്നു. രണ്ടു മണിക്ക് ഹുദൂർ നുസ്റത്ത് ജഹാൻ മസ്ജിദിൽ വന്ന് ജുമുഅ ഖുത്ബ നല്കി.

ഹുദൂറിന്റെ ഈ ജുമുഅ ഖുത്ബ, ഡാനിഷ് ഭാഷയിൽ തദ്ദേശതലത്തിൽ തത്സമയം തർജമ ചെയ്യപ്പെട്ടു. ഈ ഖുത്ബ 3.05 വരെ നീണ്ടുനിന്നു. അതിനുശേഷം ഹുദൂർ ജുമുഅ നമസ്കാരത്തോടൊപ്പം അസ്റും ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്കുപോയി.

പരിപാടിയനുസരിച്ച് 7 മണിക്ക് ഹുദൂർ ഓഫീസിൽ വന്നു. കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ച ആരംഭിച്ചു. വൈകുന്നേരത്തെ ഈ സെഷനിൽ 28 കുടുംബങ്ങളിലെ 91 പേരാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യം കരസ്ഥമാക്കിയത്. ഹുദൂർ വിദ്യാർഥികൾക്ക് പേനകളും ചെറിയകുട്ടികൾക്ക് ചോക്ലേറ്റും നല്കി.

ഓരോ കുടുംബവും ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു. കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ താഴെ പറയുന്ന സ്ഥലങ്ങളിൽനിന്നുള്ളവരായിരുന്നു. Broendby, Hvidovre, Copenhagen, Amager, Albertslund, Jutland, North Sealand. ഇതിനുപുറമെ നോർവെയിൽനിന്നു വന്ന സഹോദരങ്ങളും കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കി. കൂടിക്കാഴ്ചയുടെ ഈ പരിപാടി 8.45 വരെ തുടർന്നു. ഇതിനുശേഷം ഹുദൂർ താമസസ്ഥലത്തേക്കുപോയി.

9.15ന് ഹുദൂർ, നുസ്റത്ത് ജഹാൻ മസ്ജിദിൽ വന്ന് മഗ്രിബ് ഇശാ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്കു മടങ്ങി.

അല്ലാഹുവിന്റെ കൃപയാൽ ഇലക്ട്രോണിക് പ്രിന്റ് മാധ്യമങ്ങളിലും കവറേജുണ്ടായി. ഡന്മാർക്കിലെ നാഷണൽ ടിവി ചാനൽ ഡി.ആർ അവരുടെ 2016 മെയ് 6 വൈകുന്നേരം 9 മണിക്ക് സംപ്രേഷണം ചെയ്ത വാർത്താ പ്രക്ഷേപണത്തിൽ ജമാഅത്തിനെ സംബന്ധിച്ച് വാർത്ത നല്കി. വാർത്തയിൽ പറഞ്ഞു; 'ഇന്നേക്ക് കൃത്യം 50 വർഷം മുമ്പേ 1966 മെയ് 6ന് ഡന്മാർക്കിലെ ആദ്യത്തെ മസ്ജിദിന് തറക്കല്ലിടപ്പെട്ടു.' അതിനോടൊപ്പം വീഡിയോ ക്ലിപ്പുകളും കാണിക്കപ്പെട്ടു. അതിൽ സാഹിബ്സാദ മിർസാ മുബാറക് അഹ്മദ് സാഹിബ് തറക്കല്ലിടുന്ന ദൃശ്യവും കാണിക്കപ്പെട്ടിരുന്നു.

വാർത്തയിൽ പറഞ്ഞു: 'ഈ 'മസ്ജിദ് നുസ്റത്ത് ജഹാനിൽ' ഇന്ന് ആഘോഷം നടക്കുകയാണ്.' ഇതിന്നിടയിൽ ഹുദൂർ അയ്യദഹുല്ലാഹുത്തആല ജുമുഅ ഖുത്ബ നിർവഹിക്കുന്ന ദൃശ്യവും കാണിച്ചിരുന്നു. ഈ ടിവി ചാനൽ രാജ്യം മുഴുവൻ കാണപ്പെടുന്നുണ്ട്. ഈ നാഷണൽ ടിവി ചാനലിലെ പ്രോഗ്രാമുകൾ കാണുന്നവരുടെ എണ്ണം നാലര ലക്ഷമാണ്. ഡന്മാർക്കിലെ 'ടി.വി 2' ചാനലിലും നുസ്റത്ത് ജഹാൻ മസ്ജിദിൽനിന്ന് തൽസമയം രണ്ടുമിനിറ്റ് സംപ്രേഷണമുണ്ടായി. ഇതിൽ മസ്ജിദിനെ സംബന്ധിച്ച് ചോദിക്കപ്പെട്ടു. അതിനുള്ള മറുപടിയിൽ അവരോടു പറഞ്ഞു: കഴിഞ്ഞ 50 വർഷമായി ഈ മസ്ജിദ് ഇവിടെ നിലകൊള്ളുന്നു. സമൂഹത്തിൽ സമാധാനം പ്രചരിപ്പിച്ചുവരുന്നു. അയൽവാസികളെ സംബന്ധിച്ച് പറഞ്ഞു: എപ്പോഴും പ്രീതിയുടേയും സ്നേഹത്തിന്റേയും ബന്ധമാണ് എല്ലാവരുമായിട്ടുള്ളത്. സഹിഷ്ണുതയോടെ ഈ അമ്പതുവർഷം കഴിഞ്ഞു. വീണ്ടും പറഞ്ഞു: ഇന്ന് ഇതുസംബന്ധിച്ച് ഞങ്ങളുടെ ജമാഅത്തിന്റെ ഖലീഫ ജുമുഅ ഖുത്ബ നിർവഹിച്ചു. ഇതിൽ ഞങ്ങളുടെ ഖലീഫ പറഞ്ഞു: 'എല്ലാ അഹ്മദികളും മാതൃകാപരമായി ജീവിക്കേണ്ടതാണ്. മറ്റുള്ളവരോടുള്ള കടമകൾ നിറവേറ്റേണ്ടതാണ്.' അവസാനം ജേർണലിസ്റ്റ് ചോദിച്ചു: താങ്കളുടെ അഭിപ്രായത്തിൽ ഈ മസ്ജിദ് ഇന്നേയ്ക്ക് 50 വർഷത്തിനുശേഷവും നിലകൊള്ളുമോ? അതിന് ഇന്റർവ്യൂ നല്കുന്ന യുവാവ് പറഞ്ഞു: 'ഇൻശാഅല്ലാഹ് ഇവിടെ നൂറുവർഷത്തിനുശേഷവും മസ്ജിദുണ്ടാകും.'

ഈ ടിവി ചാനലിന്റെ പ്രേക്ഷകരുടെ എണ്ണം രണ്ടു മില്യനാണ്. മസ്ജിദിന്റെ പ്രദേശത്തുള്ള തദ്ദേശ പത്രമായ "Hvidovre Avis"ന്റെ പ്രതിനിധി ജുമുഅയുടെ അവസരത്തിൽ നുസ്റത്ത്ജഹാൻ മസ്ജിദിൽ വന്നു. അദ്ദേഹം ആ അവസരത്തെ ഫോട്ടോ എടുത്തു. ജുമുഅ ഖുത്ബ യുടെ നോട്സുമെടുത്തു. ഈ ആഴ്ചപ്പതിപ്പിന് 50,000 വരിക്കാരുണ്ട്. അടുത്തലക്കത്തിൽ ജമാഅത്തിനെ സംബന്ധിച്ച് വാർത്തകൾ പ്രസിദ്ധീകരിക്കുന്നതാണ്.

## 2016 മെയ് 7 ശനി:

രാവിലെ 4.15ന് ഹുദൂർ അയ്യദഹുല്ലാഹ് നുസ്റത്ത് ജഹാൻ മസ്ജിദിലെത്തി സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്കുപോയി. രാവിലെ ഹുദൂർ കത്തുകളും റിപ്പോർട്ടുകളും നോക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ഹുദൂർ ഇവിടെ താമസിക്കുന്നതിനിടയിൽ ലണ്ടൻ മർക്കസിൽനിന്നും മറ്റു രാജ്യങ്ങളിൽനിന്നും വരുന്ന കത്തുകളും ഈമെയിലുകളും ഫാക്സുകളുമാണ് പരിശോധിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നത്.

പരിപാടിയനുസരിച്ച് 11 മണിക്ക് ഹുദൂർ ഓഫീസിലെത്തി. കുടുംബങ്ങളുമായും വ്യക്തികളുമായുള്ള കൂടിക്കാഴ്ചാപരിപാടി ആരംഭിച്ചു. മൊത്തത്തിൽ 48 കുടുംബങ്ങളിലെ 160 അംഗങ്ങളാണ് തങ്ങളുടെ പ്രിയപ്പെട്ട ഇമാമുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കിയത്. എല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. ഹുദൂർ വിദ്യാർഥികൾക്ക് പേനകളും ചെറിയകുട്ടികൾക്ക് ചോക്ലേറ്റും നല്കി. ഇന്ന് കൂടിക്കാഴ്ച നടത്തിയ കുടുംബങ്ങൾ ഡന്മാർക്ക് ജമാഅത്തിന്റെ താഴെകാണുന്ന ഹൽഖകളിൽനിന്ന് വന്നവരാണ്.

Broendby, Hvidovre, Amager, Albertslund, Jutland, North Sealand Aarhus, fredriksvaek, Odence Haslev, Vallensback, Taastrup, Copenhagen എന്നിവയ്ക്കു പുറമെ ജർമനിയിൽനിന്നുവന്ന ചില സഹോദരങ്ങളും കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കരസ്ഥമാക്കി.

കൂടിക്കാഴ്ചയുടെ ഈ പ്രോഗ്രാം രണ്ടുമണിവരെ തുടർന്നു. അതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് നുസ്റത്ത്ജഹാൻ മസ്ജിദിൽ വന്ന് ളുഹർ അസ്ർ നമസ്കാരങ്ങൾ ജംആക്കി നമസ്കരിപ്പിച്ചു. അതു കഴിഞ്ഞ് താമസസ്ഥലത്തേക്കുപോയി.

പരിപാടിയനുസരിച്ച് 6.30ന് ഹുദൂർ മീറ്റിംഗ് റൂമിലെത്തി. അവിടെ ലജ്ന ഇമായില്ലാ ഡന്മാർക്കിന്റെ നാഷണൽ മജ്‌ലിസെ ആമിലെ ഹുദൂറിന്റെ സാന്നിധ്യത്തിൽ ആരംഭിച്ചു. ഹുദൂർ അൻവർ ദുആ ചെയ്യിച്ചു. അതിനുശേഷം ലജ്ന സ്വദ്ർ, ആമിലായെ പരിചയപ്പെടുത്തി. ഹുദൂർ അൻവർ മജ്‌ലിസുകളേയും തജ്നീദിനേയും കുറിച്ച് ചോദിച്ചപ്പോൾ ജനറൽ സെക്രട്ടറി സാഹിബ പറഞ്ഞു: ഞങ്ങളുടെ മജ്‌ലിസുകളുടെ എണ്ണം ആറാണ്. ഇവയിൽ അഞ്ച് മജ്‌ലിസുകൾ കൃത്യമായി റിപ്പോർട്ടുകൾ നല്കുന്നുണ്ട്. ഡന്മാർക്ക് ലജ്നയുടെ തജ്നീദ് 180 ആണ്. നാസിറാത്തിന്റെ എണ്ണം 35. 24 പെൺകുട്ടികൾ 7 വയസ്സിന് താഴെ പ്രായമുള്ളവരുണ്ട്.

തുടർന്ന് ഹുദൂർ തർബിയ്യത്ത് സെക്രട്ടറിയോടു അവരുടെ വകുപ്പിന്റെ പ്രവർത്തനരൂപരേഖയെക്കുറിച്ച് അന്വേഷിച്ചു. ഹുദൂർ നിർദ്ദേശം നല്കിക്കൊണ്ടു പറഞ്ഞു: 'ലജ്ന ഏറ്റവുമാദ്യം നമസ്കാരത്തിലേക്കും വിശുദ്ധഖുർആൻ പാരായണത്തിലേക്കും ശ്രദ്ധിക്കേണ്ടതാണ്. വീടുകളിൽ കൃത്യമായി നമസ്കരിക്കാനും തിലാവത്ത് ചെയ്യാനും മാതാക്കളോടു പറയുക. നമസ്കാരങ്ങളും വിശുദ്ധഖുർആനിന്റെ തിലാവത്തും വളരെ നിർബന്ധമാണ്. അടിസ്ഥാനപരമായ കാര്യമാണിത്. വീടുകളിൽ എം.ടി.എ കേൾക്കേണ്ടതാണ്. നിങ്ങളുടെ കുട്ടികളേയും എം.ടി.എ പ്രോഗ്രാം കാണിക്കുക. എം.ടി.എയുമായി അവരെ ബന്ധപ്പെടുത്തുക.'

ഹുദൂർ പറഞ്ഞു: ഞാൻ ജുമുഅ ഖുത്ബയിലും പറഞ്ഞിരുന്നു. എം.ടി.എ മുഖേന എന്റെ ഖുത്ബകൾ എല്ലാ വീട്ടിലും എല്ലാ സ്ഥലത്തും എത്തിക്കൊണ്ടിരിക്കുന്നു. കേൾക്കാൻ ആഗ്രഹിക്കുന്നവർക്ക് കേൾക്കാൻ കഴിയുമെന്ന് ഞാൻ പറഞ്ഞിരുന്നു. ഇതുകൊണ്ടുള്ള ഉദ്ദേശ്യം കുറഞ്ഞ വർഷം ഖുത്ബയെങ്കിലും കേൾക്കുക എന്നതായിരുന്നു. ഇല്ലെങ്കിൽ ഖുത്ബയുടെ സംഗ്രഹം എടുക്കുക. അത് ഡാനിഷ് ഭാഷയിൽ തർജമ ചെയ്ത് നിങ്ങളുടെ അംഗങ്ങൾക്ക് എത്തിക്കുക.' ഹുദൂർ പറഞ്ഞു: 'ഖുത്ബയുടെ ഡാനിഷ് തർജമ സാധ്യമല്ലെങ്കിൽ നിങ്ങളുടെ മുറബ്ബി സാഹിബിൽനിന്ന് വാങ്ങി ലജ്നകൾക്കെത്തിക്കുക.'

ഹുദൂർ പറഞ്ഞു: 'തർബിയ്യത്ത് വകുപ്പ് എം.ടി.എ സെക്രട്ടറിയോടും ഇശാഅത്ത് വകുപ്പിനോടും ചേർന്ന് പ്രോഗ്രാം ഉണ്ടാക്കുക. ഈ ആഴ്ചയിൽ അല്ലെങ്കിൽ മാസത്തിൽ എന്തെന്തെല്ലാം പരിപാടികളാണ് സംപ്രേഷണം ചെയ്യുന്നതെന്ന് പരിശോധിക്കുക. അതിൽ ഫലപ്രദമായിട്ടുള്ള വിഷയങ്ങൾ ലജ്നകളെ കേൾപ്പിക്കുക. ഉർദു അറിയാത്തവർക്ക് ഇംഗ്ലീഷിൽ കേൾപ്പിക്കാനുള്ള സംവിധാനമൊരുക്കുക. ഇവിടത്തെ ഭാഷ അറിയുന്ന പെൺകുട്ടികളെ നിങ്ങളുടെ ടീമിൽ ചേർക്കുക. നിങ്ങളുടെ അടുത്ത തലമുറ നാശമടയാതിരിക്കാൻ ഈ ജോലിക്ക് അവരുടെ ടീമുകളുണ്ടാക്കുക.'

ഹുദൂർ പറഞ്ഞു: 'യുവതികളുണ്ട്. യുവാക്കളുണ്ട്. കുട്ടികളുണ്ട്. പെൺകുട്ടികളേയും ആൺകുട്ടികളേയും സ്ത്രീകൾ നോക്കുക. പുരുഷന്മാർ അവരെ നോക്കുകയില്ല. അതുകൊണ്ടാണ് തർബിയ്യത്ത് വകുപ്പ് നബി(സ) തിരുമേനി സ്ത്രീകളെ ഏല്പിച്ചത്. മാതാവിന്റെ കാലിന്നടിയിലാണ് സ്വർഗമെന്ന് നബി(സ) തിരുമേനി പറഞ്ഞത് തർബിയ്യത്ത് കാരണത്താലാണ്. മാതാവിന്റെ കാലിന്നടിയിലാണ് സ്വർഗമെന്നുള്ളത് കുട്ടികൾക്ക് നല്കുന്ന തർബിയ്യത്തുകാരണത്താലാണ്. വെറും പെൺകുട്ടികളുടെ തർബിയ്യത്തു മാത്രമല്ല, ആൺകുട്ടികളുടെ തർബിയ്യത്തു കാരണത്താലുമാണ്.'

ഹുദൂർ പറഞ്ഞു: 'കൂടിച്ചേർന്നിരുന്ന് പ്രശ്നമെന്താണെന്ന് നോക്കുകയും അതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ചിന്തിക്കുകയും ചെയ്യേണ്ടത് സ്വദ്ർ ലജ്നയുടേയും തർബിയ്യത്ത് സെക്രട്ടറിയുടേയും ജോലിയാണ്.'

'നിങ്ങൾ നിങ്ങളുടെ കുട്ടികളേയും ഭാര്യമാരേയും സ്ത്രീകളേയും പുരുഷന്മാരേയും മാത്രം എം.ടി.എ യുമായി ബന്ധിപ്പിക്കുകയാണെങ്കിൽ തർബിയ്യത്തിന്റെ വലിയൊരു ഭാഗം നിങ്ങളുടെ വീട്ടിലിരുന്ന് പരിഹരിക്കാൻ കഴിയും.'

(തുടരും)

**അല്ലാഹുവിന്റെ കലാം**

***മാലക്കും മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ത്വാലിബെ ദുആ**
പി.പി.റഹീമും കുടുംബവും
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# നബിയെ നിഷേധിച്ചാൽ മോക്ഷമോ?

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് എന്നെ കാത്തുരക്ഷിച്ചു. ഒരു ഭാഗത്ത് ലോകം മുഴുവൻ എന്നെ നശിപ്പിക്കുന്നതിനുവേണ്ടി ഒറ്റക്കെട്ടായിരുന്നു. മറുഭാഗത്ത് ആ സർവ ശക്തനാ യ അല്ലാഹു അവരുടെ എല്ലാ ആക്രമണങ്ങളിൽനിന്നും എന്നെ രക്ഷിക്കുന്നു. ഇതാണ് അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റെ അടയാളം.**

**(വിവ:മുഹമ്മദു ഇസ്മായീൽ ആലപ്പുഴ)**

(തുടർച്ച)... നബി മുഖേന വെളിപ്പെടുന്ന ആ ശക്തിമത്തായ ദൃഷ്ടാന്തം ദൈവാസ്തിക്യവും ഏകത്വവും സ്ഥാപിക്കുന്നതോടൊപ്പം അവന്റെ സൗന്ദര്യപരമായ സവിശേഷഗുണത്തേയും പ്രതാപപരമായ സവിശേഷഗുണത്തേയും സമ്പൂർണമായ നിലയിൽ സ്ഥാപിച്ചുകൊണ്ട് അതിന്റെ മഹത്ത്വവും സ്നേഹവും ജനമനസ്സുകളിൽ നിലനിറുത്തുകയും ചെയ്യുന്നു. ശക്തിമത്തും അജയ്യവുമായ പ്രവചനങ്ങൾ വേരുകളായുള്ള അടയാളങ്ങളാൽ, ദൈവാസ്തിക്യത്തിലും ഏകത്വത്തിലും അവന്റെ സൗന്ദര്യപരവും പ്രതാപപരവുമായ സവിശേഷ ഗുണത്തിലും ദൃഢവിശ്വാസമുണ്ടാക്കുന്നതിന്റെ ഫലമായി മനുഷ്യൻ ദൈവത്തെ അവന്റെ അസ്തിത്വത്തിലും ഗുണങ്ങളിലും ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് അറിയുന്നു. ദൈവത്തിന്റെ വിശേഷഗുണങ്ങളും ആത്മീയമായ അഴകും അതിരറ്റ സൗന്ദര്യവും കണ്ട് അവനോടുള്ള സ്നേഹത്തിൽ മനുഷ്യൻ തന്നെത്തന്നെ നഷ്ടപ്പെടുത്തുന്നു. പിന്നീട് അവന്റെ മഹത്ത്വത്തിന്റെയും പ്രതാപത്തിന്റെയും സ്വാശ്രയത്വത്തിന്റെയുംമേൽ ദൃഷ്ടി പായിച്ച് അവനെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ നിലയിൽ ഓരോ ദിവസവും അവൻ ദൈവത്തിലേക്ക് വലിക്കപ്പെടുന്നു. എത്രത്തോളമെന്നാൽ താണ ബന്ധങ്ങളെല്ലാം വിച്ഛേദിച്ച് റൂഹ് അഥവാ ആത്മാവ് മാത്രം അവശേഷിക്കുന്നു. അവന്റെ ഉൾക്കളം മുഴുവൻ ദൈവസ്നേഹം കൊണ്ട് നിറയുന്നു. ദൈവത്തിന്റെ അസ്തിത്വം നേരിൽ ദർശിച്ചതിനാൽ അവന്റെ അസ്തിത്വത്തിന് ഒരു മരണം സംഭവിക്കുന്നു. ആ മരണത്തിനുശേഷം ഒരു പുതുജീവിതം അവൻ പ്രാപിക്കുന്നു. ആ ഫനായുടെ അഥവാ വിലയനത്തിന്റെ അവസ്ഥയിലാകുമ്പോഴാണ് അവന് തൗഹീദ് ലഭ്യമായി എന്ന് പറയപ്പെടുന്നത്. ഞാനെഴുതിയതുപോലെ മോക്ഷത്തിന്റെ ഉത്ഭവസ്ഥാനമായ ആ പരിപൂർണ തൗഹീദ് പരിപൂർണനായ നബിയെ പിൻപറ്റാതെ കരസ്ഥമാകുകയില്ല.

ഇപ്പറഞ്ഞതിൽനിന്ന് ദൈവദൂതനെ വിശ്വസിക്കൽ മൂലകാരണത്തെ വിശ്വസിക്കുന്നതുപോലെ തന്നെയാണെന്ന് മനസ്സിലാകുന്നു. അതിന്റെ പരസ്പര ബന്ധം ഒന്നിനെ മറ്റൊന്നിൽനിന്ന് വേർപ്പെടുത്താൻ സാധിക്കാത്തനിലയിലാണ്. ദൈവദൂതനെ അനുധാവനം ചെയ്യാതെ, തൗഹീദിന്റെ വാദം ഉന്നയിക്കുന്നവന്റെ കൈയിൽ ഉണങ്ങിയ എല്ലിൻ കഷണമാണുള്ളത്, അതിൽ മജ്ജയില്ല അവന്റെ കൈയിൽ വിളക്കുണ്ട് അതിൽ വെളിച്ചമില്ല. ദൈവത്തെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിക്കുകയും നബി(സ) തിരുമേനിയെ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവൻ മോക്ഷം പ്രാപിക്കുമെന്ന് പറയുന്ന ആൾ നിശ്ചയമായും മനസ്സിലാക്കട്ടെ– അവന്റെ ഹൃദയം കുഷ്ഠം പിടിപ്പെട്ടതാണ്. അവൻ അന്ധനാണ്. തൗഹീദ് എന്തു വസ്തുവാണെന്നതിനെ സംബന്ധിച്ച് അവനു ഒരു വിവരവുമില്ല. അങ്ങനെയുള്ള തൗഹീദ് അംഗീകരിക്കുന്ന കാര്യത്തിൽ ശയ്ത്വാൻ അവനെക്കാൾ നല്ലവനാണ്. കാരണം, ശയ്ത്വാൻ പാപിയും അനുസരണം കെട്ടവനാണെങ്കിൽപ്പോലും ദൈവമുണ്ടെന്നകാര്യം അംഗീകരിക്കുന്നു.[1] എന്നാൽ, ഇത്തരക്കാരൻ ദൈവത്തെയും അംഗീകരിക്കുന്നില്ല.

### നബിയെ പിൻപറ്റൽ അനിവാര്യം:

പറഞ്ഞുവന്നതിന്റെ ചുരുക്കം, ഒളിഞ്ഞിരിക്കുന്ന മൂർത്തദ്ദുകളാണ് നബി(സ) തിരുമേനിയെ വിശ്വസിക്കാതെ ഏകദൈവതത്ത്വത്തിൽ മാത്രം വിശ്വസിച്ചാൽ മോക്ഷം കിട്ടുമെന്ന് പറയുന്നവർ. യഥാർഥത്തിൽ അവർ ഇസ്‌ലാമിന്റെ ശത്രുക്കളാകുന്നു. മതത്തിൽനിന്ന് പുറത്തുചാടാൻ അവർ തങ്ങൾക്കായി ഒരു വഴി മെനഞ്ഞെടുത്തു. അവർക്ക് പിന്തുണ നൽകുകയെന്നത് മതബോധമുള്ളവരുടെ പ്രവൃത്തിയല്ല. നിർഭാഗ്യമെന്നു പറയട്ടെ! മൗലവിയെന്നും പണ്ഡിതരെന്നും പറയുന്ന നമ്മുടെ എതിരാളികൾ അത്തരമാളുകളുടെ പ്രവർത്തനങ്ങളിൽ സന്തുഷ്ടരാകുന്നു. വാസ്തവത്തിൽ എന്നെ നിന്ദിക്കാനും അപകീർത്തിപ്പെടുത്താനുമുള്ള എന്തെങ്കിലും പഴുത് കിട്ടാനുണ്ടോ എന്ന് ഈ പാവത്തുങ്ങൾ സദാ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ, അവരുടെ നിർഭാഗ്യം കൊണ്ട് അവർ അവസാനം പരാജിതരാകുന്നു. അവർ ആദ്യമേ എനിക്കെതിരിൽ 'കുഫ്റ്' ഫത്‌വ തയ്യാറാക്കി. ഏകദേശം 200 മൗലവിമാർ അതിൽ ഒപ്പിടുകയും ഞാൻ കാഫിറാണെന്ന് തീർച്ചപ്പെടുത്തുകയും ചെയ്തു. എത്രത്തോളമെന്നാൽ ഇക്കൂട്ടർ കുഫറിൽ യഹൂദിനസ്വാറാക്കളെക്കാൾ അധഃപതിച്ചവരാണെന്നുകൂടി ഞങ്ങളെ സംബന്ധിച്ചെഴുതാൻ ആ ഫത്‌വകളിൽ ചില ആലിംകൾ മടിച്ചില്ല. 'ഇവരെ മുസ്‌ലിം ഖബ്റസ്താനിൽ മറയടക്കാൻ അനുവദിക്കരുതെന്നും ഇവർക്ക് സലാം പറയരുതെന്നും ഇവരുമായി ഹസ്തദാനം നടത്തരുതെന്നു'മുള്ള പൊതുവായ ഫത്‌വയും അവർ ഞങ്ങൾക്കെതിരിൽ നൽകി. 'കാഫിറായവരുടെ പിന്നിൽ നമസ്കരിക്കുന്നത് ശരിയല്ല. പള്ളികളിലും ഇവരെ കയറ്റിക്കൂടാ. കാരണം, പള്ളികൾ അതുമുഖേന അശുദ്ധമാകും. അഥവാ ഇവർ കയറിയാൽ പള്ളി കഴുകി വൃത്തിയാക്കേണ്ടതാണ്. ഇവരുടെ മുതലുകൾ കൊള്ളയടിക്കുന്നത് അനുവദനീയമാണ്. ഇവർ വധാർഹരുമാണ്. എന്തുകൊണ്ടെന്നാൽ യുദ്ധം ചെയ്യുന്ന മഹ്ദിയുടെ ആഗമനത്തേയും ജിഹാദിനേയും ഇവർ നിഷേധിക്കുന്നു.' ഇങ്ങനെയുള്ള ഇവരുടെ ഫത്‌വകളെല്ലാം നിലവിലിരുന്നിട്ടും നമുക്കെന്ത് ചേതമാണുണ്ടായത്? രാജ്യത്ത് ഈ ഫത്‌വകൾ പ്രചരിപ്പിച്ച ദിനങ്ങളിൽ വിരലിലെണ്ണാവുന്നവർ മാത്രമേ എനിക്ക് ബയ്അത്ത് ചെയ്തിരുന്നുള്ളൂ. എന്നാലിന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ അനുയായികൾ മൂന്നു ലക്ഷത്തിലേറെയായിക്കഴിഞ്ഞു. സത്യാന്വേഷികൾ വളരെ ആവേശത്തോടെ ഈ ജമാഅത്തിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നു. ഈ രീതിയിലാണോ സത്യവിശ്വാസികൾക്കെതിരിൽ അല്ലാഹു അവിശ്വാസികളെ സഹായിക്കാറുള്ളത്. കലിമ ചൊല്ലുന്ന 20 കോടി മുസ്‌ലിംകളെ നാം കാഫിറാക്കിയെന്നുള്ള നമുക്കെതിരായ ആരോപണവും പരിശോധിക്കുക! സത്യത്തിൽ നമ്മുടെ ഭാഗത്തുനിന്ന് അതിരുലംഘനമൊന്നും ഉണ്ടായിട്ടില്ല. അവരുടെ ആലിംകൾ തന്നെയാണ് നമുക്കെതിരിൽ കുഫ്റ് ഫത്‌വ വിധിച്ചത്. 'ഇവർ "കാഫിറാണെന്ന്' പറഞ്ഞ് പഞ്ചാബ് മുഴുവനും ഇന്ത്യയൊട്ടുക്കും നമുക്കെതിരിൽ മുറവിളി കൂട്ടി. ഇതുമുഖേന വിവരമില്ലാത്ത ആളുകൾ നമ്മോട് വെറുപ്പുള്ളവരായി. നേരിൽ എന്തെങ്കിലും ശാന്തമായി സംസാരിക്കുന്നതുപോലും അവരുടെ പക്കൽ പാപമായിത്തീർന്നു. അവരെ കാഫിറാക്കിയത് നാമാണെന്നതിന് തെളിവ് നല്കുവാൻ ഏതെങ്കിലും മൗലവിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും എതിരാളിക്കോ അല്ലെങ്കിൽ മത ഗുരുക്കന്മാരുടെ പദവിയിലിരിക്കുന്ന ആർക്കെങ്കിലുമോ സാധിക്കുമോ? നമുക്കെതിരിലുള്ള കുഫ്റ് ഫത്‌വ പുറത്തുവരുന്നതിനു മുമ്പേ, നമ്മെ എതിർക്കുന്ന മുസ്‌ലിംകൾ സത്യനിഷേധികളാണെന്നു പറഞ്ഞുകൊണ്ട് നോട്ടീസോ, വിജ്ഞാപനമോ, ലഘുലേഖയോ നാം ഇറക്കിയിട്ടുണ്ടെങ്കിൽ അവരത് ഹാജരാക്കട്ടെ. ഇതിന് സാധിക്കുന്നില്ലെങ്കിൽ നമ്മെ കാഫിറാക്കുകയും എന്നിട്ട് ഞാനാണ് എല്ലാ മുസ്‌ലിംകളെയും കാഫിറാക്കിയതെന്ന് ആരോപണം ഉന്നയിക്കുകയും ചെയ്യുന്നത് എത്ര മാത്രം കൊടിയവഞ്ചനയാണ്? കൊടിയ വഞ്ചന

1. ശയ്ത്വാന് ദൈവത്തിന്റെ അസ്തിത്വത്തിലും ഏകത്വത്തിലും വിശ്വാസമുണ്ടായിട്ടും ദൈവത്തിനോട് അനുസരണക്കേട് കാണിക്കുന്നതെന്തിനാണ് എന്നാരെങ്കിലും ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി ഇതാണ്: അവന്റെ ധിക്കാരം മനുഷ്യന്റെ ധിക്കാരം പോലെയല്ല. മറിച്ച് അവൻ, അതേ ശീലത്തിൽ മനുഷ്യന്റെ പരീക്ഷണത്തിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവനാണ്. ഇതൊരു രഹസ്യമായ കാര്യമാണ്. ഇതിന്റെ വിശദീകരണം മനുഷ്യന് നൽകപ്പെട്ടിട്ടില്ല. മനുഷ്യന്റെ പ്രത്യേകത അധികവും ഏറ്റവും ശ്രേഷ്ഠവുമായ നിലയിൽ ദൈവത്തെക്കുറിച്ച് സമ്പൂർണമായ അറിവ് സമ്പാദിച്ചുകൊണ്ട് സന്മാർഗം പ്രാപിക്കുകയെന്നതാണ്. അല്ലാഹു പറഞ്ഞതുപോലെ 'അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ.' അതേ! ശയ്ത്വാന് വിധേയരായി കഴിയുന്നവർ ഈ നിയമത്തിന് പുറത്താണ്.

### ഹദീസുന്നബവി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബവി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക."**
**(സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 23-30 August 2018 Issue-34-35

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

യും വലിയ കളവും സത്യത്തിന് നിരക്കാത്ത അപവാദവും എത്രമാത്രം ഹൃദയഭേദകമല്ലേ! തങ്ങളുടെ ഫത്‌വകൾ മുഖേന ഞങ്ങളെ കാഫിറാക്കി മുദ്ര കുത്തുകയും എന്നിട്ട്, ആരെങ്കിലും മുസ്‌ലിമിനെ കാഫിറാക്കിയാൽ ആ കുഫ്ർ അവനിലേക്കുതന്നെ മടങ്ങും എന്ന യാഥാർഥ്യം സ്വയം അംഗീകരിക്കുകയും ചെയ്യുമ്പോൾ, അവരുടെ അംഗീകൃത തത്ത്വ പ്രകാരംതന്നെ അവർ സത്യനിഷേധികളാണെന്നു പറയാനുള്ള അവകാശം നമുക്കുണ്ടെന്ന് അവർക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.

ചുരുക്കത്തിൽ അക്കൂട്ടർ കുറച്ച് നാൾവരെ ഞങ്ങൾ കാഫിറാണെന്ന വ്യാജോക്തിപരമായ സന്തോഷത്താൽ തങ്ങളുടെ ഹൃദയങ്ങളെ തൃപ്തിപ്പെടുത്തി. പിന്നീട് ആ സന്തോഷം ചീഞ്ഞു പോവുകയും അല്ലാഹു നമ്മുടെ ജമാഅത്തിനെ രാജ്യമൊട്ടാകെ പരത്തുകയും ചെയ്തപ്പോൾ മറ്റേതെങ്കിലും പദ്ധതിയുണ്ടോ എന്ന് അവർ അന്വേഷിക്കാൻ തുടങ്ങി.

അപ്പോൾ ആ ദിനങ്ങളിൽ എന്റെ പ്രവചനമനുസരിച്ച് ആര്യസമാജി നേതാവായ ലേഖ്റാമിനെ ആ പറയപ്പെട്ട കാലയളവിനുള്ളിൽത്തന്നെ ആരോ വധിച്ചുകളഞ്ഞു. എന്നാൽ, നിർഭാഗ്യമെന്നു പറയട്ടെ, പ്രവചനം പൂർത്തിയായെന്നും ഇസ്‌ലാമി കാടയാളം വെളിപ്പെട്ടുവെന്നുമുള്ള ചിന്ത ഒരൊറ്റ മൗലവിക്കും ഉണ്ടായില്ല. മറിച്ച് അവരിലുള്ള ചിലർ പ്രവചനം ചെയ്തയാളെ സർക്കാർ കസ്റ്റഡിയിലെടുക്കാത്തതെന്താണെന്ന് പലപ്രാവശ്യം സർക്കാരിനെ ഓർമപ്പെടുത്തുകയാണ് ചെയ്തത്. എന്നാൽ, ആ ആഗ്രഹവും പൂവണിഞ്ഞില്ല. അവർ നിരാശപ്പെട്ടവരായി. മാർഗഭ്രംശത്താൽ നാശമാണ് അവർക്ക് ഒടുമുതലായത്.

പിന്നെ കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഡോക്ടർ പാതിരി മാർട്ടിൻ ക്ലാർക്ക് ഒരു വധോദ്യമക്കേസ് എനിക്കെതിരിൽ ഫയൽ ചെയ്തു. പിന്നെത്തെ കാര്യം പറയാനുണ്ടോ? അടക്കാനാവാത്ത സന്തോഷത്താൽ അവർ മതിമറന്നു. ചില പള്ളികളിൽ എനിക്ക് വധശിക്ഷ കിട്ടാനായി സുജൂദിൽ കിടന്നുള്ള ദുആകൾപോലും നടന്നു. അവർ സുജൂദിൽ കിടന്ന് പ്രാർഥിച്ച് പ്രാർഥിച്ച് അവരുടെ മൂക്ക് തേഞ്ഞുവെങ്കിലും അല്ലാഹു എനിക്ക് നൽകിയ വാഗ്ദാനം, ആദ്യമേ പ്രകാശനം ചെയ്തതുപോലെ പൂർത്തിയാവുകയും ഞാൻ മാന്യതയോടെ മോചിതനാവുകയുമാണുണ്ടായത്. ഞാൻ ഇഷ്ടപ്പെടുന്നെങ്കിൽ ഈ ക്രിസ്ത്യാനികൾക്കെതിരിൽ കേസ് കൊടുക്കാമെന്നുള്ള അനുവാദവും എനിക്ക് നൽകപ്പെട്ടു. ഞാൻ ശിക്ഷിക്കപ്പെട്ടു കാണണമെന്ന് അതിയായി ആഗ്രഹിച്ച നമ്മുടെ എതിരിലുള്ള മൗലവിമാരും അവരുടെ അനുയായികളും ഇതിലും പരാജയപ്പെടുകതന്നെ ചെയ്തു.

കുറച്ചുനാളുകൾക്കുശേഷം കരംദീൻ എന്ന് പേരുള്ള മൗലവി ഗുരുദാസ്പൂർ കോടതിയിൽ എനിക്കെതിരെ ഒരു ക്രിമിനൽ കേസ് കൊടുത്തു. എന്റെ എതിർമൗലവിമാർ അതിനെ പിന്താങ്ങി. അഡീഷണൽ അസിസ്റ്റന്റ് കമ്മീഷണർ ആത്മാറാമിന്റെ കോടതിയിൽപോയി അവർ എനിക്കെതിരിൽ സാക്ഷി പറഞ്ഞു. കഴിവിന്റെ പരമാവധി അവർ പയറ്റിനോക്കി. ഇത്തവണ എന്തായാലും വിജയിക്കുമെന്ന് അവർക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്നു. ആത്മാറാം ആണെങ്കിൽ കേസ് കൂലങ്കഷമായി പഠിക്കാതെ തന്റെ വിവരമില്ലായ്മ നിമിത്തം എനിക്ക് തടവുശിക്ഷവിധിക്കാൻ സന്നദ്ധനാവുകയായിരുന്നു. അപ്പോൾ, ആത്മാറാമിനെ തന്റെ മക്കളിൽനിന്ന് വേർപ്പെടുത്തുമെന്ന് അല്ലാഹു എന്നെ അറിയിച്ചു. ഈ ദർശനം ഞാൻ ജമാഅത്തിനെ കേൾപ്പിച്ചു. ഏകദേശം 20, 25 ദിവസത്തിനുള്ളിൽ അയാളുടെ രണ്ടു പുത്രന്മാർ അയാളിൽനിന്നു വിടപറഞ്ഞു. എനിക്ക് തടവ് ശിക്ഷനൽകാൻ ആത്മാറാമിന് കഴിഞ്ഞതുമില്ല. തടവ് വിധിക്കാൻ അയാൾ തുടക്കം കുറിച്ചതാണ്. എന്നാൽ, അവസാനം അയാളെ ആ കൃത്യത്തിൽനിന്ന് അല്ലാഹു തടഞ്ഞു എങ്കിലും 700 രൂപ എനിക്ക് പിഴയിട്ടു. എന്നാൽ മേൽക്കോടതി എന്നെ മാന്യതയോടെ കുറ്റവിമുക്തനാക്കി. കരംദീന്റെമേൽ ശിക്ഷ നിലനിന്നു. പിഴ എനിക്കു മടക്കിത്തന്നു. പക്ഷേ, ആത്മാറാമിന്റെ മക്കൾ മടങ്ങിവന്നില്ല.

കരംദീൻ കേസിൽ ഏതൊരു സന്തോഷം കരസ്ഥമാക്കാൻ നമ്മുടെ മൗലവിമാർ ആഗ്രഹിച്ചിരുന്നുവോ അതു പൂർത്തിയായില്ല. എന്റെ ഗ്രന്ഥമായ മവാഹിബുർറഹ്‌മാനിൽ ഞാൻ മുമ്പേ എഴുതി പ്രസിദ്ധീകരിച്ച അല്ലാഹുവിന്റെ പ്രവചനമനുസരിച്ച് ഞാൻ കുറ്റവിമുക്തനായി, പിഴയും തിരിച്ചു നൽകപ്പെട്ടു. എനിക്കെതിരിൽ വിധി പറഞ്ഞ ആളോട് ആ വിധി ദുർബലപ്പെടുത്താൻ നിർദ്ദേശിച്ചതോടൊപ്പം, ആ വിധി ആയാൾ അനാവശ്യമായി പുറപ്പെടുവിച്ചതാണെന്ന് പറഞ്ഞ് അയാളെ കോടതി ശാസിക്കുകയും ചെയ്തു. എന്നാൽ, ഞാൻ മവാഹിബുർറഹ്‌മാനിൽ കാലേകൂട്ടി പ്രസദ്ധീകരിച്ചിരുന്നതുപോലെ കരംദീന് ശിക്ഷ കിട്ടി. കോടതിയുടെ നിർദ്ദേശത്താൽ അയാൾ പെരുംനുണയനാണെന്ന് രേഖപ്പെടുത്തപ്പെട്ടു. നമ്മുടെ എതിരിൽ നിൽക്കുന്ന എല്ലാ മൗലവിമാരും തങ്ങളുടെ ഉദ്ദേശ്യത്തിൽ പരാജിതരായി. അഹോ കഷ്ടം! എന്റെ എതിരാളികൾക്ക് ഇത്രമാത്രം പരാജയമുണ്ടായിട്ടും എന്നെ സംബന്ധിച്ച് 'ഇയാളുടെ പിന്നിൽ ഒരു കൈ പ്രവർത്തിക്കുന്നുണ്ടെന്നും ആ കൈയാണ് അവരുടെ എല്ലാ ആക്രമണങ്ങളിൽനിന്നും ഇയാളെ രക്ഷിക്കുന്നതെന്നുമുള്ള ചിന്ത ഒരിക്കലും അവർക്കുണ്ടായില്ല. അവർ നിർഭാഗ്യരല്ലായിരുന്നെങ്കിൽ, അവരിൽനിന്ന് ആക്രമണമുണ്ടായപ്പോഴെല്ലാം അവരുടെ ദ്രോഹത്തിൽനിന്ന് അല്ലാഹു എന്നെ രക്ഷിച്ചത് അവർക്കൊരു 'മുഅ്ജിസത്ത്'ാകുമായിരുന്നു. രക്ഷിച്ചുവെന്ന് മാത്രമല്ല, രക്ഷിക്കുമെന്നുള്ള അറിയിപ്പ് മുൻകൂട്ടി തന്നുകൊണ്ടാണ് രക്ഷിച്ചത്. ഓരോ തവണയും ഓരോ കേസിന്റെ അവസരത്തിലും ഞാൻ നിന്നെ രക്ഷിക്കുമെന്ന് അല്ലാഹു എന്നെ അറിയിച്ചുകൊണ്ടിരുന്നു. അങ്ങനെ അവൻ തന്റെ വാഗ്ദാനമനുസരിച്ച് എന്നെ കാത്തുരക്ഷിച്ചു. ഒരു ഭാഗത്ത് ലോകം മുഴുവൻ എന്നെ നശിപ്പിക്കുന്നതിനു വേണ്ടി ഒറ്റക്കെട്ടായിരുന്നു. മറുഭാഗത്ത് ആ സർവശക്തനായ അല്ലാഹു അവരുടെ എല്ലാ ആക്രമണങ്ങളിൽനിന്നും എന്നെ രക്ഷിക്കുന്നു. ഇതാണ് അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിന്റെ അടയാളം.

എന്റെ ശിഷ്യനായിരുന്ന ചിരാഗ്ദീൻ ജമ്മൂനി മുർത്തദ്ദായപ്പോൾ അഥവാ പുറത്തുപോയപ്പോൾ നമ്മുടെ എതിരാളികൾക്ക് സന്തോഷിക്കാനുള്ള മറ്റൊരു അവസരം കൈവന്നു. അയാൾ നമ്മുടെ ജമാഅത്തിൽനിന്ന് പുറത്ത് പോയതിനുശേഷം അല്ലാഹുവിൽനിന്നുള്ള അറിയിപ്പ് പ്രകാരം, അല്ലാഹുവിന്റെ കോപത്തിന്നിരയായിട്ടായിരിക്കും അയാൾ നശിക്കുകയെന്ന് ഞാനെന്റെ ദാഫിഉൽ ബലാഅ് വ മിഅ്‌യാരെ അഹ്‌ലുൽ ഇസ്തിഫാ എന്ന ചെറുഗ്രന്ഥത്തിൽ പ്രസദ്ധീകരിച്ചിരുന്നു. ചില മൗലവിമാർ എന്നോടുള്ള പിടിവാശി ഒന്നുകൊണ്ടുമാത്രം അയാളോടു കൂട്ടുകൂടി. അങ്ങനെ അയാളൊരു ഗ്രന്ഥമെഴുതി. അതിന് മിനാരത്തുൽമസീഹെന്ന് പേരുവെച്ചു. അതിൽ ഞാൻ ദജ്ജാലാണെന്ന് അയാളെഴുതി. തന്റെ ഇൽഹാമുകളും പ്രസിദ്ധപ്പെടുത്തി. അയാൾ പറഞ്ഞു: "ഞാൻ റസൂലാണ്. അല്ലാഹുവിന്റെ മുർസലിംകളിൽ ഒരു മുർസലാണ്. ഈ ദജ്ജാലിനെ(എന്നെ) വധിക്കുന്നതിനായി ഹദ്റത്ത് ഈസാ എനിക്കൊരു വടി തന്നിരിക്കുന്നു.' ഞാൻ ദജ്ജാലാണെന്നും അയാളുടെ കൈയാൽ ഞാൻ നശിക്കുമെന്നുമുള്ള വിവരണമാണ് മിനാരത്തുൽമസീഹ് എന്ന ഗ്രന്ഥത്തിന്റെ പകുതിഭാഗവും. ഈ വാർത്ത തനിക്ക് അല്ലാഹുവും ഈസായും നൽകിയിരിക്കുന്നുവെന്നു അയാളെഴുതി. അതിന്റെ പര്യവസാനമെന്താണെന്ന് നിങ്ങൾ അറിഞ്ഞിട്ടുണ്ടാകും. ഈ വ്യക്തി 1906 ഏപ്രിൽ നാലാം തിയ്യതി തന്റെ രണ്ടു പുത്രന്മാരോടൊപ്പം പ്ലേഗിന്നിരയായിക്കൊണ്ട് എന്റെ പ്രവചനത്തിന്റെ സാക്ഷിയായി. ദയനീയമായി അയാൾക്ക് ജീവൻ ഉപേക്ഷിക്കേണ്ടിവന്നു. മരിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ ഞാനുമായി മുബാഹല നടത്താൻ അയാളൊരു രേഖ തയ്യാറാക്കിയിരുന്നു. എന്റേയും അയാളുടേയും പേരെടുത്തെഴുതിക്കൊണ്ട് അല്ലാഹുവിനോട് അയാൾ ദുആ ചെയ്തു:'ഞങ്ങളിരുവരിൽ ആരാണോ കളവ് പറയുന്നത് അയാൾ നശിക്കട്ടെ' എന്നായിരുന്നു അത്. അല്ലാഹുവിന്റെ ശക്തി നോക്കുക. ആ രേഖ എഴുത്തുകാരന്റെ കൈയിലെത്തി അയാൾ എഴുതാൻ തുടങ്ങിയതേയുള്ളൂ. ചിരാഗ്ദീൻ തന്റെ പുത്രന്മാരോടൊപ്പം അതേ ദിവസംതന്നെ എന്നെന്നേക്കുമായി യാത്രയായി. 'ഫഅ്തബിറൂ യാ ഉലിൽ അബ്സ്വാർ(59:3)അതുകൊണ്ട് കണ്ണുള്ളവരെ നിങ്ങൾ പാഠം പഠിച്ചുകൊള്ളുക.'

എന്നെ ദജ്ജാലെന്ന് പറയുന്ന എന്റെ എതിരാളികളായ ഇൽഹാമുവാദികളുടെ അവസ്ഥയാണിത്. അത്തരക്കാരുടെ പര്യവസാനം ആരും തന്നെ ചിന്തിക്കുന്നില്ല. മുർത്തദ്ദായിപ്പോയ ചിരാഗ്ദീന്റെ പിന്നാലെ പോയിട്ടും മൗലവിമാർക്ക് തങ്ങളുടെ ലക്ഷ്യം പ്രാപിക്കാനായില്ല.

(തുടരും)

## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്‌മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin